

# 'എൻ്റെ പ്രകടനങ്ങൾ'

റാഫേൽ വല്ലച്ചിറ

# എന്റെ പ്രകടനങ്ങൾ

റാഫേൽ വല്ലച്ചിറ

DHARMARAM COLLEGE
LIBRARY
BANGALORE-29

DHARMARAM COLLEGE LIBRARY
Ac. No. 61396
Call No. T 62:1
V24

MALAYALAM

ENDE PRAKADANAMGAL

By Raphel Vallachira

First Edition — 1995

Printed at: —
K. C. M. Press
Karikkamuri, Kochi - 682 011

Given to Library

# സമർപ്പണം

ഇപ്പോഴും എന്നെ ആത്മാർത്ഥമായി സ്നേഹിക്കുന്ന

സി.എം.ഐ. സഭയുടെ ബ. അംഗങ്ങൾക്കുവേണ്ടി

# ആമുഖം

ഒരു നല്ല പിതാവ് നൽകിയ സമ്പാദ്യമാണ് നമ്മിലും നമ്മുടെ ചുററിലും നാം കാണുന്നത്. പിതാവിൻെറ സമ്പാദ്യം മുഴുവൻ നമ്മുടെ ഇടയിൽ പങ്കുവെച്ചു. അതിനെക്കുറിച്ച് അല്പം ഞാനറിഞ്ഞപ്പോഠം നിങ്ങളോട് പറയാൻ ആഗ്രഹിച്ചു. അതാണ് "**എൻെറ പ്രകടനങ്ങൾ**" എന്ന ഈ പുസ്തകം.

യേശുവിലൂടെ മാത്രമാണ് അല്പം ഈ നല്ല പിതാവിനെക്കുറിച്ച് ഞാനറിഞ്ഞത്. ആ ദിവ്യമായ അനുഭവം എനിക്ക് '**വഴിയും സത്യവും ജീവനു**'മായി എന്നെ നടത്തുന്നു, നയിക്കുന്നു. പോററുന്നു. എൻെറ സാമൂഹികമായ ഉഠംക്കാഴ്ച ലോകത്തിൻെറ പ്രകാശമായ യേശുവിനെ കണ്ടുകൊണ്ടായിരുന്നു. ഈ ആവിഷ്കാരങ്ങളിലൂടെ ഈ യാഥാർത്ഥ്യം അല്പം നിങ്ങഠംക്ക് കിട്ടിയാൽ ഞാൻ ചാരിതാർത്ഥ്യമുള്ളവനായിരിക്കും.

പുസ്തകത്താളുകഠം മറിച്ചുനോക്കുമ്പോഠം മൊത്തം 8 ഏകാങ്കങ്ങളും 2 മോണോആക്ററുകളും 2 രംഗപൂജകളും 2 കഥാപ്രസംഗങ്ങളും ഒരു ബാലെയും ഇതിലുഠംക്കൊള്ളിച്ചിട്ടുണ്ട്. ഈ സൃഷ്ടികളെല്ലാം പല കോളേജുകളിലും സ്കൂളുകളിലും അങ്ങേയററം കലാനിലവാരം പുലർത്തിയിട്ടുണ്ട്.

ഈ പുസ്തകത്തിൻെറ പ്രാകാശനത്തിനുവേണ്ടി എന്നെ സഹായിച്ച എല്ലാവരോടും – നന്ദി, കൂപ്പുകൈ.

**റാഫേൽ വല്ലച്ചിറ**

# അവതാരിക

അനുഗ്രഹീത കലാകാരനും എന്റെ സ്നേഹിതനുമായ റാഫേൽ വല്ലച്ചിറയുടെ ഈ പ്രഥമ കലാസൃഷ്ടി അനുവാചകർക്ക് പരിചയപ്പെടുത്തുവാൻ അനല്പമായ സന്തോഷമുണ്ട്. ഇതിൽ രണ്ടു രംഗ പൂജകളും രണ്ടു മോണോ ആക്ടുകളും ഒരു ബാലേയും എട്ടു ലഘു നാടകങ്ങളും രണ്ടു കഥാപ്രസംഗങ്ങളും ചേർത്തിരിക്കുന്നു. കഴിഞ്ഞ അഞ്ചു വർഷമായി കേരളത്തിലെ പല സ്കൂൾ, കോളേജ്, ദേവാലയവേദികളിൽ അരങ്ങേറിയിട്ടുള്ള വിവിധ കലാസൃഷ്ടികളിൽ നിന്ന് തിരഞ്ഞെടുത്തതാണ് ഇവ.

റാഫേലിന്റെ കലാസൃഷ്ടികളുടെ വശ്യത ഒന്നു പ്രത്യേകമാണ്. കാഴ്ചക്കാരെ അത്ഭുതസ്തബ്ധരായി പിടിച്ചിരുത്തുവാൻ പററിയ സാങ്കേതിക വിദ്യകളും ചിന്തിപ്പിക്കുവാൻ ഉതകുന്ന ഉന്നതമായ ആശയങ്ങളും സമ്യക്കായി കോർത്തിണക്കുന്നു എന്നതാണ് അവയുടെ പ്രത്യേകത. ഉന്നത ആശയങ്ങൾ ലളിതമായ കലാമാദ്ധ്യമങ്ങളിലൂടെ അവതരിപ്പിക്കുന്നു. അദ്ദേഹം രൂപകല്പന ചെയ്ത ഏതെങ്കിലും കലാസൃഷ്ടി ഒന്നുകണ്ടാൽ മതി ഇതു് അനുഭവമാകാൻ.

റാഫേലിന് സ്വന്തമായ ഒരു ട്രൂപ്പില്ല. സ്കൂളിലോ കോളേജിലോ ഇടവകയിലോ ക്ലബ്ബിലോ പരിപാടി അവതരിപ്പിക്കുവാൻ ക്ഷണിക്കപ്പെട്ടാൽ, അദ്ദേഹം സ്ഥലത്തെ കൊച്ചു കലാകാരന്മാരേയും കലാകാരികളേയും തിരഞ്ഞെടുത്ത് ഏതാനും ദിവസത്തെ പരിശീലനം നൽകുന്നു. സാധാരണ അദ്ദേഹം പിന്നണിയിൽ പ്രവർത്തിക്കുന്നു. ഈ വിധമുള്ള കലാശില്പാവതരണം വളരെ അസാധാരണമാണ്.

അനുഗ്രഹീത ഗായകനും—സ്നേഹിതർ 'കിഷോർ കുമാർ' എന്നാണ് വിളിച്ചിരുന്നത്—കലാസംവിധായകനുമായ മി. റാഫേൽ വല്ലച്ചിറയുടെ സേവനങ്ങൾ എല്ലാ കലാപ്രേമികളും പ്രോത്സാഹിപ്പിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

നമ്മുടെ വിദ്യാർത്ഥിനി വിദ്യാർത്ഥികളിൽ ഉറങ്ങിക്കിടക്കുന്ന കലാപ്രതിഭ തട്ടിയുണർത്തുവാൻ ആഗ്രഹിക്കുന്ന എല്ലാ നല്ല മനുഷ്യർക്കും മി. റാഫേൽ വല്ലച്ചിറ ഒരു സ്നേഹിതനും തത്വശാസ്ത്രിയും മാർഗ്ഗനിർദ്ദേശിയുമായിരിക്കും.

**ഫാ. സെബാസ്ററ്യൻ പൂണോളി,**
**സി. എം. ഐ.**
വിക്കർ ജനറാൾ

എറണാകുളം
8. 2. 1995

# ആശംസകൾ

*The Diocese of Irinjalakuda*

BISHOP'S HOUSE
P. B. No. : 59
Irinjalakuda 680121
Kerala, India.
Date : 27 - 8 - 88

A. M. D. G.

ശ്രീ വല്ലച്ചിറ റാഫേൽ നല്ലൊരു കാഥികനാണ്. കലാമൂല്യവും ആശയവും അടങ്ങുന്ന ഗാനവും നൃത്തവും അഭിനയവുംവഴി ശ്രോതാക്കളേയും കാണികളേയുംആകർഷിക്കുവാനും സംസ്കരിക്കുവാനും അദ്ദേഹത്തിനു് കഴിയുന്നു. ചില സ്ഥാപനങ്ങളിൽ അദ്ദേഹം സംവിധാനം ചെയ്തതും അവതരിപ്പിച്ചതുമായ കലാവിരുന്നു് തീർത്തും ആസ്വാദ്യജനകവും ഉത്തേജനാത്മകവുമായിരുന്നുവെന്നു് മനസ്സിലാക്കുന്നു. എല്ലാ ഭാവുകങ്ങളും അനുഗ്രഹാശിസുകളോടെ, ശ്രീ. റാഫേലിനു് ആശംസിക്കുന്നു.

† **Bp. James Pazhayattil**
Diocese of Irinjalakuda.

✠

വൈവിധ്യമാർന്ന ആധുനിക കലാ മാദ്ധ്യമങ്ങൾക്ക് ജനഹൃദയങ്ങളെ സ്വാധീനിക്കാനുള്ള കഴിവ് ഇന്നു് സർവ്വത്ര അംഗീകരിക്കപ്പെട്ടുവരികയാണ്. ഈ മാദ്ധ്യമങ്ങളുപയോഗിച്ച് ക്രൈസ്തവ വിശ്വാസവും ആദർശങ്ങളും ജനഹൃദയങ്ങളിൽ ആഴത്തിൽ പതിയത്തക്ക വിധത്തിൽ സുവിശേഷ പ്രഘോഷണം നടത്താനുള്ള പരിശ്രമങ്ങളെ സഭ ഇന്നു് വളരെ പ്രോത്സാഹിപ്പിച്ചുവരുന്നുണ്ട്.

ശ്രീ റാഫേൽ വല്ലച്ചിറ ഈ രംഗത്ത് വളരെ വിജയകരമായ രീതിയിൽ പ്രവർത്തിച്ചുവരുന്നയാളാണ് എന്നാണ് എനിക്കു മനസ്സിലാക്കാൻ കഴിഞ്ഞിട്ടുള്ളത്. അതുകൊണ്ട് അദ്ദേഹത്തിൻെറ പരിശ്രമങ്ങളെ ആവുന്നത്ര പ്രോത്സാഹിപ്പിക്കണമെന്നു് താല്പര്യപ്പെടുന്നു.

എന്നു്

തൃശ്ശൂർ,
7–3–1988

**മാർ ജോസഫ് കുണ്ടുകുളം**
തൃശ്ശൂർ രൂപതയുടെ മെത്രാൻ

മി. റാഫേൽ വല്ലച്ചിറയുടെ 'എൻെറ പ്രകടനങ്ങൾ' എന്ന പുസ്തകം ഞാൻവായിച്ചു. പല തരം നാടകങ്ങളാണ് അതിലെ ഉള്ളടക്കം. എല്ലാത്തിനുമുണ്ടൊരു പുതുമ. ചിലവ രംഗത്ത് അവതരിപ്പിച്ചു ഫലിപ്പിക്കാൻ പ്രയാസമുള്ളവയാണെന്നു തോന്നാം. എന്നാൽ മി. റാഫേലിൻെറ കൈ വിരുതിൽ ആ പ്രയാസങ്ങളെല്ലാം ഉരുകിപ്പോകുന്നു. അദ്ദേഹത്തിൻെറ 'സംവിധായകൻ' എന്ന ചെറുനാടകം കാണാനിടയായി. അതു വളരെ തന്മയത്വത്തോടുകൂടെ അവതരിപ്പിച്ചതിൽ അദ്ദേഹത്തെ ഞാൻ അഭിനന്ദിക്കുന്നു. അതിൻെറ വിജയത്തിനു ലൈററിനു വലിയൊരു പങ്കുണ്ടായിരുന്നു എന്നതു പ്രത്യേകം പ്രസ്താവ്യമാണ്.

ജീവിതഗന്ധിയായ അനേകം സംഭാഷണങ്ങൾ ഈ കൃതിയെ ആകർഷകമാക്കുന്നു. നാടകലോകത്തിന് ഈ ഗ്രന്ഥം ഒരു മുതൽക്കൂട്ടാണെന്നുള്ളതിനു സംശയമില്ല. ഗ്രന്ഥത്തിനും ഗ്രന്ഥകർത്താവിനും എൻെറ ആശംസകൾ.

Fr. Abel C. M. I.
President, Kalabhavan

ശ്രീ റാഫേൽ വല്ലച്ചിറ ഒരു പുതിയ കലാ സങ്കേതവുമായി യുവചൈതന്യത്തിൻെറ ബോധതലങ്ങളിൽ തരംഗങ്ങൾ സൃഷ്ടിച്ച് മുന്നേറുന്നു. മനുഷ്യനെ എക്കാലത്തും ആകർഷിച്ച വിവിധ കലകളുടേയും ആധുനിക ടെക്നോളജിയുടേയും മനോഹരമായ സങ്കലനമാണ് അദ്ദേഹത്തിൻെറ കലാപ്രകടനങ്ങൾ.

നല്ലവനായ മനുഷ്യനിൽ വിശ്വസിക്കുന്ന നല്ലവർ ഈ കലയെ അറിയണം ആസ്വദിക്കണം ആദരിക്കണം; അതൊരു കടപ്പാടാണ് – നമുക്ക് നമ്മോടുള്ള കടപ്പാട്.

**Sr. Felicitta**
Principal
St. Mary's College, Trisur

# ഉള്ളടക്കം


പേജ്

*രംഗപൂജ*

1. ഈശ്വരനെ വന്ദിക്കണം ... 1
2. നിസ്വാർത്ഥ സേവനം തൃപ്തിയുള്ള വേതനം ... 6

*മോണോ ആക്ററ്*

3. ഇതു നീതിയോ? ... 9
4. ഉണരൂ ഉണരൂ ... 11

*ബാലെ*

5. വിമോചകൻ ... 13

*നാടകം*

1. സംവിധായകൻ ... 19
2. ഗുരുനാഥൻ ... 32
3. എഴുത്ത് ... 43
4. മേള ... 52
5. നീതിപീഠം ... 60
6. ജാഗരണം ... 67
7. പ്രവൃത്തി പരിചയം ... 72
8. ഗ്രേസ് മാർക്ക് ... 79

*കഥാപ്രസംഗം*

1. മോസസ് പ്രവാചകൻ ... 85
2. മിണ്ടാപ്രാണികൾ ... 90

# 1. ഈശ്വരനെ വന്ദിക്കണം

## രംഗപൂജ

കമൻററി:– പഞ്ചശീലങ്ങരം അഞ്ചെണ്ണമാണ്. അതിൽ ഏററവും ശ്രേഷ്ഠമായതു് എഴന്നേററ ഉടനെ ''ഈശ്വരനെ വന്ദിക്കണം.'' ഉറക്കത്തിൽനിന്നും ഉണർത്താൻ പ്രകൃതി നമ്മെ വിളിക്കാൻ തുടങ്ങുന്നു (കോഴി കൂവുന്നു).

(രംഗത്തു നിറയെ പലതരം പക്ഷികരം. അവ സ്വരമുണ്ടാക്കുന്നു).

കമൻററി:– ഈ പറവകരം പുലർവേളയിൽ നമ്മെ ഉണർത്താനായി എത്തുന്ന ഭൂമിയിലെ മാലാഖമാരാണ്. ഈശ്വരൻ പ്രകൃതിയിൽ രചിച്ചുവച്ചിരിക്കുന്ന ഇമ്പമേറിയ ഗാനവുമായി, നാദബ്രഹ്മത്തിൻെറ തന്ത്രികരം ഇവ മീട്ടുന്നു.

ഗാനം:– സരി, ഗ, മ, പ, പ, പ, ഗമപ, ധപരീ
വിശ്വഗീതം ആലപിക്കും ഗായകർ വന്നു.

1. ആദിമുതൽക്കെ ഈശ്വരനാമങ്ങരം ആലപിക്കുന്നു;
പുലർവേളയിൽ ഉണരുണരൂ മാനവരേ, നിങ്ങരം,
കർമ്മഭൂമിയിതാ മാടി വിളിക്കുന്നു; സമ്മാനം
ഈ സുദിനം പൊൻസുദിനം.
വന്നണഞ്ഞല്ലോ – സരിഗമ ..... ..

(ഈ ഗാനസമയത്തു പക്ഷികരം നൃത്തം വെയ്ക്കുന്നു. ഗാനം തീരുമ്പോരം വി. ഫ്രാൻസിസ് അസ്സീസി കൈയിൽ പറവകളുമായി നിൽക്കുന്നു).

കമൻററി:– വി. ഫ്രാൻസിസ് അസ്സീസി ! വിശ്വസാഹോദര്യത്തിലേക്കു് ഉയന്ന ഈ ധന്യനോടൊപ്പം, പറവകരം പ്രഭാതത്തിൽ ഈശ്വരനെ സ്തുതിക്കാനും സദ്വാർത്തകരം കേരംക്കാനും എത്തിയിരിക്കുന്നു.

വി. ഫ്രാ:– നിങ്ങരം പക്ഷികളെ കാണൂ, അവ സ്വർഗ്ഗീയ താതനു് സ്തുതികരം ചൊല്ലുന്നു. സങ്കീർത്തനങ്ങരം ആലപിക്കുന്നു.

(സരിഗമ ...... എന്ന ഗാനം ആവർത്തിക്കുന്നു. ലൈററ് ഓഫ് എല്ലാം അപ്രത്യക്ഷം. സൂര്യൻ മെല്ലെ ഉദിച്ചുയരുന്നു. ഭൂവാകം മൃൂസിക്ക്)

കമൻററി:– കൂരിരുട്ടിൽനിന്നും ഈ വിശ്വത്തെ മോചിപ്പിക്കാൻ വിശ്വവിധാതാവു കത്തിച്ചുവെച്ച വിശ്വദീപം. ഇവിടെ ഈശ്വരൻ തൻെറ സാദൃശ്യം നമ്മിൽ അന്വേഷിക്കുന്നു, വിളിക്കുന്നു.

സ്വരം:– ഉണരുവിൻ, പ്രകാശത്തിൽ വ്യാപരിക്കുവിൻ.

നൃത്തഗാനം:– സൂര്യദേവനുയരുന്നിതാ
മാലോകർക്കെല്ലാം വെളിച്ചമേകി
പക്ഷിമൃഗാദികൾ വൃക്ഷലതാദികൾ
നിന്നിൽ നിർലോഭം തന്തുലിതരായ്
ആകാശം നിറയും നിൻ പ്രഭാപൂരം
അഖിലാണ്ഡം മുഴുവൻ കോരിത്തരിക്കുന്നു.

(ലൈററ് ഓഫ് എല്ലാം അപ്രത്യക്ഷം).
(രംഗത്തു നിറയെ പൂക്കൾ കാണുന്നു).

കമൻററി:–പുലർവേളയിൽ സമർപ്പണത്തിൻെറ നിറകുടങ്ങളുമായി ദൈവത്തെ വണങ്ങുന്ന പൂക്കൾ – ആനന്ദവും സൗന്ദര്യവും വാരി വിതറുന്ന ഈ പൂക്കൾ ഈ കണ്ണീർ താഴ്‌വരയിലെ സന്തോഷത്തിൻെറ ശ്രോതസ്സുകളാണ്. പ്രഭാതത്തിൽ നമ്മിൽ ചൈതന്യം പകരാൻ അവ കാത്തുനില്ക്കുന്നു.

ഗാനം:– പൂക്കൾ വിരിഞ്ഞുനിൽക്കും
ആശംസ നേരുന്നുയെങ്ങും
നമ്മെയെതിരേല്ക്കാനായ്
പുഞ്ചിരി തൂകി നിൽക്കും –

(വി. കൊച്ചുത്രേസ്യ, ക്രൂശിതരൂപം പൂക്കൾകൊണ്ടു അണിയിച്ചു നിൽക്കുന്നു).

കമൻററി:– വി. കൊച്ചുത്രേസ്യ! സ്വർഗ്ഗത്തിൽനിന്നും ഞാൻ റോസാപുഷ്പങ്ങൾ വർഷിക്കും എന്ന വിശുദ്ധയുടെ വാക്കുകൾ, മനോഹരമായ ഈ പൂക്കൾ സ്വർഗ്ഗീയ ചൈതന്യമല്ലേ? എന്നു നമ്മെ ഓർമ്മിപ്പിക്കുന്നു.

വിശുദ്ധ:– പൂക്കളെ നോക്കൂ, സ്വർഗ്ഗീയതാതൻ എത്ര മനോഹരമായി അവയെ അണിയിച്ചിരിക്കുന്നു.

(പൂക്കൾ ...... എന്ന ഗാനം ആവർത്തിക്കുന്നു). (എല്ലാം അപ്രത്യക്ഷം)

കമൻററി:– നാം കണ്ട പക്ഷികളും പൂക്കളും സൂര്യനുമെല്ലാം നമ്മെ വിളിക്കുന്നു. "എഴുന്നേററു് ഈശ്വരനെ സ്തുതിക്കുവിൻ" ഈ വിളി കേട്ട് ഉണരുന്നവർ:—

(രംഗത്തു്: ഋഷിവര്യന്മാർ താപസശ്രേഷ്ഠന്മാർ (2) പ്രവാചകന്മാർ (2)...
(തംബുരു മീട്ടുന്ന സ്വരം ഉണത്തുന്നു).

ഗാനം:– അസതോ മാസദ് ഗമയ
തമസോ മാ ജ്യോതിർ ഗമയ
മൃത്യോർമ്മ അമൃതം ഗമയ
(ഇവർ രംഗത്തു നിശ്ചലരാകുന്നു).

കമൻററി:– ഇനി കർമ്മരംഗത്തേയ്ക്കുള്ള നമ്മുടെ തുടക്കത്തിൽ വിവിധ ജോലിക്കാർ ''ഈശ്വരനെ വണങ്ങി'' തുടക്കം കുറിക്കുന്നു.
(ഒരു ആശാരി, പണിയായുധങ്ങളുമായി രംഗത്ത് വന്ന്, ആയുധങ്ങൾ എടുത്തു വെക്കുന്നു.)

ആശാരി:– ഈശ്വര (അല്പനേരം കൈകൾ കൂപ്പി; തുടന്ന് ആയുധങ്ങളെ തൊട്ടു വണങ്ങുന്നു; വാളെടുത്തു മരക്കഷ്ണം അറക്കുന്നു; നിശ്ചലനാകുന്നു).
നൃത്തക്കാരി ചുവടുകൾ വെച്ചു മെല്ലെ രംഗത്തു വരുന്നു, കൈ കൂപ്പി, നൃത്തമണ്ഡപം തൊട്ടു വണങ്ങുന്നു. ഒന്നു രണ്ടു ചുവടുകൾ വെച്ചു നിശ്ചലയാകുന്നു.
ഗിത്താറിസ്റ്റ് കടന്നു വരുന്നു. ഗിത്താറു നോട്ടുകൾ സ്റ്റാൻററിൽ വച്ച് അല്പനേരം പ്രാർത്ഥിക്കുന്നു. തുടന്ന് മോഡേൻ രീതിയിൽ സ്റ്റേജിൽ നടന്ന് ഒരു മ്യൂസിക് വായിക്കുന്നു – Still

കമൻററി:– ആശാരിയും നൃത്തക്കാരിയും ഗിത്താറിസ്റ്റും ഈശ്വരനെ വണങ്ങി ദിവസത്തിൻെറ തുടക്കം കുറിക്കുന്നു (ലൈററ് ഓഫ്; എല്ലാവരും അപ്രത്യക്ഷരാകുന്നു. ഒരു കർഷകൻ കയ്യിൽ മമ്മട്ടിയും ഒരു കർഷകസ്ത്രീ കൈയിൽ ഒരു കുട്ടയുമായി രംഗത്തു വരുന്നു. രണ്ടുപേരും പണിസാധനങ്ങൾ താഴെ വെച്ച് പ്രാത്ഥിച്ചു നിൽക്കുന്നു.)

കമൻററി:– ദൈവത്തിൽമാത്രം ശരണം തേടി കഴിയുന്നവർ ഇവിടെയുണ്ട് – കർഷകർ—

ഗാനം:– മഴയേകു ദൈവമേ, വേഗം
മഴയേകു സമയത്തിൽ-നീ
വിത്തു വിതക്കാനായ് മണ്ണിൽ
കനിഞ്ഞരുളൂ.
അർച്ചനയായ് അത്ഥിക്കുന്നു നിൻ
തിരുമുന്നിൽ — (2)
(ഇടിമിന്നൽ — ഇടിവെട്ട് — മഴ)

കമൻററി:– (രംഗത്തു മഴ വർഷിക്കുമ്പോഠ) ദൈവം അവരുടെ പ്രാർത്ഥനയ്ക്കു് ഉത്തരമരുളുന്നു – അവരെ അനുഗ്രഹിക്കുന്നു – ഈ അനുഭവം നിത്യേന ഇവിടെ ഉണ്ടാകുന്നു – (ലൈററ് ഓഫ്, എല്ലാം അപ്രത്യക്ഷം).

കുട്ടിയുടെ കരച്ചിൽ കേഠക്കുന്നു. ഒരു ചോരക്കുഞ്ഞു രംഗത്തു കിടന്നു പിടയുന്നു –

(ലൈററ് വരുന്നു)

മദർ തെരേസാ ആ കുട്ടിയെ എടുത്തു മാറോടു ചേർത്തു പിടിച്ചു്.

മദർ:- സകല ആശ്വാസങ്ങളുടെയും പിതാവേ, ഈ കുഞ്ഞിന്റെ സംരക്ഷിക്കാൻ ഭാഗ്യം ലഭിച്ചതിനു ഞാൻ അങ്ങേയ്ക്കു സ്തോത്രം ചെയ്യുന്നു; നന്ദി പറയുന്നു. അങ്ങയുടെ കോപം ഭൂമിയിൽ നിപതിക്കാതിരിക്കാൻ ഈ കുഞ്ഞിനെപ്രതി ഞാൻ യാചിക്കുന്നു–

(ഉടനെ മുകളിൽനിന്നു പ്രകാശം കുഞ്ഞിന്റെമേൽ വീഴുന്നു. Still)

യേശു:– (അശരീരി) നീ ചെറിയവരിൽ ചെയ്യപ്പോഴെല്ലാം എനിക്കു തന്നെയാണു ചെയ്യുന്നതു്.

കമൻററി:– ജീവിച്ചിരിക്കുന്ന ധന്യ – മദർ തെരേസ, ഇരുട്ടിലേക്കു വലിച്ചെറിയുന്ന ചോരക്കുഞ്ഞുങ്ങളെ, ലോകം അവഗണിച്ചവരെ അന്വേഷിച്ചു കണ്ടെത്തി, ദൈവസമക്ഷം സമർപ്പിച്ചു ധന്യത നിലനിറുത്തുന്നു. നിന്റെ ഏററവും വലിയ പ്രാർത്ഥന ഇതല്ലേ –? ഒരു ശിശു സകല തിന്മകഠക്കും അതീതനാണു്. അവനെ ശുശ്രൂഷിക്കുക, അഭയമരുളുക ഏററവും വലിയ പ്രാർത്ഥനയാണു്. കാരണം ശിശുക്കളിൽ ഈശ്വരനുണ്ടു് – ദൈവരാജ്യമുണ്ടു് – സ്നേഹമുണ്ടു് – (മാലാഖവേഷത്തിൽ 6 കുട്ടികഠ നൃത്തം വയ്ക്കുന്നു).

ഗാനം:– ഉ ...... രാരിരോ

ഉം ...... രാരിരോ ...... (2)

പൈതങ്ങഠ മന്നിതിൽ, ഈശ്വര വാഗ്ദാനം

സ്നേഹത്തിൻ രൂപങ്ങഠ പിഞ്ചുപൈതങ്ങഠ

മൂല്യം നിറയും സ്വർഗ്ഗനിക്ഷേപം (പൈതങ്ങഠ......

ദുഃഖം തീർക്കാൻ നമ്മിലെന്നും സുമങ്ങളായ്

ഉത്സവ ദിവസം നിറയുന്നു നമ്മിലെന്നും (പൈതങ്ങഠ .....

(ലൈററ് ഓഫ്, എല്ലാം അപ്രത്യക്ഷം)

കമൻററി:- കുഞ്ഞുങ്ങളെ ശുശ്രൂഷിക്കുമ്പോൾ അതൊരു വലിയ പ്രാത്ഥനയായിത്തീരുന്നെങ്കിൽ, ഈ വിദ്യാലയം ഈ നാടിന്റെ പ്രാർത്ഥനാലയമാണ്, സരസ്വതീക്ഷേത്രമാണ്.

(രംഗത്തു പ്രകാശം വീഴുമ്പോൾ രണ്ടു കൈ വിരിച്ചു അനുഗ്രഹിക്കുന്ന യേശു പ്രതിമ. – കുട്ടികൾ പുസ്തകങ്ങളുമായി കയറിവരുന്നു — യേശുവിന്റെ അരികെ വന്ന് ആരാധിക്കുന്നു).

യേശു:– (അശരീരിസ്വരം) നിങ്ങൾ ഈ ശിശുക്കളെപ്പോലെ ആയില്ലെങ്കിൽ ദൈവരാജ്യത്തിൽ പ്രവേശിക്കയില്ല — ശിശുക്കളെപ്പോലെ ചെറുതാകുന്നവർ എന്റെ രാജത്തിൽ വലിയവനായിരിക്കും. (യേശുവിന്റെ Heart പ്രകാശിക്കുന്നു. രംഗത്തു നിറയെ ഫ്ളവർ).

ഗാനം:– യേശുനാമം ചൊല്ലി ചൊല്ലി ഉണരാം.
യേശുനാമം രക്ഷാനാമം ഭുവിൽ
യേശു നൽകും വാഗ്ദാനം
ദൈവരാജ്യം നമ്മിൽ തൻ
ദേശം ......... ജന്മദേശം.

കള്ളവുമില്ല, ചതിയുമില്ല.
ശത്രുതയില്ല, സ്വാർത്ഥതയില്ല (2)
സ്നേഹത്തിൻ രാജ്യത്തിനായ്
യേശു വിളിക്കുന്നിതാ – (യേശു ......)

# 2. "നിസ്വാർത്ഥ സേവനം
# തൃപ്തിയുള്ള വേതനം"

### രംഗപൂജ

ആരംഭം: –

കമൻററി:– മുദ്രാവാക്യങ്ങൾ മുഴക്കിയും, സമരങ്ങൾ സംഘടിപ്പിച്ചും, ധർണ്ണകൾ നടത്തിയും, കൂലി കൂട്ടുന്നതിനും, ശമ്പളം വർദ്ധിപ്പിക്കുന്നതിനും നാം നിത്യേന ശ്രമിക്കുന്നു. എന്നാൽ എത്ര കൂലി കൂട്ടിയാലും ശമ്പളം വർദ്ധിപ്പിച്ചാലും മതിയാകാത്ത, തൃപ്തിവരാത്ത മനസ്സുമായി ജീവിക്കുന്ന നാം എന്നും അസ്വസ്ഥരാണ്. നിസ്വാർത്ഥ സേവനത്തിലൂടെ മാത്രമേ തൃപ്തിയുള്ള വേതനം ലഭ്യമാകൂ. ഈ വലിയ സത്യം വിളിച്ചോതുന്ന ഈ പരിപാടി ശ്രദ്ധിക്കൂ.

(ടെക്നിക് ലൈററിൽ രംഗത്തു് ഭൂമി തിരിഞ്ഞുകൊണ്ടിരിക്കുന്നു.)

കമൻററി:– യുഗയുഗാന്തരങ്ങളായ് നമ്മൾക്കു സേവനം ചെയ്തുകൊണ്ടിരിക്കുന്ന ഭൂമി.

ഗാനം;– ഭൂഗോളം തിരിഞ്ഞാൽ രാവും പകലും
പ്രപഞ്ചസ്പന്ദനമാം വിശ്വത്തിൻ താളം (2)

കമൻററി:– ദിനരാത്രങ്ങളും ഋതുഭേദങ്ങളും മാറി, മാറി നൽകി നിത്യേന നമ്മെ ആശംസിക്കുന്ന ഭൂമി. സകല ചരാചരങ്ങളും വൃക്ഷലതാദികളും നൃത്തം ചവിട്ടുന്ന നൃത്തമണ്ഡപം. നിരവധി പഴങ്ങളും കായ്കളും കൊണ്ടു നമ്മെ തീററി തൃപ്തരാക്കുന്ന ശാദ്വലമായ ഭൂമി.

(ഭൂമിക്കു ചുററും പൂക്കളും കായ്കളും, ചുവടെ നെൽ വയലും കാണുന്നു.)

ഗാനം;– പൂക്കൾ വിരിഞ്ഞും കായ്കൾ നിറഞ്ഞും
എപ്പോഴും നിറയുന്ന അക്ഷയ പാത്രം
ഭൂഗോളം തിരിഞ്ഞാൽ ......... (2)

(ഈ ഗാനത്തിൻെറ സമയത്തു് രംഗത്തുള്ള സകലതും താളത്തിനൊത്തു ആടുന്നു.) Still

കമൻററി:– കോടാനുകോടി വിഭവങ്ങളും നാം നിത്യേന ഉപയോഗിക്കുന്ന പ്രാണവായു മുഴുവനും ഭൂമി അതിൻെറ നിസ്വാത്ഥസേവനത്തിലൂടെ നൽകിക്കൊണ്ടിരിക്കുന്നു. എന്നാൽ അണുവായുധ പരീക്ഷണങ്ങളും കൊണ്ടും രാസവള പ്രയോഗത്താലും നാം ഭൂമിയെ മലീമസമാക്കിക്കൊണ്ടിരിക്കുന്നു. ഇതെല്ലാം സഹിച്ചും ക്ഷമിച്ചും ഭൂമി അതിൻെറ സേവനം തുടരുന്നു.

ഗാനം:– ഭൂഗോളം തിരിഞ്ഞാൽ ......... (2)

(ലൈററ് ഓഫ്. എല്ലാം അപ്രത്യക്ഷം, സൂര്യൻ ഉദിച്ചുയരുന്നു. മ്യൂസിക്ക്)

കമൻററി:– ഈ വിശ്വത്തെ മുഴുവനും നമ്മുക്കു മുന്നിൽ തെളിയിക്കുന്ന വിശ്വദീപം – ഭൂമുഖത്തുള്ള സകലതിനും ഓജസ്സും തേജസ്സും ഊർജ്ജവും നൽകിക്കൊണ്ടുള്ള സൂര്യൻെറ നിസ്വാത്ഥസേവനം. എന്നാൽ നാം ഉപയോഗിക്കുന്ന വൈദ്യുതി വെളിച്ചത്തിനു് എത്രയോ പണം നാം മുടക്കുന്നു. എന്നിട്ടും വെളിച്ചം പോരാ.

(സൂര്യകിരീടം അണിഞ്ഞുകൊണ്ടുള്ള നൃത്തം)

ഗാനം:–
സൂര്യദേവൻ ഉയരുന്നിതാ
മാലോകർക്കെല്ലാം വെളിച്ചമേകി
വൃക്ഷലതാദികളും പക്ഷിമൃഗാദികളും–
നിന്നിൽ നിർലോഭം തന്നുലിതരായ് (2)

1. സേവനത്തിൻ ചിഹ്നമതായ്
ഭൂമിയിൽ നീ വാണിടുന്നു......... (2)
സേവനമായ് നിലകൊള്ളും യുഗയുഗമായ നീ
വേതനമില്ല അദ്ധ്വാനം ആരുടെ പഠനം നിനക്കു മാത്രം
മാനവർ നോക്കും അത്ഭുതം മാത്രം
എന്നും നിന്നിലെ സേവകനെ–
(സൂര്യ.........

(ലൈററ് ഓഫ്. എല്ലാം പോകുന്നു. പിന്നീട് രംഗത്തു തിരയടിക്കുന്ന കടൽ കാണുന്നു.– മ്യൂസിക്ക്:– തിരകളുടെ ശബ്ദം.)

കമൻററി:– നിരവധി വിഭവങ്ങളും നിറഞ്ഞുനിൽക്കുന്ന ഒരു ഖനിയാണ് കടൽ. നമ്മുക്കാവശ്യത്തിനുള്ള വെള്ളം കടൽ അതിൻെറ നിസ്വാത്ഥസേവനത്തിലൂടെ നൽകുന്നു. എത്രയോ മഹത്തരമായ സേവനം. (നീല വസ്ത്രങ്ങളും അണിഞ്ഞ് 6 കുട്ടികളും നൃത്തം വെയ്ക്കുന്നു.)

ഗാനം:– ഉണരുന്നു,...... അലകളുമായ്– (2)
യുഗയുഗമായ് പൊട്ടിച്ചിരിക്കും
സ്രഷ്ടാവിൻ സന്തോഷ പ്രകടനമാം–

1. കോടി കോടി വിഭവങ്ങൾ, വിളമ്പി നമ്മെ
നിറയ്ക്കുന്നു– (2)
ഉയിരെ ഉയിരും, ബാഷ്പകണങ്ങൾ
ഭൂവിനെയെന്നും നനസ്ക്കുന്നു (ഉണരുണ്യ........
(നൃത്തക്കാർ പോകുന്നു– )

കമൻററി:– ഈ കടൽ മനുഷ്യമനസ്സിൻെറ പ്രതീകമാണ്. വേലിയേററങ്ങളും വേലിയിറക്കങ്ങളും നിത്യേന അരങ്ങേറുന്ന മനുഷ്യമനസ്സുകളിൽ ശാന്തി ആശംസിക്കാൻ രക്ഷാവാഗ്ദാനം ചെയ്യാൻ ഇതാ ഒരു രക്ഷകൻ.

(യേശു കടലിൻെറ മുകളിൽക്കൂടെ വരുന്നു. മറുഭാഗത്തു നിന്ന്)

St. Peter:– ഗുരുവേ, ഞാനും വരട്ടയോ (യേശു വരാൻ ആഗ്യം കാണിക്കുന്നു. St. Peter വെള്ളത്തിൽ കുറച്ചു നടക്കുമ്പോഴേക്കും പേടിച്ച് വെള്ളത്തിൽ താഴാൻ തുടങ്ങുന്നു.)

എന്നെ രക്ഷിക്കൂ...... എന്നെ രക്ഷിക്കൂ......

യേശു:– (അവൻെറ കൈപിടിച്ച്) അല്പവിശ്വാസീ നീ എന്തിനു ഭയപ്പെടുന്നു.

Still

കമൻററി:– യേശുദേവൻ! ഇവിടെ ദർശിച്ച നിസ്വാർത്ഥ സേവനം തലമുറകൾക്കായി കാഴ്ചവച്ചു. ജീവിതായോധനത്തിൽ തളന്നുതാഴുന്ന സകലരേയും യേശു തൻെറ കരങ്ങൾ നീട്ടി രക്ഷിക്കുന്നു. അവസാന തുള്ളി രക്തം വരെ നൽകി, തൻെറ നിസ്വാർത്ഥ സേവനം മനുഷ്യവംശത്തിനു മുഴുവനായി യേശു കാഴ്ച വെച്ചു.

ഈ വിദ്യാലയം യേശുവിൻെറ നാമത്തിൽ ഒരു ജ്യോതിയായി നിൽക്കുന്നു. (യേശു കൈകൾ രണ്ടും നീട്ടി അനുഗ്രഹിക്കുന്നു, കുട്ടികൾ ഓടി അണയുന്നു.) അജ്ഞതയകററാൻ ഓടിയണയുന്ന കുഞ്ഞുമക്കളെ ജ്ഞാനത്തിലേക്കു കൈകൊടുത്തു് ഉയർത്താൻ യേശുവിൻെറ കരങ്ങൾ ഇവിടെയുമുണ്ട്.

ഗാനം:– യേശുവേ...... സ്തുതി മുദാ–
നിന്നു നിന്നു് നിന്നു് നിന്നു നിത്യ വെളിച്ചം
നൽകി നൽകി നൽകി നമ്മിൽ ശരണമിതാ
നമോ നമോ നമോ നമ: (2)

[ ശുഭം ]

# 3. ഇതു നീതിയോ?

## മോണോ ആക്ട്

**മോണോ ആക്ടർ:**– സദസ്സിനു നമസ്കാരം.

പോലിസ് ലോക്കപ്പിനെക്കുറിച്ച് നിങ്ങ**ൾ** ആവശ്യത്തിൽ അധികം കേട്ടിരിക്കും– അയ്യപ്പൻ എന്ന പ്രതി പോലിസ് ലോക്കപ്പിൽ.

**അയ്യപ്പൻ:**– (പെട്ടെന്നു് തലയ്ക്കു് അടിയേററപോലെ) അയ്യോ......... ഏമാനെ എന്നെ ഇടിക്കല്ലേ. (വീണ്ടും തലക്ക് ഇടി കിട്ടിയ രീതിയിൽ ഒരു ഭാഗം അമർത്തി) എൻെറ തല കറങ്ങുന്നു; വെള്ളം, സ്വല്പം വെള്ളം തരൂ. (കിതച്ച്) എന്നെ ഇടിക്കല്ലേ. എങ്ങനെ വേണമെങ്കിലും ഞാൻ പറയാം........

**പോലിസ്:**– റാസ്ക്കൽ ! സത്യം പറ ! (അയ്യപ്പൻെറ കഴുത്തു പിടിച്ച് ഞെരിക്കുന്ന രീതിയിൽ) എന്താണ് ഉണ്ടായത് – ഇല്ലെങ്കിൽ 41 ദിവസം നീ തികയ്ക്കുകയില്ല. പറയടാ – കഴുതടെ മോനെ.

**അയ്യപ്പൻ:**–എൻെറ കഴുത്തിൽ നിന്നു് വിട്ടു – ഞാൻ പറയാം. (കിതക്കുന്നു) നിലത്തിൽ ഞാൻ കിളച്ചുകൊണ്ടിരിക്കുമ്പോൾ മുതലാളി മുകളിലെ വരമ്പിൽ നില്പുണ്ടായിരുന്നു. പെട്ടെന്നു് വരമ്പിടിഞ്ഞു. മുതലാളി ഞാൻ കിളക്കുന്നിടത്തേയ്ക്കു വീഴുകയും എൻെറ കിള അദ്ദേഹത്തിൻെറ തലയ്ക്കു് ഏല്ക്കുകയും ചെയ്തു. രക്തംകണ്ടു പേടിച്ച ഞാൻ അവിടെന്നു് ഓടിപ്പോയി (വയററിൽ ചവിട്ടു കിട്ടിയ രീതിയിൽ) അമ്മേ ...... എന്നെ കൊല്ലല്ലേ–എൻെറ കുഞ്ഞുമക്കളെ ഓർത്തു് എന്നെ ഒന്നും ചെയ്യല്ലേ–ഏമാൻ പറയുന്ന രീതിയിൽ ഞാൻ പറഞ്ഞേക്കാം.

**പോലിസ്:**–എട കോങ്കണ്ണമോറാ, ഇതൊരു രാഷ്ട്രീയ പകപോക്കലായിരുന്നില്ലേ–മുതലാളിയെ നീ മനപ്പൂർവ്വം കൊന്നതല്ലേ–നാളെ കോടതിയിൽ ഇങ്ങനെ പറയണം – എങ്ങനെ?

**അയ്യപ്പൻ:**– (കിതച്ച്) മുതലാളിയെ മനപ്പൂർവ്വം കൊന്നതാണ്. ഇതു സത്യം–Mono Action:–പിറേറദിവസം രാവിലെ അയ്യപ്പനെ വിചാരണക്കായ് കോടതിയിൽ കൊണ്ടുവന്നു.

Court Announcer:–1992 ജനുവരി 10ന്, 10 മണിക്ക് കൊലചെയ്യപ്പെട്ട അവതാളത്തിൽ അന്തുമുതലാളിയുടെ കേസ് വിചാരണ തുടർച്ച. (ജഡ്ജിയുടെ ഗമയിൽ) order! The defendant, and all the witnesses are ready? (ചുററും നോക്കുന്നു) Yes proceed—

വക്കീൽ:– Yes your Honour! കൊല്ലപ്പെട്ട അന്തുവിൻെറ ജ്യേഷ്ഠനാണല്ലേ-സംഭവം നടക്കുമ്പോൾ കാന്നോര് എവിടെയായിരുന്നു.

ലോനപ്പൻ!– (വയസൻെറ സ്വരം) എന്താ വക്കീലേ, സംഭവങ്ങൾ എന്തുമാത്രമാണ് നടക്കുന്നതു്. ഭൂകമ്പം നടന്നു. അപ്പോഴെല്ലാം ഞാനെവിടെയാണെന്നു ചോദിച്ചാൽ—ഉമ്മായിക്കളി എന്നോട് വേണ്ട.

ജഡ്ജി:– Order! കോടതിയുടെ അന്തസ്സിനു നിരക്കാത്ത രീതിയിൽ സംസാരിക്കുന്നതു ശിക്ഷാർഹമാണ്—ഇനി പ്രതിയെ വിസ്തരിക്കു.

വക്കീൽ:– Yes your Honour! (പ്രതി, അയ്യപ്പനോട്, എന്ന രീതിയിൽ) അയ്യപ്പൻ, പോലിസ് റിപ്പോർട്ടനുസരിച്ച് അന്തുമുതലാളിയെ നിങ്ങൾ മനപ്പൂർവ്വം കൊന്നതാണെന്നു പറയുന്നു. ഇതേപററി നിങ്ങൾ പറയുന്നതു്–

അയ്യപ്പൻ:– (പ്രതിക്കൂട്ടിൽ) സത്യമായിട്ടും ഞാൻ അന്തുമുതലാളിയെ കൊന്നിട്ടില്ല. (കിതക്കുന്നു) ഞാൻ...... കിളക്കുന്നിടത്തേയ്ക്ക് വരമ്പിടിഞ്ഞു് മുതലാളി വീണപ്പോൾ എടൻെറ കിള അദ്ദേഹത്തിൻെറ തലക്ക് ഏററു – ഇതാണ് സത്യം – (ചുമക്കുന്നു) ഇന്നലെ കഠിനമായി......പോലിസ് എന്നെ മർദ്ദിച്ചപ്പോൾ രക്ഷപ്പെടാൻ അങ്ങനെ പറയേണ്ടിവന്നു—ദേഹമാസകലം എനിക്കു വേദനിക്കുന്നു—വെള്ളം—എൻെറ മക്കളെ—നിങ്ങൾക്കിനി..... അച്ഛനെ കാണാൻ പററില്ല. (വീഴുന്നു) അയ്യോ ഓടിവരു...... (നിശ്ചലനാകുന്നു)

പ്രതിഭാഗം വക്കീൽ:– Your Honour! എൻെറ പ്രതി തീർച്ചയായും ഒരു നിരപരാധിയാണെന്നു് ഈ മരണത്തിലൂടെ തെളിയിച്ചിരിക്കുന്നു— ഈ ക്രൂരമരണത്തിനു് ഉത്തരവാദികളായ പോലിസ് ഉദ്യോഗസ്ഥന്മാരെ—302, 304 വകുപ്പനുസരിച്ച് അറസ്റ്റുചെയ്ത് ഉടനെ തൂക്കിലേററണം. ''ആയിരം കുററവാളികൾ രക്ഷപ്പെട്ടാലും ഒരു നിരപരാധി ശിക്ഷിക്കപ്പെടരുതു്'' ഇതാണ് കോടതി ആപ്തവാക്യം. (പ്രതിയെ ചൂണ്ടി) Is this right?

ജയ് ഹിന്ദ്

# 4. ഉണരൂ, ഉണരൂ

## മോണോ ആക്ട്

— രംഗത്ത് സ്റ്റൂറം വേണം —

**ആക്ടർ:**– (വരുന്നു) നമസ്ക്കാരം! നമ്മുടെ നാടിന്റെ ദാരുണമായ ഒരു കാഴ്ചയിലേയ്ക്കു ഞാൻ നിങ്ങളേവരേയും ക്ഷണിക്കുന്നു. (ഒരു കുട്ടി ഒരു പൊതിയുമായി അണിയറയിൽ നിന്നു തുള്ളിച്ചാടി ചിരിച്ചുവരുന്നു)

**കുട്ടി;**– (കൊഞ്ചിക്കൊണ്ട്, പൊതികാണിച്ച്) ഇതിലുണ്ടല്ലോ– (2) മുഠായി– എന്റെ അച്ഛൻ വാങ്ങിച്ചതാ – ആർക്കും തരില്ല– (പൊതി മെല്ലെ തുറക്കുന്നു, കരയുന്നു). അപ്പടി മരുന്നാ, അച്ഛന്– (കുപ്പി സ്റ്റൂളിൽ വെച്ച്)

**അച്ഛ:**– (അല്പം ശ്വാസം മുട്ടുണ്ട്) മോളേ, ബിന്ദു, ആ മരുന്നു കഴിക്കാൻ സമയമായിട്ടില്ല. എന്റെ പൊന്നു മോറംക്ക് അച്ഛൻ മിട്ടായി കൊണ്ടുവന്നിട്ടുണ്ട്. അതിനു മുമ്പ് അമ്മയേയും, അമ്മൂമ്മയേയും ഇങ്ങു വിളിച്ചേ. എന്നിട്ട്, മിഠായി, ഓടി ചെല്ല്– അ– വേഗമാകട്ടെ– (കുട്ടി പോകുന്നു) (ആത്മഗതം) സകല ബുദ്ധികളും ഒതുക്കാൻ ഞാൻ ഒടുവിൽ കണ്ടെത്തിയ ഏക പോംവഴി! (കുപ്പി കാണിച്ച്) ഈ വിഷം! പട്ടിണിയും നിത്യരോഗവും എന്റെ കുടുംബം തിന്നുതീർത്തു. ഒരിക്കലും ചികിത്സിച്ചാൽ ഭേദമാകാത്ത രോഗത്തിന്റെ ഉടമ– എന്റെ ഭാര്യ, വാർദ്ധക്യക്ലേശം വന്നു കയറിയ എന്റെ അമ്മ, വയ്യ, ജീവിച്ചതു മതി! ബന്ധുക്കളുടെ മാറിനിന്നുള്ള സഹതാപം, നാട്ടുകാരുടെ ചിരിച്ചുകൊണ്ടുള്ള ദീനാനുകമ്പ– എല്ലാം വെറും പ്രഹസനങ്ങരം!

**അമ്മ:**– (കിഴവിസ്വരം. കേംവിക്കുറവുണ്ട്) എന്താ മോനെ ഒററക്ക് അതും ഇതും പറയുന്നതു്. നിനക്കു ഭ്രാന്തു പിടിച്ചോ

മകൻ:— (അച്ഛൻ ഉറക്കെ ചിരിക്കുന്നു, കിതക്കുന്നു) ഇല്ല്യ, അമ്മേ നമ്മൾക്കിനി ഒരിക്കലും ഭ്രാന്തു പിടിക്കില്ല. ഭ്രാന്തായാൽ ബന്ധുക്കൾക്കു കുറച്ചിലല്ലേ, (ഭാര്യ വരുന്നതു നോക്കിക്കണ്ട പോലെ) നീ വന്നോ, നിന്റെ സുഖക്കേട് എവിടെ വരെ എത്തി. പൈസക്കുള്ള എല്ലാ മാർഗ്ഗവും അടഞ്ഞു. ഇനി പ്രതീക്ഷ ഈ കുപ്പിക്കുള്ളിൽ മാത്രം— (കുപ്പി സ്റ്റൂളിൽ വെക്കുന്നു)

ഭാര്യ:— (ഒരു രോഗിയായി) നിങ്ങളെന്താ പറയുന്നേ— (കുപ്പിയെടുത്ത്) വിഷം! (കരഞ്ഞ്) നമ്മുടെ മോൾക്കുവേണ്ടി ജീവിക്കണ്ടേ? വേണ്ടേ! ഈ ജീവിതം ഞാൻ എന്നേ മടുത്തു— എന്നാൽ

അച്ഛൻ:— (ഭർത്താവ്) എനിക്കറിയാം! നമ്മുടെ മകൾ ഈ ലോക നരകാഗ്നിയിൽ കിടന്നു പിടയുമ്പോൾ നമ്മെ ശപിക്കും, പ്രാകും, ഈ മഹാദുരിതം നമ്മുടെ മകൾ ആസ്വദിക്കാതിരിക്കട്ടെ! മോളേ— ഇന്നു മിഠായി— അതിനു മുമ്പ് ഈ മരുന്നു സ്വല്പം കഴിക്കു— (മരുന്നുകൊടുക്കുന്നു. മിഠായി പോക്കററിൽ നിന്നും എടുത്തു കൊടുക്കുന്നു) (കരഞ്ഞുകൊണ്ട്) എന്റെ മോൾ ഇനി അപ്പുറത്തു പോയിരുന്നു കളിച്ചോ? ഉം........ അമ്മേ – ചുമക്കും, നീർവിഴുക്കും, പററിയ ഒററ മൂലിയാ— ഇതു സ്വല്പം— വാതുറക്കു— (ഒഴിച്ചുകൊടുക്കുന്നു).

ഭാര്യ:— നിങ്ങൾക്കു ഞാൻ തരാം. നിരവധി വട്ടം വിളമ്പിത്തന്ന ഈ കൈകൊണ്ട് ഇതും ഞാനാകട്ടെ തരുന്നത്. ഒഴിച്ചുകൊടുക്കുന്ന ആംഗ്യം) ഇനി ഇതിലുള്ളതെല്ലാം എനിക്കു മാത്രം. (കഴിക്കുന്നു.) (മരിച്ചു വീഴുന്ന ആക്ഷൻ)

ആക്ടർ:— സുഹൃത്തുക്കളെ ഇതു പോലെ കത്തിത്തീരുന്ന പല രംഗങ്ങളും കേരളത്തിന്റെ മുഖത്തുണ്ടാകുന്നു. ഇത്രയും സംഭവിക്കുന്നതുവരെ കണ്ടില്ല്യ, കേട്ടില്ല്യ എന്ന ഭാവത്തിൽ ജീവിക്കാൻ മാത്രം മരവിപ്പു നമ്മുടെ മനസ്സാക്ഷിയിൽ വളന്നു കഴിഞ്ഞു; പത്രത്തിൽ ഫോട്ടോ കൊടുക്കാനും, അനുശോചനങ്ങളും, ഹർത്താലുകളും സംഘടിപ്പിക്കാനും, മരിച്ചവരെ ഉടൻ മണ്ണിലാക്കാനും ഇവിടെ വേണ്ട സാമൂഹ്യ ദ്രോഹികൾ ഉണ്ട്. മരിച്ചവരുടെ ആശ്രിതർക്കു പ്രോത്സാഹനമായി പണം സർക്കാർ വലിച്ചെറിയുന്നു— വാക്കുകളിൽ മാത്രം. ജുഗുപ്സാവഹമായ ഈ അന്തരീക്ഷം ഈ നാടിന്റെ ശാപമാണ്. ഉണരൂ— വേഗം ഉണരൂ— നമ്മുടെ രാഷ്ട്ര പിതാവിന്റെ ചൈതന്യത്തിലേക്കു്.

ജയ്ഹിന്ദ്

# 5. വിമോചകൻ

## ബാലെ

പ്രധാന കഥാപാത്രങ്ങരം

1. കായേൻ
2. ദാവിദ് രാജാവ്
3. യൂദാസ്
4. ബറാബാസ്
5. യേശു

(രംഗത്ത്, കയ്യിൽ വിലങ്ങുമായി അഞ്ചു ജയിൽപുള്ളികരം - ഇതിലെ ഗാനങ്ങരംക്ക് അനുസരിച്ച് ആക്ഷൻ നൃത്തരൂപേണ കൊടുക്കേണ്ടതാണ്.)

കമൻററി:– പ്രതികരം എന്ന അത്ഥത്തിൽ ഇവരെ നാം കാണുന്നു – തെററുകരം ഇവരിൽ വിലങ്ങുകരം തീർത്തു. സ്വാതന്ത്ര്യം ഇവക്കു നിഷിധമാണ്. നിയന്ത്രണം ഓരോ നിമിഷവും ഇവരെ തകക്കുന്നു. മോചനത്തിനായുള്ള അദമ്യമായ ആഗ്രഹത്തിൻെറ അത്ഥനയുമായി ഇവർ –

ഗാനം:– പ്രതികരം ഞങ്ങരം കൈകരം നീട്ടുന്നു.
യാചനയാകും കരുണ കാണിക്കൂ (2)
വിളി കേരംക്കൂ – ഞങ്ങരംതൻ ശബ്ദം
വരരോദനമല്ലേ ......
തമ്പ്രു, തമ്പ്രു മാപ്പുശാന്തി – മാപ്പുശാന്തി
താളമായി തീന്നിടുന്നു ഞങ്ങളിലെന്നും (2)

(പ്രതികരം രംഗത്തുനിന്നു ലൈററ് ഓഫിൽ പോകുന്നു. ഈ സമയത്തു കായേൻ ഒരു കല്ലു പിടിച്ച് രംഗത്തു നില്ക്കുന്നു)

ഒരു നൃത്തക്കാരൻ:– (ഓടിവരുന്നു, പെട്ടന്ന് കായേനെ കണ്ടു പേടിച്ച്) എൻെറ തഴേക്കാട്ട് മുത്തപ്പാ, കൊരട്ടി മുത്തീ, ഏതാ ഈ പാർട്ടി, (കൈ അടിച്ച്) കൂട്ടരെ ഒന്നിങ്ങ് ഓടിവരിൻ (4 നൃത്തക്കാർ ഓടിവന്നു് വൺ, ടൂ, ത്രി, ഫോർ എന്ന ക്രമത്തിൽ കായേനു ചുററും നിൽക്കുന്നു.)

എല്ലാ:— ആളെ പിടികിട്ടി.

ഒന്നാ:— ആരാ

ഗാനം:— കൂട്ടരെ നോക്കു കിതക്കുന്നിതാ
ആദ്യ പ്രതി കായേൻ (2)
ആബേലിൻ ഘാതകൻ
അസ്വസ്ഥനായവൻ.

ഓ...... നിൻവേല ചതി ച്യുതി ചതി
മന്നിടെയെന്നും അവതരിപ്പിച്ചു
കൂട്ടരെ ...... (2) (പോകുന്നു) ലൈററ് തെളിയുമ്പോൾ

ദൈവം:— കായേൻ ...... കായേൻ (പ്രതികൾ ഇരുഭാഗത്തും)

കായേ:— എന്തു വേണം; വേഗം പറയൂ.

ദൈവം:— നിൻെറ സഹോദരനായ ആബേലെവിടെ?

കായേ:— എനിക്കറിയില്ല; ഞാനോ അവൻെറ കാവൽക്കാരൻ?

ദൈവം:— നീ അവനെ കൊന്നിരിക്കുന്നു. അവൻെറ രക്തം എൻെറ പക്കൽ നിലവിളിക്കുന്നു. നീ ഭൂമിയിൽ അസ്വസ്ഥനായി എന്നും അലഞ്ഞു നടക്കും.

കായേ:— പോകൂ, പോകൂ, പോകാൻ (ഓടിപ്പോകുന്നു)
(ഒരു പാമ്പിൻെറ മുമ്പിലാണ് കായേൻ എത്തിച്ചേരുന്നത് കായേൻ കിതക്കുന്നു.)

പാമ്പ്:— (ചിരിക്കുന്നു) എന്താ കായേൻ, നിനക്കു രക്ഷയേകാൻ ഞാനില്ലേ? എന്തിനാണ് ഈ കിതപ്പ്

കായേ:— നീ... നീ... എൻെറ മാതാപിതാക്കളെ വഞ്ചിച്ചവനാണ്.

പാമ്പ്:— ഒരിക്കലും അല്ല — ഞാൻ നിങ്ങളെ ദൈവത്തിൽനിന്ന് രക്ഷിച്ചു. നിന്നെ അനുമോദിക്കാനാണ് ഞാനിവിടെ എത്തിയത്.

കായേ:— ദുഷ്ടാ, എന്നെ വിട്ടേച്ചു പോകൂ, ഞാനിവിടെ കഴിയട്ടെ.

പാമ്പ്:— നിന്നിലൂടെ ഞാനൊരു വലിയ സാമ്രാജ്യം ഉണ്ടാക്കും.
(കായേൻ പാമ്പിനെ കല്ലുകൊണ്ട് എറിയുന്നു. പാമ്പ് അപ്രത്യക്ഷം. ''കൂട്ടരെ'' എന്ന ഗാനം ആവർത്തിക്കുന്നു. ലൈററ് തെളിയുമ്പോൾ ദാവീദ് രാജാവ് ചാക്കുവസ്ത്രം ഉടുത്ത് കിതച്ചു നില്ക്കുന്നു. നൃത്തക്കാർ രണ്ടു ഗണമായി രണ്ടുഭാഗത്തു നില്ക്കുന്നു.)

ആദ്യഗണം:- ഇവനല്ലേ ഇസ്രായേൽ ദാവീദ് രാജൻ (2)
ഗണം രണ്ടു്:– ചാക്കുമുടുത്തു് മാപ്പിരക്കുന്നല്ലോ (2)
എല്ലാ:– ഇവനല്ലേ ......... (2)
കേരംക്കട്ടെ താങ്കരം തൻ കുററങ്ങരം ചൊല്ലാമോ (2)

Still

(ഇരുഭാഗത്തും നൃത്തക്കാർ)

രാജാ:– 40 കൊല്ലക്കാലം ഞാൻ രാജ്യം ഭരിച്ചു. എന്നാൽ ഒരിക്കൽ ഞാനൊരു ക്രൂരമായ തെററു ചെയ്തു. സ്വന്തം പടയാളിയുടെ ഭാര്യയെ തട്ടിയെടുക്കാൻ ഞാനവനെ വകവരുത്തി - അവൻെറ മരണം ദൈവസന്നിധിയിൽ നിലവിളിക്കുന്നു – യഹോവെ, ഞാൻ തെററു ചെയ്തു. എനിക്കു മാപ്പു തരൂ; എനിക്കു മാപ്പുതരൂ.

(ഈ സമയത്തു് ആ 5 ജയിൽപുള്ളികരം ഒരു ഭാഗത്തുനിന്നു് രാജാവിനെ നോക്കുന്നു.)

ഗാനം:– അഭിഷിക്തനാം രാജാവും നീ പരിഹാരം ചെയ്തിടുന്നു – യാചകനായ് തീരുന്നു (2)

കമൻററി:– വലിയവനും ചെറിയവനും, മുതലാളിയും തൊഴിലാളിയും, ഭരണാധിപന്മാരും ഭരണീയരും തെററുകരംക്കു മുന്നിൽ എപ്പോഴും പ്രതികരം തന്നെ.

(ലൈററ് ഓഫ്; എല്ലാവരും പോകുന്നു. ലൈററ് തെളിയുമ്പോരം)

അദ്യനൃത്തഗണം:– (ഓടി വന്നു്, ഒരു വശത്തേക്കു നോക്കി)

ഗാനം:–
ഒററുകാരനവൻ
വൻചതിയനവൻ
എത്തും നേരമിതാ
ഭുവിൻ ഗദ്ഗദമാം (2)

യൂദാസ്:– (പണക്കിഴിയുമായി കിതച്ചു വരുന്നു) കുററമില്ലാത്ത രക്തം ഞാൻ ഒററിക്കൊടുത്തു. എനിക്കു ശാപം. ശാപം. മലകളെ എന്നെ വന്നു മൂടുവിൻ, സമുദ്രങ്ങളെ എന്നെ വന്നു വിഴുങ്ങുവിൻ, അരുതാത്തതു ഞാൻ ചെയ്തു. ഈ പണം എനിക്കു വേണ്ട. (നിലത്തെറിയുന്നു)

(ഈ സമയത്തു് 5 പ്രതികരം ഒരു ഭാഗത്തുനിന്നു് ഇതു കാണുന്നു)

രണ്ടാംഗണം:– വെള്ളിനാണയം കണ്ട നേരം
മട്ടു മാറിയവൻ – ഹൊയ് (2)
ഇവനാം ദൈവപുത്രനെ കറൻസിയാക്കി
കീശ നിറക്കുന്നവൻ (2)

നൃത്തക്കാർ ഒന്നിച്ച്:–
യേശുവിൻെറ കൂടെ നടന്നവനാം
സ്നേഹ ഗാഥ കേട്ടവനാം
വഞ്ചന ചെയ്യും നേരത്തും
സ്നേഹിതനാക്കി തീർത്തല്ലോ (2)
യൂദാസ് എന്നൊരു നാമത്തെ
ലോകം എന്നും പ്രതിയാക്കി
നൂററാണ്ടുകളുടെ ഓർമ്മകളിൽ
എന്നും നിന്നെ കാണുന്നു.
മാനവരെന്നും പ്രതിയാക്കുന്നു. നിന്നെ (2)

(ലൈററ് ഓഫ്)

ടാബ്ലോ

(യേശു — പാപിനി — ജനം കല്ലെറിയാൻ നില്ക്കുന്നു)

കമൻററി:– യേശുവിൻെറ സമക്ഷം കല്ലെറിഞ്ഞു കൊല്ലാൻ കൊണ്ടു വന്ന പരസ്യപാപിനി. മൂശയുടെ നിയമപ്രകാരം ഇവളെ കല്ലെറിഞ്ഞു കൊല്ലണം. അതേസമയം യേശുവിനെ പ്രതി യാക്കണം. അതാണ് ജനത്തിൻെറ ഹിതം. യേശു അവ രുടെ മനസ്സിനെ പരിശോധിച്ചു പറഞ്ഞു.

യേശു:– (അശരീരിസ്വരം) നിങ്ങളിൽ പാപം ചെയ്യാത്തവൻ കല്ലെ റിയട്ടെ.

(ജനങ്ങളെല്ലാം പോകുന്നു)

കമൻററി:– ഇവിടെ ക്രിസ്തു ഒരു വലിയ ശബ്ദം ഉയർത്തി. തെററു ചെയ്യാത്തവൻ ആരുണ്ടിവിടെ? എല്ലാവരും പ്രതികളായി മാറുന്നു. തെററു ചെയ്യാത്തവൻ വിധിപ്രസ്താവിക്കട്ടെ. ആ ദിവ്യമായ ശബ്ദം നൂററാണ്ടിലൂടെ കടന്ന് നമ്മുടെ കാതുക ളിലും ആഞ്ഞടിക്കുന്നു. സകലരും തെററുകാരാണെങ്കിൽ ആരു ണ്ടിവിടെ വിധി പറയാൻ. മോചനം എവിടെ കണ്ടെത്തും.

(കമൻററിയുടെ തുടക്കത്തിൽ 5 ജയിൽപ്പുള്ളികൾ ഈ രംഗം വീക്ഷിക്കുന്നുണ്ട്. ലൈററ് ഓഫ് - ലൈററ് തെളിയുമ്പോൾ 5 ജയിൽപ്പുള്ളികൾ നില്ക്കുന്നു).

ജയിൽപ്പുള്ളികഠം:– (ലോകത്തോട്) സകലരും തെററുകാരാണെങ്കിൽ ആരുണ്ടിവിടെ വിധി പറയാൻ. മോചനമെവിടെ? ശാന്തി എവിടെ?

ഗാനം:– പ്രതികഠം ഞങ്ങഠം .........

(എന്ന ആദ്യ ഗാനം ഇവിടെ ആവർത്തിക്കുന്നു. പ്രതികഠം ഗാനത്തിനനുസരിച്ച് ആക്ഷൻ കാണിക്കുന്നു.)

കർട്ടൻ

(കർട്ടൻ തുറക്കുമ്പോഠം രംഗത്ത് ഒരു ഉയർന്ന സ്ഥലത്ത് ക്രിസ്തു പ്രതിയായി കൈകഠംകെട്ടി ചുവന്ന അംഗി അണിഞ്ഞു തലയിൻ മുഠംമുടിയുമായി തല കുനിച്ചു നിൽക്കുന്നു.)

കമൻററി:– ഇവനാണോ പ്രതികളുടെ രാജാവ്? (5 ജയിൽപ്പുള്ളികഠം യേശുവിനെ നോക്കി നില്ക്കുന്നു.) ഇവനിൽ ഒരു കുററവും കാണുന്നില്ല എന്നു റോമൻ ഗവർണർ വിധിച്ച യേശു – ദൈവപുത്രൻ – നമ്മുടെ കുററങ്ങഠംക്കുവേണ്ടി ഭൂമിയിൽ പ്രതിയായി നില്ക്കുന്നു. ലോകാവസാനം വരെ ഈ ബന്ധനം, ദേവാലയത്തിൻെറ സക്രാരികളിലും തുടരുന്നു. ദരിദ്രർ ഇവിടെ സമ്പന്നരാകുന്നു. അസ്വസ്ഥർ ഇവിടെ സ്വസ്ഥരാകുന്നു. പ്രതികഠം ഇവിടെ മോചിതരാകുന്നു.

(കായേൻ പ്രവേശിക്കുന്നു)

കായേൻ:– (ഓടിക്കിതച്ച്) സ്വന്തം അനുജനെ കൊന്നതിൻെറ ശിക്ഷയായി യുഗാന്തരങ്ങളിലൂടെ ഞാൻ അലഞ്ഞു. ഇവിടെ ഈ പരിശുദ്ധനിൽ ഞാൻ എൻെറ ശാപമോക്ഷം കാണുന്നു.

(യേശുവിൻെറ കാൽക്കൽ വീഴുന്നു.)

ബറാബാസ്:– (ജനത്തെ നോക്കി) ജനം ഒരു കഴുതയാണ്. മററുള്ളവർ ചൊല്ലിത്തരുന്നതു പേത്തു പേത്തു പറയുന്നവർ. ഈ പരിശുദ്ധനിലൂടെ ഞാനിന്നു മോചിതനായിരിക്കുന്നു.

(യേശുവിനെ വണങ്ങി നില്ക്കുന്നു)

അഞ്ചു പ്രതികഠം:– (നിരയായ് നിന്നു) തെററുകളിലൂടെ ഞങ്ങളിൽ വിലങ്ങുകഠം വീണു. ഈ ബന്ധനങ്ങഠം ഇവിടെ തീരുന്നു. (ഉടനെ അവരുടെ കൈകളിൽ നിന്നു വിലങ്ങുകഠം പൊട്ടി താഴെ വീഴുന്നു. അവർ മുട്ടുകുത്തുന്നു) യേശുവേ സ്തുതി, യേശുവേ സ്തോസ്ത്രം.

നൃത്തക്കാർ:– ഗാനം

യേശു സ്വന്തമായാൽ എല്ലാം ബന്ധമായ്
ഈ ബന്ധനങ്ങൾ നമ്മിൽ തീർന്നിടുന്നു.
യേശുവേ, നിൻെറ നാമം സ്വർഗ്ഗനാമം
ഭൂമിയിൽ ഞങ്ങൾക്കു രക്ഷാനാമം.

[ ശുഭം ]

**പ്രത്യേക ശ്രദ്ധക്ക്**

ഇത് അവതരിപ്പിക്കുന്നതിനുവേണ്ട എല്ലാ സാങ്കേതിക വിദ്യകളും വേണ്ട നിർദ്ദേശങ്ങളും ഉപകരണങ്ങളും ഗ്രന്ഥകർത്താവിൽ നിന്നു നിങ്ങൾക്കു ലഭിക്കുന്നതായിരിക്കും.

# 1. സംവിധായകൻ

പ്രധാന കഥാപാത്രങ്ങൾ:

1. മനുഷ്യൻ
2. നോഹ
3. അബ്രാഹം
4. മോസസ്സ്
5. സ്നാപകയോഹന്നാൻ
6. ബറാബാസ്
7. യേശു

കുരുത്തം, ഇരുത്തം, പൊരുത്തം ഇവ മൂന്നും നമ്മിൽ വന്നു ചേരുമ്പോൾ, ശ്രുതി, ലയം, താളം എന്നിവ നമ്മിൽ സമ്മേളിക്കുന്നു. അപ്പോൾ നമ്മുടെ സാന്നിദ്ധ്യവും, സാമിപ്യവും, സാലോഹ്യവും മററുള്ളവരുടെ ഇടയിൽ പ്രീതിജനകമായിരിക്കും. കുരുത്തക്കേടു വാങ്ങി കൂട്ടുന്നവൻ സമൂഹത്തിൽ പൊരുത്തമില്ലാത്തവനായി ഇരുത്തമില്ലാത്ത ജീവിതം നയിക്കുന്നു. എൻെറ "സംവിധായകൻ" എന്ന കലാവിഷ്കാരം ഈ യാഥാർത്ഥ്യം നിങ്ങൾക്കു മുമ്പിൽ എത്തിക്കുന്നു.

രംഗം 1

കററിക്കാടിൻെറ പ്രതിധ്വനി ഉണർത്തുന്ന രംഗസംവിധാനം. പാറകൾ, കററിച്ചെടികൾ, വിവിധ തരം പൂക്കൾ, കായ്കൾ ആദിയായവ. പാറകളിൽ പലതരം മൃഗങ്ങൾ, വാദ്യോപകരണങ്ങൾ പിടിച്ച് സംവിധായകനെ നോക്കിയിരിക്കുന്നു. ഒരുവശത്ത് ഒരു ഉയർന്ന പീഠത്തിൽ ഊർജ്ജസ്വലത ഉണർത്തുന്ന മുഖവുമായി സംവിധായകൻ ഇരിക്കുന്നു. കയ്യിൽ കറുത്ത ചെറിയ വടി, വെള്ള പൈജാമയും ജുബ്ബയും ധരിച്ചിരിക്കുന്നു. പൂർണ്ണ നര ബാധിച്ച താടിയും തലമുടിയും.

കമൻററി:– സഹൃദയരേ, കലാപ്രേമികളേ, എല്ലാംകൊണ്ടും ശ്രദ്ധേയമായതും നവീനത്വം നിറഞ്ഞതുമായ ഒരു ഓർക്കസ്ട്ര ടീം

ഇതാ നിങ്ങൾക്ക മുന്നിൽ. ആദ്യമായി ഈ സംഗീത സദസ്സ് ശ്രവിക്കാൻ എത്തിച്ചേർന്ന സകലർക്കും സ്വാഗതം.

(''മനുഷ്യൻ'' വെള്ളവസ്ത്രം ധരിച്ച് വയലിനുമായി കടന്നു വരുന്നു. സംവിധായകനെ വണങ്ങി മൃഗങ്ങളുടെ മദ്ധ്യേ നില ഉറപ്പിക്കുന്നു. മനുഷ്യനെ കണ്ട മൃഗങ്ങൾ തല ആട്ടിക്കൊണ്ട് ആഹ്ലാദം കാണിക്കുന്നു.)

സംവി;– (ഇരിപ്പിടത്തിൽ നിന്ന് എണീററ് ടീമംഗങ്ങളെ ശ്രദ്ധിച്ച് ജനത്തോട്) പ്രിയരേ, ഈ പ്രപഞ്ചം സംഗീതസാന്ദ്രമാണ്. ഈ പ്രപഞ്ചത്തിലെ എല്ലാ ജീവജാലങ്ങളും ഒരേ താളത്തിലും, ഒരേ ഈണത്തിലും ശ്രുതി മീട്ടുമ്പോൾ, അതൊരു സ്വർഗ്ഗീയസംഗീതമായി മാറുന്നു – അതാണ് നാദപ്രപഞ്ചം (ടീം അംഗങ്ങളെനോക്കി വടി കാണിച്ച്) സ്വരമുണർത്തൂ, ഉം സ്വരമുണർത്തൂ, സ്വരരാഗങ്ങൾ പൊട്ടിവിടരട്ടെ! yes get ready begin one, two three, four

കുയിൽ:– (സ്വരം ഉണ്ടാക്കുന്നു), മൃഗങ്ങൾ ഘട്ടംഘട്ടമായി വാദ്യോപകരണങ്ങൾ വിന്യസിപ്പിച്ചു. സംഗീത സംപ്രേഷണം ശക്തിപ്പെടുത്തുന്നു. ഒടുവിലായി വയലിനിൽ സ്വരം ഉണരുന്നതോടെ അതുമാത്രം ശ്രാവ്യമാക്കി മാററുന്നു – സംവിധായകൻ ആനന്ദം കൊള്ളുന്നു. പെട്ടെന്ന് ഒരു അപസ്വരം വയലിനിൽ നിന്ന് ഉയരുന്നതോടെ സംവിധായകൻ വിവശനാകുന്നു – നടക്കുന്നു.

സംവി:– നിറുത്തൂ ! (രൂക്ഷമായി മനുഷ്യൻെറ നേർക്ക് തിരിഞ്ഞ്) ഹേ മനുഷ്യാ, ഏററവും വിശിഷ്ടമായ ഉപകരണം നിന്നെ ഞാൻ ഏല്പിച്ചു. എന്നാൽ നീ...... നീ മാത്രം തെററായ സ്വരം ഉണർത്തി. മനോഹരമായ ഈ സംവിധാനത്തെ തകിടം മറിച്ചു; അപസ്വരം ഉണർത്തി, ഈ നാദലഹരിയെ മലീമസമാക്കി, നിൻെറ അപസ്വരം എല്ലാററിലേക്കും വ്യാപിക്കുന്നു. (അണിയറയിൽ അപസ്വരം ഉറക്കെ വായിക്കുന്നു; ചെവികൾ പൊത്തി) വയ്യ, എനിക്കു വയ്യ, ഈ അപസ്വരം കേൾക്കാൻ എനിക്കു വയ്യ,

(വേച്ചു വേച്ചു രംഗത്തു നിന്നു പോകുന്നു. മനുഷ്യനും, മൃഗങ്ങളും, പരിഭ്രാന്തരായി മാറുന്നു. മനുഷ്യൻ, സംവിധായകൻ പോയതു് ഉറപ്പുവരുത്തിയശേഷം, തിരിഞ്ഞ് ഓടാൻ നോക്കവേ മൃഗങ്ങൾ ചുററും വളയുന്നു; ആക്രോശിക്കുന്നു.)

മനുഷ്യൻ:– എന്നെ ഉപദ്രവിക്കല്ലേ (2)

സ്രഷ്ടാവ്:– (ശക്തിയേറിയ പ്രകാശം മനുഷ്യനു നേർക്ക്) മനുഷ്യാ,... മനുഷ്യാ,... നീ എന്തിനു ഭയപ്പെടുന്നു. (രംഗത്തുള്ള സകല മൃഗങ്ങളും പ്രകാശത്തെ ശ്രദ്ധിക്കുന്നു.) എൻെറ സാദൃശ്യത്തിൽ നിന്നെ ഞാൻ മെനഞ്ഞെടുത്തു. ഈ പ്രപഞ്ചത്തിൽ ഉന്നതമായ സ്ഥാനം നിനക്കു ഞാൻ നൽകി. എന്നാൽ നീ അതിൻെറ പവിത്രത നശിപ്പിച്ച്, എന്നെ വഞ്ചിച്ചു. (flickering light) (അതിവേഗം രംഗത്ത് ശക്തിപ്പെടുത്തുന്നു. ഇടിവെട്ട്)

മനുഷ്യൻ:– (കിതച്ച്) ഇല്ല... ഇല്ല.

സ്രഷ്ടാവ്:– നീ എന്നിൽ നിന്നും വളരെ മാറിപ്പോയിരിക്കുന്നു–പ്രപഞ്ച സംവിധാനത്തിൽ നീ അപസ്വരം ഉണർത്തി, നീ മാത്രം....

(പ്രകാശം ഇല്ലാതെയാകുന്നു) (മൃഗങ്ങൾ മനുഷ്യൻെറ കൈത്തണ്ടയിൽ പിടിച്ച് അങ്ങോട്ടും ഇങ്ങോട്ടും വലിക്കുന്നു. അണിയറയിൽ അപശ്രുതി ഈണത്തിൽ വായിക്കുന്നു.)

മനുഷ്യൻ:– എന്നെ രക്ഷിക്കൂ... (2) ഈ അപശ്രുതിയിൽ നിന്ന് എനിക്കു മോചനമില്ലേ? ഇല്ലേ(2) (നിലത്തു വീഴുന്നു. ലൈററ് ഓഫ്.)

സ്രഷ്ടാവ്:– (Ray light, Angel voice) നിനക്കു രക്ഷയേകാൻ ഞാനൊരു രക്ഷകനെ അയക്കും......(മനുഷ്യൻ അങ്ങേയററം ശുഭാപ്തി വിശ്വാസത്തോടെ എണീററ് കൈകൾകൂപ്പിനിൽക്കുന്നു. മൃഗങ്ങളും വെളിച്ചത്തെ ദർശിച്ചുനിൽക്കുന്നു. ഒരു ഹമ്മിംങ്ങ് ഒഴുകിയെത്തുന്നു.)

കർട്ടൻ

## രംഗം 2

കമൻററി:–മനുഷ്യൻ ഉണർത്തിവിട്ട അപസ്വരം തലമുറകളിലേയ്ക്കു വ്യാപിക്കാൻ തുടങ്ങി. നോഹയുടെ കാലഘട്ടം ആയപ്പോഴെക്കും ഈ അപസ്വരം എങ്ങും വ്യാപിച്ചു. ഒരിടത്തും സ്വരമില്ലാതായി......എങ്ങും അപസ്വരം മാത്രം–മനുഷ്യൻ തന്ത്രികൾ തകർന്ന വെറും ഒരു വാദ്യോപകരണമായിമാറി.

(രംഗത്തു പ്രകാശം കടന്നുവരുന്നു. മരത്തടികൾ ചുമന്ന ചിലർ ''ഏല, ഏലെ'' എന്ന ലയത്തിൽ കൊണ്ടുപോകുന്നു–എന്തോ വലിയ കെട്ടിട നിർമ്മാണ സ്വരങ്ങൾ അണിയറയിൽ കേൾക്കുന്നു. മരം ചുമന്ന് ഒന്നുരണ്ടു ചുമടുകൾക്കുശേഷം, രണ്ടുപേർ ചട്ടമ്പിവേഷത്തിൽ കടന്നുവരുന്നു. തടി ചുമക്കുന്നവരോട്)

ചട്ടമ്പി:- നിറുത്തിനിടാ! (രൂക്ഷമായി അവരെ നോക്കി) മരം താഴെ യിറക്കു (ചുമക്കുന്ന മൂവരും മരത്തടി താഴെവെക്കുന്നു. ഒന്നാമനെ ചൂണ്ടി) നീ കയറിനില്ലൂ, എന്തിനാ ഈ മരം.

സോം:- (കയറി നിന്ന്) ഈ മരം പെട്ടകം പണിയാൻ.

നേതാ:- (അട്ടഹസിക്കുന്നു) പെട്ടകമോ, അത് എന്തു ചട്ടകമാടാ, ആർ പറഞ്ഞു പെട്ടകം പണിയാൻ!

സോം:- യഹോവ, എന്റെ താതനോടു കല്പിച്ചതാണ്. താമസി യാതെ ഇവിടെ ഒരു ജലപ്രളയം ഉണ്ടാകും.

നേതാ:- നിറുത്തടാ, അധികപ്രസംഗി! മാറി നില്ക്കു- (രണ്ടാമനെ ചൂണ്ടി) കയറി നില്ക്കു- മണ്ടത്തരമാണെങ്കിലും കേൾക്കട്ടെ.

മററ ചട്ടമ്പി:- അതെ! അപ്പടി പുതുമ തന്നെ. (ചിരി)

കാം:- തിന്മകൊണ്ട് ഇവിടം നിറഞ്ഞു. സകലരേയും യഹോവ ജലപ്രളയത്താൽ നശിപ്പിക്കും തീർച്ച.

നേതാ:- (പുഛമായി) അങ്ങനെയോ. അപ്പോൾ സമൃദ്ധമായി വെള്ളം കുടിക്കാം അല്ലേ. (സ്വരം മാററി) ധിക്കാരീ, മാറി നിൽക്കടാ. (മൂന്നാമനെ ചൂണ്ടി) കേൾക്കട്ടെ നിന്റെ വിശേഷം.

ജാഫർ:- (കരയുന്നു) എനിക്ക് ഒന്നും അറിഞ്ഞുകൂടാ.

നേതാ:-(ചെകിടത്ത് അടിക്കുന്നു) ഇപ്പോൾ അറിഞ്ഞുകാണും (സോം ചാടി വന്ന് നേതാവിനെ തടയുന്നു. നേതാവ് അവന്റെ മുടിക്കു പിടിച്ച് ആഞ്ഞ് തള്ളുന്നു, വീഴുന്നു. വീണ്ടും ഉയർത്തി) നിന്റെ ശൗര്യം തീർന്നോ.

സോം:-(ഒന്നും മിണ്ടുന്നില്ല. നേതാവിനെ ഭയത്തോടെ നോക്കി നിൽക്കുന്നു)

നേതാ:- ആട്ടെ ഈ മരം എടുക്ക്. (മൂവരുംകൂടെ മരം എടുക്കുന്നു) മരം തിരിച്ചു കൊണ്ടുപോകു. (അവർ മടിച്ചുനില്ക്കുന്നു) നിങ്ങൾ പോകില്ല അല്ലേ. (ഉടനെ ചാട്ട അരയിൽനിന്ന് വലിച്ച് എടുത്ത് അവരെ അടിക്കാൻ ഓങ്ങവേ നോഹ കടന്നു വരുന്നു.)

നോഹ:- തൊട്ടുപോകരുത്!...... (രണ്ടടി മുന്നോട്ടു വന്ന്) ഇവർ എ ന്റെ മക്കളാണ്.

നേതാ:- വാ വാ വാ... അവിടെ പറ കാര്യം. നീ ആരടാ കിഴവാ?

നോഹ:- ഞാൻ... നോഹ!... നിങ്ങൾ എന്തിനാണ് ഇവരെ ഉപദ്ര വിക്കുന്നതു്? ഇവർ ഒരു തെററും നിങ്ങളോട് ചെയ്തില്ലല്ലോ

നേതാ:– ഉണ്ട്... ഉണ്ട്... ചെയ്തിട്ടുണ്ട്.

നോഹ:– എന്താ

നേതാ:– ഈ പെട്ടകം പണിയാൻ ആർ പറഞ്ഞു.

നോഹ:– യഹോവ.

നേതാ:– ഫൂ! (പച്ചമായി) യഹോവ, മണ്ണാംകട്ട, അങ്ങനെ ഒരു വസ്തു ഭൂമുഖത്ത് ഇരിപ്പുണ്ടോ?

നോഹ:– (സഗൗരവം) നിങ്ങൾ ദൈവദൂഷണം പറയരുത്.

നേതാ:– പറഞ്ഞാൽ എന്തു ചെയ്യും മുതുക്കാ, (നോഹായെ തള്ളുന്നു; വീഴുന്നു, ഉടനെ രംഗത്ത് ''തീ'' ഉണ്ടാകുന്നു. ചട്ടമ്പികൾ ഓടിമറയുന്നു.)

ദൈവം:- നോഹ...... നോഹ...... (പ്രകാശം നോഹയുടെ നേർക്ക്)

നോഹ:–(വീണിടത്തുനിന്ന് എഴുന്നേററ്) എൻെറ യഹോവേ, ഞാനിവിടെയുണ്ട്.

ദൈവം– ഭൂമുഖം മുഴുവൻ വെള്ളത്താൽ നശിപ്പിക്കാൻ പോകുന്നു. നീയും കുടുംബവും പെട്ടകത്തിൽ പ്രവേശിക്കു. ഓരോ ജീവജാലങ്ങളിൽ നിന്നും ആണും പെണ്ണുമായി ഓരോ ഗണം വീതം പെട്ടകത്തിൽ ഉണ്ടാകണം. ആവശ്യമുള്ള ആഹാര സാധനങ്ങൾ കരുതിയേക്കണം.

നോഹ:– ഇതാ അവിടത്തെ ദാസൻ. (സകലരും മുട്ടുകുത്തുന്നു)

ഗാനം:– പരിശുദ്ധനും സ്രഷ്ടാവും നീ
നമ്മെ നയിക്കുന്നു.
ശാന്തിതൻ തീരം പൂകാൻ
ശരണം നീ ശരണം ദീപം നീ ദീപം

(ലൈററ് ഓഫ് ആകുന്നു. എല്ലാവരും ഒന്നാകുന്നു. ഇടിവെട്ട്, മിന്നൽ ശക്തിയായി. കൂട്ടനിലവിളി, രംഗത്തു മഴ കാണുന്നു. മൃഗങ്ങൾ അങ്ങോട്ടും ഇങ്ങോട്ടും ഓടുന്നു. ഒന്നുരണ്ടു പേർ മഴ നനഞ്ഞു രംഗത്തു കയറി വരുന്നു).

ഒന്നാ:– വല്ലാത്ത മഴ. അയ്യോ ... ആ മരങ്ങൾ മുഴുവൻ കട പുഴകി വീഴുന്നു. ആ പ്രദേശം മുഴുവൻ വെള്ളത്തിലായി. ഈ മഴ ഒരു ശിക്ഷതന്നെയാണ് (കൂട്ടനിലവിളി, മരം വീഴുന്ന സ്വരം).

രണ്ടാ:– അതാ അങ്ങോട്ടു നോക്കു്. കുന്നിൻെറ മുകളിൽ നോഹിൻെറ പെട്ടകം. അവർ എത്ര സുഖമായി ഇരിക്കുന്നു. (രണ്ടുപേരും അങ്ങോട്ടു നോക്കി നിൽക്കുന്നു. ദൈവസ്തുതിഗീതങ്ങൾ ഒഴുകിയെത്തുന്നു).

ഈ യഹോവ വല്ലാത്ത ക്രൂരനാണ്. അവനു നമ്മെ രക്ഷിച്ചു കൂടെ.

രണ്ടാ:– ശരിയാണ്. അതാ ആ വെള്ളം എത്ര ഊക്കോടെയാണ് ആഞ്ഞടിക്കുന്നതു്. ആ വെള്ളം നമ്മെ നശിപ്പിക്കുമോ. നമുക്കു രക്ഷപ്പെടണം. (2)

(പരസ്പരം അങ്ങോട്ടും ഇങ്ങോട്ടും ''എങ്ങനെ''യെന്നു ചോദിക്കുന്നു. ഒരുവൻ കിതച്ചു വേച്ചു വേച്ചു കടന്നുവരുന്നു).

ആഗതൻ:– അയ്യോ ജനങ്ങൾ മുഴുവൻ വെള്ളത്തിൽ മുങ്ങിച്ചാകുന്നു. ഞാൻ രക്ഷപ്പെട്ടു (കിതയ്ക്കുന്നു). ഇല്ല. അടുത്ത നിമിഷം ആ വെള്ളം എന്നെയും വിഴുങ്ങും തീർച്ച. അതിനു മുമ്പു ഞാൻ ...... ഞാൻ. (അവൻ ഓടുന്നു. വെള്ളത്തിൽ വീഴുന്ന ശബ്ദം. രംഗത്തുള്ളവർ അവനെ വീക്ഷിച്ചു നിൽക്കുന്നു. ഈ സമയത്തു ''മനുഷ്യൻ'' കൈയിൽ വയലിനുമായി കടന്നുവരുന്നു. അവൻെറ വസ്ത്രം ഇപ്പോൾ കറുത്തതാണ്. രംഗത്തുള്ളവർ അവനെ കണ്ടു ഭയക്കുന്നു).

രണ്ടുപേരും:– (ഭയത്തോടെ)! നിങ്ങളാരാണ്?

മനുഷ്യൻ:– മനുഷ്യൻ

ഒന്നാ:– അപ്പോൾ ഞങ്ങളാരും മനുഷ്യരല്ലേ?

മനു:– അതെ! ജീവിതത്തിൽ താളം തെററിയവർ ... ഞാൻ തൊടുത്തുവിട്ട അപശ്രുതി നിങ്ങളിലേക്കും പടരുന്നു. വ്യാപിക്കുന്നു. (അപശ്രുതി ഉയരുന്നു. മനുഷ്യൻ ചെവികൾ പൊത്തുന്നു). എന്നെ രക്ഷിക്കൂ ...... എന്നെ രക്ഷിക്കൂ ... എന്നെ രക്ഷിക്കൂ. (നിലത്തു മുട്ടുകുത്തി കൈകൾ ഉയർത്തി യാചനാരൂപത്തിൽ നിൽക്കുന്നു). കർട്ടൻ.

## രംഗം 3

(കർട്ടൻ തുറക്കുമ്പോൾ രംഗത്തു മഴവില്ല് കാണുന്നു)

കമൻററി:– അന്നു ദൈവം ഭൂമുഖത്തു ഇറക്കിയ ശിക്ഷയുടെ ചിഹ്നമാണ്, ഇന്നു് ആകാശത്തു വിരിയുന്ന മഴവില്ല്. ഇനി താൻ ഒരിക്കലും ഭൂമുഖത്തെ മുഴുവൻ ജലപ്രളയത്താൽ നശിപ്പിക്കയില്ലെന്നുള്ള ഉടമ്പടിയും ആ മഴവില്ലിൽ നിറഞ്ഞുനില്പുണ്ട്. കാലചക്രം പിന്നെയും പിന്നിട്ടപ്പോൾ മനുഷ്യൻെറ സ്വരം മാറാൻ തുടങ്ങി. തലമുറയിൽ അപസ്വരങ്ങൾ ശക്തമായി: അബ്രാഹത്തിൻെറ കാലഘട്ടം: (അബ്രാഹം ആരെയോ പ്രതീക്ഷിച്ച് അങ്ങോട്ടുമിങ്ങോട്ടും നടക്കുന്നു. കൈയിൽ വടിയുണ്ട്. ഒരു വയസ്സൻെറ പ്രതീതി തോന്നും. അല്പസമയം കഴിഞ്ഞു പുറത്തുനിന്ന് ഒരു വേലക്കാരൻ ഓടിക്കിതച്ചു വരുന്നു).

വേല:– റബ്ബി - സ്വസ്തി! സോദോമിൽ നീതിമാന്മാരായി ഞാൻ ആരേയും കണ്ടില്ല.

അബ്രാ:– അങ്ങനെയോ. ആ പട്ടണം ആകെ നശിച്ചെന്നോ, എനിക്കതു വിശ്വസിക്കാൻ സാധിക്കുന്നില്ല.

വേല:– അതെ റബ്ബി! ലഹരിക്കുവേണ്ടി എന്തൊക്കെയോ കുടിക്കുന്നു. കലഹിക്കുന്നു. ചിലർ ചിലരെ കൊല്ലുന്നു. നഗ്നനൃത്തങ്ങൾ. അസാന്മാർഗ്ഗികത അവിടെ കൊടികുത്തി വാഴുന്നു. വൃദ്ധജനങ്ങളെ തല്ലിക്കൊന്നു കടലിൽ എറിയുന്നു.

അബ്രാ:– (കിതച്ച്) നിറുത്തു......എനിക്കു് ഒന്നും കേൾക്കണ്ട. മറെറാരു വേലക്കാരൻവരുന്നു. ദേഹത്തു തല്ലു കിട്ടിയ വേദനയുമായി വിഷമിച്ച്

വേല(2):– റബ്ബി സ്വസ്തി!

അബ്രാ:– ഹാ ... ഗോമോറയിൽ എന്തുണ്ട വിശേഷങ്ങൾ.

വേല(2):– ആ പട്ടണത്തിലേക്കു കടന്നു ചെല്ലാൻപോലും പേടിയാകുന്നു. അത്രുത്സം അക്രമാസക്തരാണ് അവിടത്തെ ജനങ്ങൾ. (പുറം കാണിച്ചു വേദന പ്രകടിപ്പിച്ച്) ഇതു കണ്ടോ. അവർ എന്നേ പൊതിരെ തല്ലി. അനങ്ങാൻപോലും എനിക്കു പററുന്നില്ല

അബ്രാ:– എന്തു്! അപ്പോൾ ലോത്തിനെ വിവരം അറിയിച്ചില്ലേ.

വേല (2):– ഉവ്വ്! ഇന്നുതന്നെ പുറപ്പെടാൻ പറഞ്ഞിട്ടുണ്ട്.

അബ്രാ:– (ഒന്നാമനോട്) നീ വേഗം ചെന്നു ലോത്തിനെ കൂട്ടിക്കൊണ്ടുവരൂ. (രണ്ടാമനോട്) നീ പോയി വിശ്രമിക്കു (രണ്ടുപേരും പോകുന്നു).

അബ്രാ:– (ആത്മഗതം) നീതിമാന്മാരെ തിരക്കി ഞാൻ പല തവണ പട്ടണങ്ങളിൽ ചുററി നടന്നു. ആരേയും കണ്ടില്ല. ആരെയും...(കൈകൾ വിരിച്ച്) സകലത്തിൻെറയും ഉടയവനായ ദൈവമേ! ആ പട്ടണങ്ങളുടെമേൽ കരുണ ഉണ്ടാകണമെ. നന്മ മുഴുവൻ നിന്നിൽ ഞാൻ കാണുന്നു. നിന്നെ ഞാൻ ആരാധിക്കുന്നു. സ്തുതിക്കുന്നു. (ഈ സമയത്തു തൂവെള്ള വസ്ത്രത്തിൽ 3 മാലാഖാമാർ മെല്ലെ നടന്നുവരുന്നു).

മാലാഖ മൂവരും (ഒരു കൈ നീട്ടിപ്പിടിച്ച്) അങ്ങേക്കു സമാധാനം.

അബ്രാ:– (അവരെ നോക്കി) നിങ്ങൾക്കും സമാധാനം. നിങ്ങളെ ഞാൻ ഇതിനുമുമ്പു കണ്ടിട്ടില്ലല്ലോ.

മാലാ(1):– ഞങ്ങൾ സേദോം, ഗോമാറയിലേക്കുള്ള യാത്രാമദ്ധ്യേ ഇവിടെ ഇറങ്ങിയതാണ്.

അബ്രാ:– എങ്കിൽ എന്റെ ഇന്നത്തെ സൽക്കാരം സ്വീകരിച്ച നാളെ പോകാം.

മാലാ (2):– അങ്ങയുടെ ഇഷ്ടം ഞങ്ങൾ നിറവേററുന്നു.

മാലാ (1):– അബ്രാഹം – സന്താനങ്ങളില്ലാത്ത നിന്റെ ഭാര്യ സാറ ഒരു കുഞ്ഞിനെ പ്രസവിക്കും അവനെ ഇസഹാക്കു് എന്നു പേർ വിളിക്കണം (അബ്രാഹം സന്തോഷവനായിത്തീരുന്നു). അബ്രാഹം സോദോമിനും ഗൊമോറാക്കും എതിരെയുള്ള മുറവിളി വളരെ വലുതാണു്. അവരുടെ പാപം ഗുരുതരമാണു്. അതുകൊണ്ടു് ആരാജ്യം മുഴുവൻ തീയും ഗന്ധകവും ഇറക്കി ദൈവം നശിപ്പിക്കാൻ പോകുന്നു.

അബ്രാ:– (ഞെട്ടി) എന്തു് പ്രഭോ ... എന്റെ സഹോദരൻ ലോത്തു് അവിടെയുണ്ടു്. എല്ലാവരേയും നശിപ്പിക്കുമോ.

മാലാ (3):– നഗരത്തിൽ 50 നീതിമാന്മാർ ഉണ്ടെങ്കിൽ ആ രാജ്യം ദൈവം നശിപ്പിക്കില്ല.

അബ്രാ:– നീതിമാന്മാർ 40 പേരെ ഉള്ളുവെങ്കിൽ

മാലാ(2):– ആ നാല്പതുപേരെപ്രതി ദൈവം ആ രാജ്യം നശിപ്പിക്കില്ല.

അബ്രാ:– (ആലോചിച്ച്) ക്ഷമിക്കണം. നീതിമാന്മാർ 30 പേരോ ഉള്ളുവെങ്കിൽ

മാലാ(1):– ആ മുപ്പതു പേരെ പ്രതി ആ പട്ടണം നശിപ്പിക്കില്ല.

അബ്രാ:– ചോദിക്കുന്നതിൽ വിഷമം തോന്നരുതു്. 10 പേർ നീതിമാന്മാർ ആയി ഉള്ളുവെങ്കിൽ എന്തുചെയ്യും?

മാലാ (2):– ആ പത്തുപേരെ ഓർത്തു് ആ രാജ്യത്തിനു് ഒന്നും സംഭവിക്കില്ല

അബ്രാ:– (സന്തോഷത്തോടെ) പ്രഭോ, ...... ഇത്രയും കാരുണ്യത്തോടെ സംസാരിച്ച നിങ്ങൾ ആരാണു്?

മാലാ (1):– ഞങ്ങൾ സ്വർഗ്ഗത്തിൽനിന്നു വന്ന ദൈവദൂതന്മാരാണു്. (അബ്രാഹം അവരെ വണങ്ങുന്നു. എയ്ഞ്ചൽ ഗാനം കേൾക്കാം. കർട്ടൻ. ലൈററ് അണയുന്നു. രംഗം തുറക്കുമ്പോൾ ലോത്തും ഭാര്യയും മക്കളും (2) ഒരു മാലാഖ. പ്രകാശം പരക്കുന്നു).

മാലാ :– (ഒരു കൈ നീട്ടി) ലോത്തു് എത്രയും വേഗം പോകുക. ദൈവം ഈ രാജ്യം നശിപ്പിക്കാൻ പോകയാണു്. ആരുംതന്നെ പിൻതിരിഞ്ഞു നോക്കരുതു്. താഴ്‌വരയിലെങ്ങും താങ്ങുകയുമരുതു്.

ലോത്തു്:– പ്രഭോ,ഞാൻ ആകാണുന്ന ചെറിയ പട്ടണത്തിലേക്കു പൊയ്ക്കൊള്ളട്ടെ.

മാലാ:– ശരി. ആ പട്ടണംമാത്രം നശിപ്പിക്കുകയില്ല. എത്രയും വേഗം രക്ഷപ്പെട്ടുകൊള്ളൂ. വേഗമാകട്ടെ (മാലാഖ അപ്രത്യക്ഷമാകുന്നു)

ലോത്ത്:– (മക്കളുടെ കൈപിടിച്ചു്) വരൂ വേഗം. ആരും പിൻതിരിഞ്ഞു നോക്കരുതു്. മനസ്സിലായോ മക്കളെ.

മക്കരം:– ഉവ്വ്. (നടക്കുന്നു. ലോത്തിൻെറ ഭാര്യ പിൻതിരിയുന്നു. ആളിക്കത്തുന്ന തീ കണ്ടു് അന്ധാളിച്ചു് എതിർഭാഗത്തേക്കു ചൂണ്ടിക്കൊണ്ടു്)

ഭാര്യ:– അയ്യോ, ഞങ്ങളുടെ നെൽപ്പാടങ്ങരം, ഞങ്ങളുടെ കൃഷിയിടങ്ങരം ഇതാ വെന്തെരിയുന്നു. (അവളുടെ സ്ഥാനത്തു ലൈററ് ഓഫിൽ മുഴവനും വെളുത്ത സ്ത്രീയെ, അതായതു് ഉപ്പുതൂണു വെളിച്ചം വരുമ്പോരം കാണുന്നു. അപശ്രുതി ഉയരുന്നു). മനുഷ്യൻ ഒരു കൈയിൽ വയലിനുമായി മെല്ലെ കടന്നുവരുന്നു).

മനുഷ്യൻ:– (ഉപ്പുതൂൺ തൊട്ടു്) എന്തു്, ഉപ്പുതൂണോ. നീതിമാനായ ലോത്തിൻെറ ഭാര്യ അല്ലെ ഇതു്. ഞാൻ പുറപ്പെടുവിച്ച അപസ്വരം ഇത്രയും ഭീകരമാണോ. (ഒരു ഭാഗത്തു് ആളിക്കത്തുന്ന ജ്വാലകണ്ടു്) ആ ആളിക്കത്തുന്ന തീജ്വാലകരം എൻെറ അപശ്രുതിയുടെ താളമല്ലേ. കർണ്ണകഠോരമായ അപസ്വരം എന്നിൽ ആഞ്ഞടിക്കുന്നു. (അപശ്രുതി ശക്തി പ്രാപിക്കുന്നു). എന്നെ രക്ഷിക്കൂ ...... എന്നെ രക്ഷിക്കൂ ...... എന്നെ രക്ഷിക്കൂ. (നിലത്തു മുട്ടുകുത്തി തല കുനിച്ചുനില്ക്കുമ്പോരം) (കർട്ടൻ)

## രംഗം 4

(രംഗത്തു് കടൽ ഇരമ്പുന്നു)

കമൻററി:– 'ഡെഡ്സി' എന്ന നാമത്താൽ ഇന്നും സ്ഥിതിചെയ്യുന്ന ഈ കടലിൽ, ഒരു ജീവിപോലും ജീവനോടെ ഇല്ല. കടുത്ത ഉപ്പുരസം നിറഞ്ഞു സോദോം, ഗോമോറ പട്ടണങ്ങരംക്കു താഴെ അന്നത്തെ ശിക്ഷയുടെ അടയാളമായി ഇന്നും തുടരുന്നു. (കടൽ അപ്രത്യക്ഷമാകുന്നു. കമൻററി തുടരുന്നു). ഡ്യൂപ്ളിക്കേററു വസ്തു ആദ്യമായി ഭൂമുഖത്തു് ഇറക്കിയതു് ഇസ്രായേൽക്കാർ ആയിരിക്കാം. ദൈവത്തിനു പകരം ഒരു സ്വർണ്ണ കാളക്കുട്ടി – ആ കാളക്കുട്ടി ഏററവും വലിയ അപസ്വരത്തിൻെറ അടയാളമായി മാറി. (അഹറോനും മററു രണ്ടുപേരും എന്തോ കാര്യങ്ങരം പറഞ്ഞു കടന്നു വരുന്നു).

ഒന്നാ:– മതി, മോസസിൻെറയും ദൈവത്തിൻെയുംകൂടെയുള്ള ഈ നടത്തം.

രണ്ടാ:– അതുതന്നെയാണു ഞാനും പറയുന്നേ.

അഹറോ:– കൂട്ടരെ ഇന്നു നാം ഉണ്ടാക്കിയ പുതിയ ദൈവത്തിൻെറ ഉദ്ഘാടനമാണ്. ഈ ഉദ്ഘാടനം സമംഗളമായി നടത്താൻ ആഗ്രഹിക്കുന്നു; അഭിലഷിക്കുന്നു. (കൈ അടിച്ച്) കൂട്ടരെ, നമ്മുടെ പുതിയ ദൈവത്തെ കൊണ്ടുവരൂ. (അണിയറയിൽനിന്നു നൃത്തമായി ഒരു കാളക്കുട്ടിയെ ചുമന്നുകൊണ്ട് അഞ്ചാറുപേർ കടന്നുവരുന്നു. കാളക്കുട്ടിയെ സ്റ്റേജിൻെറ മദ്ധ്യേവച്ചു നൃത്തം ചെയ്യുന്നു).

ഗാനം:– ദൈവം സ്വന്തമായാൽ എല്ലാം ബന്ധമായ്
ഈ കാളക്കു മുന്നിൽനിന്നും നൃത്തമാടാം.
ആടിപ്പാടി ഞങ്ങൾ നിന്നെ വാഴ്ത്തീടുന്നു.
താളമേളമോദമോടെ കുമ്പിടുന്നു.

(നൃത്താവസാനം മോസസ് പ്രമാണപലകയുമായി ഒരുഭാഗത്തു പ്രത്യക്ഷപ്പെടുന്നു).

മോസസ്:– നിറുത്തു...... ശപിക്കപ്പെട്ടവരേ. (കാളക്കുട്ടിയെ നോക്കി) അഹറോൻ എന്താണിതു്?

അന്ന:– (പേടിച്ച്) ഞാനല്ല ...... ഇവരെല്ലാവരുംകൂടി നിർബന്ധിച്ചപ്പോൾ, പുതിയ ദൈവത്തെ ആവശ്യപ്പെട്ടപ്പോൾ ഞാനിതു ചെയ്തു.

മോസ:– (അതീവ ദുഃഖത്തോടെ) നന്ദിയില്ലാത്തവരേ, നിരവധി നന്മ ചെയ്ത ദൈവത്തെ നിങ്ങളിന്നു പുല്ലു തിന്നുന്ന കാളക്കുട്ടിയാക്കി മാററി. ഫറവോൻെറ ക്രൂരമായ അടിമത്തത്തിൽനിന്നു നിങ്ങളെ രക്ഷിച്ച് അത്ഭുതകരമായി ചെങ്കടൽ കടത്തി ഈ മരുഭൂമിയിൽ മന്നയും കാടപ്പക്ഷികളും സമൃദ്ധമായി വെള്ളവും നൽകി തീററിപ്പോററുന്ന ആ നല്ല ദൈവത്തെ നിങ്ങൾ ഇന്നു് ഒന്നുമല്ലാതാക്കി. നിങ്ങൾക്കു് ഒരിക്കലും മാപ്പില്ല ...... ഇല്ല ... ഇല്ല. (പ്രമാണപലക എറിയുന്നു. കാളക്കുട്ടി തീ പിടിക്കുന്നു. എല്ലാവരും സ്ഥലം വിടുന്നു. അപശ്രുതി ഉയരുന്നു. മനുഷ്യൻ രംഗത്തു കടന്നു വരുന്നു. കാളക്കുട്ടിയെ ശ്രദ്ധിക്കുന്നു. പ്രമാണപലക എടുക്കുന്നു).

മനുഷ്യ:– ദൈവം നൽകിയ പത്തു കല്പനകൾ. ഇതിൽ ഞാനെൻെറ മോചനം കാണുന്നു. നഷ്ടപ്പെട്ട എന്നിലെ ശ്രുതി എങ്ങനെ നേടിഎടുക്കാമെന്നു് ഇതിൽ ലേഖനം ചെയ്യപ്പെട്ടിരിക്കുന്നു. (പ്രമാണപലക മാത്രം പ്രകാശംകൊണ്ട് നിറയുന്നു. പത്തു പ്രമാണങ്ങൾ ജനത്തിനു നേരെ കാണിച്ചുകൊണ്ടു നിൽക്കവെ) — കർട്ടൻ—

## രംഗം 5

കമൻററി:— മനുഷ്യനിൽ അസഹ്യമായി വളർന്ന അപസ്വരം, സ്വരമാക്കി മാററാൻ ഒരു സംവിധായകൻ കടന്നുവരുന്നു. അദ്ദേഹത്തിലൂടെ സകലവും വീണ്ടും സംവിധാനം ചെയ്യപ്പെട്ടു.

(സ്നാപകയോഹന്നാൻ പ്രവേശിക്കുന്നു.— രംഗത്തു പ്രകാശം പരക്കുന്നു)

സ്നാപകയോഹന്നാൻ:— പാപികളേ, അനുതപിക്കുവിൻ. ദൈവരാജ്യം സമീപിച്ചിരിക്കുന്നു. വൃക്ഷങ്ങളുടെ വേരിനു കോടാലി വെക്കപ്പെട്ടിരിക്കുന്നു. നല്ല ഫലങ്ങൾ നൽകാത്ത വൃക്ഷങ്ങളെല്ലാം വെട്ടി തീയിൽ എറിയപ്പെടും. സർപ്പസന്തതികളേ, വരാനിരിക്കുന്ന ദൈവ കോപത്തിൽ നിന്ന് ഓടി അകലുവിൻ. (ഈ സമയത്ത് ക്രിസ്തു രംഗത്തുവരുന്നു) ഇതാ രക്ഷകൻ! ഇവൻെറ ചെരുപ്പുകളുടെ കെട്ടഴിക്കാൻപോലും ഞാൻ യോഗ്യനല്ല. അവൻെറ ആജ്ഞയാൽ കടൽ ശാന്തമാകുന്നു. കുരുടർക്ക് കാഴ്ച ലഭിക്കുന്നു. കുഷ്ഠരോഗികൾ സുഖം പ്രാപിക്കുന്നു. മരിച്ചവർ ഉയിർക്കുന്നു. പുതിയ ആകാശവും പുതിയ ഭൂമിയും ഇവനിലൂടെ ഉദയംചെയ്യുന്നു. (ക്രിസ്തുവിൻെറ തലക്കുമീതെ മാത്രം പ്രകാശം)

ദൈ:— ഇവൻ എൻെറ പ്രിയ പുത്രനാകുന്നു. ഇവനിൽ ഞാൻ സംപ്രീതനായിരിക്കുന്നു.

(ലൈററ് ഓഫ്, കർട്ടൻ മാറുമ്പോൾ പീലാത്തോസിൻെറകൊട്ടാരം. ക്രിസ്തു ചുവന്ന അങ്കി അണിഞ്ഞ് കൈകൾ ബന്ധിച്ച് ഒരു ഭാഗത്ത്. രണ്ടു പടയാളികൾ കുന്തവുമായി രണ്ടു വശത്തും നിൽക്കുന്നു. ക്രിസ്തുവിൻെറ എതിർ ഭാഗത്ത് ബറാബാസിനെ ചങ്ങലകൾകൊണ്ടു ബന്ധിച്ചു നിർത്തിയിരിക്കുന്നു).

പീലാ:— (ഇരിപ്പിടത്തിൽ നിന്നു എണീററ് വന്ന് ജനത്തോട്) പ്രജകളേ, സുപ്രധാനമായ ഒരു വിധിതീർപ്പിനായി ഇവരെ രണ്ടു പേരെയും നാം നിങ്ങൾക്കു മുന്നിൽ നിർത്തുന്നു. വിധി പറയുംമുമ്പെ ഇവർക്ക് എന്തെങ്കിലും പറയാനുണ്ടെങ്കിൽ പറയട്ടെ.

ബറാബാ:— (വലിയ കോപത്തോടെ) ബെത്ലേഹം നിവാസികളെ, റോമാ ഭരണകൂടമേ, ഈ നിൽക്കുന്ന നീതിമാനേയും എന്നെയും ഒരേ വേദിയിൽ നിറുത്തി വിധിപറയാൻ നിങ്ങളെ പഠിപ്പിച്ചത് ആരാണ്.........അതിൻെറ നിയമസംഹിത എവിടെ നിന്നു കിട്ടി......(യേശുവിനെ നോക്കി) ഈ മനുഷ്യൻ സാധാരണക്കാരൻെറ ശബ്ദമാണ്. പാവപ്പെട്ടവൻെറ വികാരമാണ്.

ഇവൻെറ അരികെ നിൽക്കാൻപോലും ഞാൻ യോഗ്യനല്ല. കള്ളനും കൊലപാതകിയുമായ എന്നെ നിങ്ങൾ തുറങ്കിൽ അടച്ചു. ഇന്ന് എന്നെ മോചിപ്പിക്കാൻ കെട്ടിപ്പൂട്ടി ഇങ്ങോട്ടു കൊണ്ടുവന്നു.

ജനം—: ബെറാബാസിനെ മോചിപ്പിക്കുക. ക്രിസ്തുവിനെ കുരിശിൽ തറക്കുക. (3) (പീലാത്തോസ് ജനത്തോടു ശാന്തമായിരിക്കാൻ ആംഗ്യം കാണിക്കുന്നു)

ബറാ:— ഫൂ!......ജനം, വെറും കഴുത. മററുള്ളവർ പറയുന്നതു പേർത്തു പേർത്തു ചൊല്ലുന്ന വെറും കഴുതകൾ. റോമൻ ഭരണകൂടം പാവപ്പെട്ടവരെ കഴുത്തറക്കുന്ന കശാപ്പുശാലയാണ്.

പീലാ:— (ചാടി എഴുന്നേററ്) ഛീ! നിറുത്തു നിൻെറ ധിക്കാരം. അധികപ്രസംഗി.

ബറാ:— (ചിരിക്കുന്നു) ജനങ്ങൾ എൻെറ സ്വരം കേൾക്കാൻ ആഗ്രഹിക്കുന്നു. എന്നെ കിട്ടിയേ അവർ തൃപ്തരാകൂ. എന്നെ അവക്ക് വിട്ടുകൊടുത്തില്ലെങ്കിൽ നാളെ നിങ്ങളെ ഈ സിംഹാസനത്തിൽ നിന്നും തെറിപ്പിക്കും തീർച്ച—

പീലാ:— (ബറാബാസിനെ രൂക്ഷമായിനോക്കി ജനത്തോട്) നിങ്ങളുടെ ആഗ്രഹംപോലെ എൻെറ അധികാരത്താൽ കള്ളനും, കവർച്ചക്കാരനും, കൊലപാതകിയുമായ ബറാബാസിനെ നിങ്ങൾക്ക് ഞാൻ വിട്ടുതരുന്നു. (ജനം കയ്യടിക്കുന്നു) അതോടൊപ്പം.... നസ്രായനായ യേശുവിനെ കുരിശിൽ തറക്കാൻ ഞാൻ ഉത്തരവിടുന്നു.

ജനം:— ഗവർണ്ണർ നീണാൾ വാഴട്ടെ......(2) (പീലാത്തോസ് കൈകൾ കഴുകി മുന്നോട്ടു വന്ന് കൈകൾ കുടഞ്ഞ്)

പീലാ:— ഈ നീതിമാൻെറ രക്തത്തിൽ എനിക്കു പങ്കില്ല. (സ്ഥലം വിടുന്നു. പടയാളികളിൽ ഒരുവൻ വന്ന് ബറാബാസിൻെറ ചങ്ങല മാററുന്നു)

ബറാ:— (ചങ്ങലകൾ കുടഞ്ഞ് യേശുവിനെ ദയനീയമായിനോക്കി കടന്നു പോകുന്നു. മറെറാരു പടയാളി മുൾമുടി യേശുവിൻെറ തലയിൽ വെച്ച് അമർത്തുന്നു. യേശു വേദനകൊണ്ട് പ്രയാസപ്പെടുന്നു. ഉടനെ അവൻെറ കൈയ്യു പിടിച്ച് വലിച്ച്) 'നടക്ക്— ഇനി കാൽവരിയിലേയ്ക്കു''. (ലൈററ് ഓഫ്)

ക്രിസ്തുവിനെ കാൽവരിയിലേയ്ക്കു് കൊണ്ടുപോകുന്ന ചാട്ടവാർ അടികളും കരച്ചിലും ബഹളവുമെല്ലാം കേൾക്കുന്നു. ക്രിസ്തുവിൻെറ കാൽവരി യാത്ര നിഴൽനാടകത്തിലൂടെ കാണിച്ചാൽ നന്നായിരിക്കും. രംഗത്ത് പ്രകാശം വീഴമ്പോൾ ക്രിസ്തു കുരിശിൽ കിടക്കുന്നു. ഒരു ഭാഗത്തു മനുഷ്യൻ രണ്ടു കൈകൾ ഉയർത്തി ഒരു കയ്യിൽ വയലിൻ പിടിച്ചിരിക്കുന്നു.

ക്രിസ്തു:– (വേദനകൊണ്ട് സ്വരം ഉണ്ടാക്കി) പിതാവേ, ഇവർ ചെയ്യുന്നതെന്താണെന്ന്...... ഇവർ അറിയുന്നില്ല (ഉടനെ മനുഷ്യന്റെ പിറകിൽ നിന്ന് ഒരു പിശാച് രംഗത്തു വരുന്നു)

പിശാച്:– നസ്രായനായ യേശു, നീ ഞങ്ങളെ നശിപ്പിക്കാനായി ഈ യാഗം നടത്തുന്നുവോ? (പോകുന്നു)

ക്രിസ്തു–: എനിക്ക് ...... ദാഹിക്കുന്നു......... (2)
(ഉടനെ മനുഷ്യന്റെ പുറകിൽ നിന്ന് മറ്റൊരു പിശാചു പ്രത്യക്ഷനാകുന്നു)

പിശാ:– ഞങ്ങൾ ഇവിടെ ഉയർത്തിയ സാമ്രാജ്യം നീ ഈ ബലി വഴി തകർക്കുന്നു. (പോകുന്നു)

ക്രിസ്തു:– എല്ലാം.........എല്ലാം പൂർത്തിയായി. (കിതച്ചു കിതച്ച് മരിക്കുന്നു) ഇടിവെട്ട് മിന്നൽ എന്നിവ ഉണ്ടാകുന്നു. എല്ലാം ശാന്തമാകുമ്പോൾ ക്രിസ്തുവിന്റെ കുരിശിൽ ലൈററ് തെളിയുന്നു. മനുഷ്യൻ കൈകൾ താഴ്ത്തി മുന്നോട്ടു വന്നു്)

മനു:– ഇനി ഞാനല്ല മനുഷ്യൻ! ഇവനാണ് മനുഷ്യൻ! (യേശുവിനെ ചൂണ്ടി പറയുന്നു) യുഗയുഗാന്തരങ്ങളായി എന്നിലൂടെ വളന്ന് വലുതായ അപസ്വരം സ്വരമായി മാറുന്നു. (മെല്ലെ വയലിൻ ഉയർത്തിക്കൊണ്ടുവന്ന് അതിനെ നോക്കി)ഇതിലൂടെ ഉയന്ന അപസ്വരം ഇനി ഒരിക്കലും ഉണരാതിരിക്കട്ടെ...... ഉണരാതിരിക്കട്ടെ...... (വയലിൻ നിലത്തടിക്കുന്നു. വേച്ചു വേച്ച് ക്രിസ്തുവിന്റെ കുരിശിനു താഴെ ശിരസ്സു നമിച്ച് നിശ്ചലനാകുന്നു. ഈസമയത്ത് **'സംവിധായകൻ'** എന്ന ബോർഡുകൾ പലതും ദൃശ്യമാകുന്നു)

ഗാനം:– യേശു സ്വന്തമായാൽ
എല്ലാം ബന്ധമായി
ഈ ദൈവ രാജ്യം
നമ്മിൽ പിറന്നീടുന്നു.
യേശുവേ, നിന്റെ നാമം സ്വർഗ്ഗനാമം
ഭൂമിയിൽ ഞങ്ങൾക്കു രക്ഷാനാമം (2)
തമ്മിൽ തമ്മിൽ സ്നേഹിക്കുമ്പോൾ നാം
ദൈവം പിറന്നീടുന്നു (2)
വന്നുവന്നല്ലൊ സ്വർഗ്ഗം ഭൂമിയിൽ
യേശു എൻ രക്ഷാനാമം
യേശു സ്വന്തമായാൽ......

ഈ ഗാനത്തിന്റെ സമയത്ത് നാടകത്തിലെ എല്ലാവരും സ്റ്റേജിൽ എത്തുന്നു.

ശുഭം

# 2. ഗുരുനാഥൻ

പ്രധാന കഥാപാത്രങ്ങരം.

1. ബുദ്ധൻ
2. സോക്രട്ടീസ്
3. കൺഫ്യൂഷ്യസ്
4. സ്വാമി വിവേകാനന്ദൻ
5. പീലാത്തോസ്
6. രാജ്ഞി
7. ഗാന്ധിജി
8. മൗണ്ട് ബാററൻ പ്രഭു
9. യേശു

കമൻററി:– 'മാതാപിതാഗുരു' ഇവർ എപ്പോഴും നമ്മുടെ കൺമുമ്പിൽ നിവത്തിവെച്ചിരിക്കുന്ന പുസ്തകങ്ങളാണ്. കാതുകളിൽ അലയടിക്കുന്ന ശബ്ദങ്ങളാണ്. മരണപ്പെട്ടാൽ പോലും ഇവർ നമ്മുടെ മനോമുകരത്തിൽ തെളിഞ്ഞുവരുന്നു. കുടുംബാന്തരീക്ഷം വിട്ട്, ഒരു കുട്ടി സ്കൂളിൽ എത്തുന്നതോടെ ഗുരുനാഥനെ കണ്ടെത്തുന്നു. തുടന്ന് കോളേജുകളിലും ഗുരുനാഥന്മാരെ കാണുന്നു. എന്നാൽ ജീവിതമാകുന്ന പഠനക്കളരിയിൽ നമ്മെ മുന്നോട്ടു നയിക്കുന്ന ഒരിക്കലും തളരാത്ത ഒരു 'ഗുരുനാഥൻ' (സ്റ്റേജിൽ നാഥൻ എഴുതി കാണിക്കുന്നു) ഈ ഗുരുനാഥൻ പ്രപഞ്ചത്തിൻെറ ഹൃദയസ്പന്ദനമാണ്. ചരിത്രത്തിൻെറ അന്തർധാരയാണ്.

ഗാനം:– ഗുരുവിൻ ശബ്ദം അറിവിൻ നാദം
എന്നും നമ്മിലായ്
ജീവിതത്തിൽ നിർഭയരായി
അഭയമരുളുവാൻ

ദുഃഖ ദുരിത ജീവമുക്തി
നേടിട്ടുവാനായി– ഗുരുവിൻ ശബ്ദം എന്നും
നമ്മിൽ മന്ത്രമായിതാ
ഗുരു സത്യമാം ഗുരു സ്നേഹമാം ഗുരു മാർഗ്ഗമാം

## രംഗം 1

ഈ ഗുരുവിൻെറ ജനനം, അദ്ദേഹത്തിൻെറ പഠനം എന്നിവ നിരവധി ജ്ഞാനികഠം, കാലെക്കൂട്ടി അറിയിച്ചിട്ടുണ്ട്. ഈ ജ്ഞാനികളിൽ ചിലർ നമുക്കു മുന്നിൽ വരുന്നു. അതോടൊപ്പം ഗുരുവിൻെറ പ്രശസ്തമായ ചില പാഠ്യരംഗങ്ങളും—

B.C. 5–ാം നൂററാണ്ടിൽ.

(രംഗത്ത്; വഴിനട– ഒരുവൃക്ഷം– ഇരിപ്പിടം– ലൈററ് തെളിയുമ്പോഠം ബുദ്ധൻ കടന്നുവരുന്നു.)

ബുദ്ധൻ:- സംസാര സാഗരത്തിൽ നിറയെ ദുഃഖമാണ്. ദുഃഖം എല്ലാവരിലും ആവസിച്ചിരിക്കുന്നു. ദുഃഖം സർവ്വമയം ജീവിതം.

(ബുദ്ധൻ സാവധാനം പോകുന്നു. അതോടുകൂടി വടികുത്തി കൈനീട്ടി പിടിച്ച് ധർമ്മം ചോദിക്കുന്ന രൂപത്തിൽ ഒരു കിഴവൻ കടന്നുവരുന്നു)

കിഴവൻ: ആവൂ...... നടക്കാൻ വയ്യ...... കുറെനടന്നു... ഇനിയും നടക്കണം. (ചുമ......കിതക്കുന്നു) 'ഭിക്ഷക്കാരൻ' ഇതാ എൻെറ മേൽവിലാസം– ഈ കൈ നീട്ടിയ നാഠം മുതൽ ശരിയായ എൻെറ പേർ നഷ്ട്ടപ്പെട്ടു. ഞാൻ ലോകത്തിൽ യാചിക്കുമ്പോഠം, നിങ്ങഠം ഓഫീസുകളിലും, കോടതികളിലും, അമ്പലങ്ങളിലും, പള്ളികളിലും പാഠശാലകളിലും യാചിക്കുന്നു-- ഇരക്കുന്നു– ഒന്നോർത്താൽ എല്ലാവരും ധർമ്മക്കാർതന്നെ

(ഒരു യുവാവ് പ്രവേശിക്കുന്നു)

യുവാവ്:– (പൊട്ടിച്ചിരി) വേഠംഡ് സൂപ്പർസ്റ്റാർ– മിസ്റ്റർ കഞ്ചാവ് (സിഗരററു വലിക്കുന്നു) അവൻ ഇതിലുണ്ട്– സകല ദുഃഖങ്ങളും, വിലാപങ്ങളും കഞ്ചാവിൽ സന്തോഷമായി മാറുന്നു– What a Wonderful!– (കിഴവൻെറ ശരീരത്തിൽ തട്ടുന്നു) നോക്കുന്നോ കിഴവാ.

കിഴവൻ:– കാര്യം കാണണ്ടേ

യുവാവ്– ഇങ്ങോട്ടു നോക്ക്– Really, you are beautiful കാർക്കിച്ച് തുപ്പാൻ തോന്നും– അശ്രീകരം.

കിഴവൻ:– എൻെറ മോനെ.

യുവാവ്:– ങേ, മോനോ? അപ്പോരം എൻെറ ശില്പിയെ കണ്ടത് നന്നായി– കുറച്ചു രൂപ വേണം.

കിഴവൻ:– രൂപയോ?

യുവാവ്:– താങ്കരം എന്നെ ജനിപ്പിച്ചു– അങ്ങനെ ശില്പിസ്ഥാനം തട്ടിയെടുത്തു. ജീവിപ്പിക്കേണ്ട കടമ കൂടിയില്ലേ– Understand

കിഴവൻ:– എടാ, കുരുത്തം കെട്ടവനേ

യുവാവ്:– (ചിരി) കത്തിയെടുക്കുന്നു. My dear Rascal– പണം എടുക്ക്– എടുക്കടാ പണം–

കിഴവൻ:– കത്തി മാററു മോനെ– എടുക്കാം. (2) (അരയിൽതപ്പി തപ്പി പണം എടുക്കുന്നു) പതിനഞ്ചു രൂപ ഉണ്ട്– കൊണ്ടുപോയി തുലയ്ക്കടാ.

യുവാവ്:– (കിഴവൻെറ താടിയിൽ തട്ടി) What a Daddy– പോട്ടെ– ററാ – ററാ– (പോകുന്നു)

കിഴവൻ:– (യുവാവിനെ നോക്കി) കോഴിയുടെ അന്യായത്തിൽ കുറുക്കൻ ന്യായധിപനൊ? കുററം മുഴവൻ എൻേറത്– ലാക്ക് അവൻേറത്– ഞാൻ കൈനീട്ടി ചോദിക്കുമ്പോരം– എൻെറ മോൻ കത്തി ചൂണ്ടി ചോദിക്കുന്നു. വളർച്ച– വളർച്ച. (അണിയറയിൽ കൂട്ടനിലവിളി)—ഞങ്ങരക്ക് ഇനി ആരുണ്ട് അപ്പച്ചാ, ഞങ്ങളെ ഇട്ടേച്ച് പോകല്ലേ– (മണിയടി– മരണം 'വരുമൊരു നാരം' എന്ന ഗാനം)

കിഴവൻ – ഉതുപ്പിൻെറ ശവം എടുത്തു– ഞാനും അവനും– ഒരു വയസ്സിൻെറ വ്യത്യാസം ഉള്ളു– അവൻ അവൻെറ നിത്യ വിശ്രമസ്ഥലത്തേയ്ക്കു നീങ്ങുന്നു– എനിക്കും പോകാറായി– (പോകുന്നു)

(ബുദ്ധൻ കടന്നു വരുന്നു)

ബുദ്ധൻ:– (ഇരിപ്പിടം നോക്കിക്കൊണ്ട്) ഈ ഇരിപ്പിടത്തിൽ ഇരുന്ന് എൻെറ ശരീരം ദ്രവിച്ചുകൊള്ളട്ടെ. യുഗയുഗാന്തരങ്ങളായി ലഭിക്കാത്ത, ആത്മപ്രകാശം സിദ്ധിക്കാതെ, ഞാൻ ഇവിടെ നിന്ന് അനങ്ങുകയില്ല. ദുഃഖത്തിൽ നിന്ന് മനുഷ്യന് മോചനം വേണം. (ഇരിക്കുന്നു. ലൈററുകരം മാറി, മാറി വീഴുന്നു– പല രീതിയിൽ ഇരിക്കുന്നു. ഒരു സന്യാസി പ്രവേശിക്കുന്നു.)

സന്ന്യാസി:— അല്ലയോ ഗുരുവേ— ഗുരുവേ!—

(ബുദ്ധൻ നോക്കുന്നു.— എഴുന്നേൽക്കുന്നു)

ബുദ്ധൻ:— നീ എന്തു് അന്വേഷിക്കുന്നു?

സന്ന്യാസി:— മോചനം നേടാനുള്ള മാർഗ്ഗം.

ബുദ്ധൻ:— കൊള്ളാം— ആവശ്യം സൃഷ്ടിയുടെ മാതാവാണ് കുഞ്ഞേ, ഈ ലോകം നിറയെ ദുഃഖമാണ്.

സന്ന്യാസി:— അങ്ങയുടെ വചസ്സുകൾ ഞാൻ കേൾക്കട്ടെ

ബുദ്ധൻ:— ദുഃഖകാരണം തൃഷ്ണയാണ്; അതായത് അമിതമായ ആഗ്രഹങ്ങൾ— ഈ ആഗ്രഹങ്ങളെ നിഹനിച്ചാൽ മോചനം കണ്ടെത്താം.

സന്ന്യാസി:— അവിടുത്തെ വചനങ്ങൾ എന്നിൽ ആനന്ദം നിറയ്ക്കുന്നു.

ബുദ്ധൻ:— അഷ്ടാംഗമാർഗ്ഗം! മോചനം കണ്ടെത്താനുള്ള വഴിയാണ്. അതെപ്പററി ശിഷ്യനായ നിന്നോട് ക്രമേണ പറയാം.

സന്ന്യാസി:— അവിടുന്ന് അരുളിച്ചെയ്തതുപോലെ (പോകുന്നു)

ബുദ്ധൻ:— കുട്ടീ! (സന്ന്യാസി തിരിയുന്നു) ഒരു കാര്യം കേട്ടോളൂ— എനിക്കുശേഷം വരുന്ന ബുദ്ധൻ, മൈത്രിയാൻ എന്നറിയപ്പെടും— അവൻെറ പേർ സ്നേഹം എന്നായിരിക്കും. അദൃശ്യനായ ഈശ്വരൻെറ ദൃശ്യരൂപം.(ലൈററ് ഓഫ്. എല്ലാം അപ്രത്യക്ഷം. മേൽത്തട്ടിൽ ക്രിസ്തുവിനെ കാണുന്നു. കുഞ്ഞുങ്ങളുടെ ബഹളം)

ക്രിസ്തു:— കുഞ്ഞുങ്ങളെ തടയേണ്ട, അവർ എൻെറ അടുക്കൽ വരട്ടെ.

(കുട്ടികൾ ഓടിവരുന്നു. അതിലൊരു കുട്ടി യേശുവിനോട്)

ഒന്നാമൻ:— അത്ഭുതം ചെയ്യുമോ? ഒരെണ്ണം.

രണ്ടാമൻ:— എൻെറ വീട്ടിലെ കല്യാണത്തിന് വെള്ളം വീഞ്ഞാക്കിയ യേശുവാ ഇത്.

മൂന്നാമൻ:— എൻെറ കൂട്ടുകാരി ശാലോമിയെ ഉയിർപ്പിച്ച യേശുവാണിത്.

നാലാമൻ:— ഇന്നാള് ലാസറിനെ ഉയിപ്പിച്ചില്ലേ? അതാരാ?

എല്ലാവരും:— ആരാ; ഞങ്ങൾക്കറിയില്ല.

അഞ്ചാമൻ:— അതെൻെറ വല്ല്യവല്ല്യപ്പനാ.

ക്രിസ്തു:- നിങ്ങൾ ഈ ശിശുക്കളെപ്പോലെ ആയില്ലെങ്കിൽ ദൈവ രാജ്യത്തിൽ പ്രവേശിക്കുകയില്ല. ജലത്താലും, അരൂപിയാലും വീണ്ടും ജനിക്കണം- ഈ ശിശുക്കളെപ്പോലെ സ്വയം ചെറുതാകുന്നവൻ, ദൈവ രാജ്യത്തിൽ വലിയവനാകും.

(കുട്ടികളുടെ നൃത്തം)

ദൈവ രാജ്യം കാണാനായ്
സ്നേഹ രാജ്യം കാണാനായ്
ശിശുക്കൾ ഞങ്ങൾ സംസ്തുതി ചൊല്ലി
വാഴ്ത്തി പാടുന്നു.

കമൻററി:- ലോകത്തിൽ എന്നും ആദരണീയനായ വ്യക്തിയാണ് മഹാനായ സോക്രട്ടീസ്. ഒരു പാത്രം വിഷം കുടിപ്പിച്ച് അദ്ദേഹത്തെ ഭരണാധികാരികൾ നിശബ്ദനാക്കി- എന്നാൽ, അദ്ദേഹം പറഞ്ഞ സത്യങ്ങൾ- അസ്ത്രങ്ങളായി അവക്ക് നേരെ പാഞ്ഞടുത്തു. യേശുവിന് അറുന്നൂറ് കൊല്ലം മുമ്പ് അദ്ദേഹം ചെയ്ത പ്രവചനം:

സോക്ര:- അല്ലയോ അത്തീനിയൻ ജനങ്ങളേ, നിങ്ങൾ കാത്തിരിക്കുക. വരാനിരിക്കുന്ന സർവ്വ വിജ്ഞാനിയെ പാർത്തിരിക്കുക. ദൈവത്തിൻേറയും മനുഷ്യരുടേയും മുമ്പാകെ, എങ്ങനെ പെരുമാറണം എന്ന് അവൻ നമ്മെ പഠിപ്പിക്കും- അപ്പോൾ സത്യം നിങ്ങൾ അറിയും- (പോകുന്നു. യേശു നിൽക്കുന്നു. നിയമജ്ഞൻ കടന്നു വരുന്നു)

ലൂദിക്രോൺ:- എന്നെ അറിയില്ലേ? ഞാനാണ് നിയമജ്ഞൻ ലൂദിക്രോൺ! വേദപുസ്തകം മുഴുവൻ എനിക്കു മനഃപാഠമാണ്... പിന്നെ, താങ്കളുടെ പഠനങ്ങൾ വളരെ ലളിതമായിപ്പോയെന്ന്, എനിക്കു പരാതിയുണ്ട്, കേട്ടോ. ഒന്നു ചോദിച്ചോട്ടെ...... നിത്യരക്ഷ പ്രാപിക്കാൻ, ഒരു കുറുക്കുവഴി പറഞ്ഞു തരാമോ?

യേശു:- പ്രമാണങ്ങൾ അനുസരിക്കുക. നിന്നെപ്പോലെ നിൻെറ അടുത്തു വസിക്കുന്നവനേയും സ്നേഹിക്കുക.

ലൂദി:- (ചിരി) ഛേ... ഇതെല്ലാം എൻെറ ചെറുപ്പം മുതലേ ഞാൻ ചെയ്തുപോരുന്ന കാര്യങ്ങളാണ്. പിന്നെ അതിലെന്തു വിശേഷം......

യേശു:– കൊള്ളാം! കൂടുതൽ പൂർണ്ണനാകാൻ ആഗ്രഹമുണ്ടെങ്കിൽ, നിൻെറ വസ്തുക്കളെല്ലാം വിററു ദരിദ്രക്ക് കൊടുത്ത് എൻെറ കൂടെ വരിക......

ലൂദി:– എന്തു പറഞ്ഞു? ഞാൻ കഷ്ടപ്പെട്ടുണ്ടാക്കിയ സമ്പാദ്യം വിററ് ദരിദ്രർക്ക കൊടുക്കാനോ? സാദ്ധ്യമല്ല...... ഈ ഒററക്കാരണം മതി നാളെ നിങ്ങളെ സാൻഹെദ്രനിൽ വിചാരണ ചെയ്യാൻ– വന്നിരിക്കുന്ന ഒരു പ്രവാചകൻ– എൻെറ മുഴവൻ സമ്പാദ്യം...... സകല സുഖങ്ങളും അതിൽ കാണുന്നു......... (യേശുവിനെ നോക്കി) ഇല്ല... ഞാൻ ഒരിക്കലും വരുന്നില്ല... വരുന്നില്ല. (തിടുക്കത്തിൽ പോകുന്നു)

യേശു:– (അവനെ ചൂണ്ടി) ധനവാൻ സ്വർഗ്ഗരാജ്യത്തിൽ പ്രവേശിക്കുന്നതിനെക്കാറം എളുപ്പം ഒട്ടകം സൂചിക്കുഴയിലൂടെ കടക്കുന്നതായിരിക്കും. (ലൈററ് ഓഫ്)

കമൻററി:– ഇന്ത്യൻ മണ്ണിൽ എന്നും സുഗന്ധമുണർത്തുന്ന ഒരു സൂനമാണ് സ്വാമിവിവേകാനന്ദൻ. (സ്വാമി വിവേകാനന്ദൻ പ്രവേശിക്കുന്നു. രംഗത്തു്: ഗദ്സേമനിൽ പ്രാർത്ഥിക്കുന്ന യേശുവിൻെറ നിശ്ചല ദൃശ്യം.)

സ്വാമി:– (ക്രിസ്തുവിനെ ചൂണ്ടി) ഈ മനുഷ്യൻെറ കാലത്തു് ഞാൻ പലസ്തീനായിൽ ഉണ്ടായിരുന്നെങ്കിൽ എൻെറ ഹൃദയരക്തം കൊണ്ട് ഇദ്ദേഹത്തിൻെറ പാദങ്ങറം, ഞാൻ കഴുകുമായിരുന്നു... സ്വന്തം ശിഷ്യരുടെ കാലുകറം കഴുകി ചുംബിച്ചുകൊണ്ട്, സേവനത്തിൻെറ ഉദാത്തമാതൃക, ലോകത്തിനു് ഇദ്ദേഹം കാണിച്ചു കൊടുത്തു.– കാൽവരിയിൽ ക്രൂശിൽ കിടന്നു, തലമുറകറക്കായി, സ്നേഹം പങ്കുവെച്ചു...... (പോകുന്നു)

കമൻററി:– നാം എങ്ങിനെ മരിക്കും, എവിടെ മരിക്കും എന്നാക്കും അറിഞ്ഞുകൂടാ— എന്നാൽ ദൈവപുത്രനായ യേശുവിനു് എല്ലാം വ്യക്തമായിരുന്നു... തൻെറ മരണരംഗങ്ങറം ഈ ഗദ്സമേൻ തോട്ടത്തിൽ പ്രാർത്ഥിക്കവേ ദൃശ്യമാകുന്നു.

യേശു:– (കിതക്കുന്നു)... പിതാവേ, ഈ പീഡകറം എന്നിൽ നിന്ന് മാററിത്തരു... മാററിത്തരു... പിതാവേ,... എൻെറ ഇഷ്ടമല്ല, അങ്ങയുടെ ഇഷ്ടംമാത്രം നിറവേററട്ടെ. (ലൈററ് ഓഫ്. ലൈററ് വരുമ്പോറം രണ്ടു കൈകറം വിരിച്ച് അനുഗ്രഹിക്കുന്ന പിതാവായ ദൈവം)

പിതാ:- ഇവൻ എൻെറ പ്രിയപുത്രനാകുന്നു. ഇവനിൽ ഞാൻ സംപ്രീതനാകുന്നു. (Still)

കമൻററി:- കഷ്ടതകളും പരാതികളും നമ്മെ നിരാശയിലേയ്ക്കു വലിച്ചിഴക്കുമ്പോൾ എന്തു ചെയ്യണമെന്നു് യേശു നമ്മെ പഠിപ്പിക്കുന്നു. (ലൈററ് ഓഫ്. ഇരുട്ടിൻെറ സ്വരങ്ങൾ.)

(യൂദാസ് പന്തവുമായി വന്നു് യേശുവിനെ തിരയുന്നു. യേശുവിനെ കാണുമ്പോൾ പന്തം പുറകോട്ടു് ഇടുന്നു. സ്റ്റേജിൽ ലൈററ് ഇടുന്നു.)

യൂദാസ്:- റബ്ബീ...... സ്വസ്തി...... (യൂദാസ് യേശുവിനെ ചുംബിക്കുന്നു. ഞെട്ടിക്കൊണ്ടു് പുറകോട്ടു മാററവെ)

ക്രിസ്തു:- യൂദാസേ, സ്നേഹിതാ, ചുംബനംകൊണ്ടാണോ മനുഷ്യപുത്രനെ ഒററിക്കൊടുക്കുന്നതു്. (Still)

കമൻററി:- ഈ ലോകത്തിൽ ആദ്യമായിട്ടാണ് ഒരു ശത്രുവിൽ സ്നേഹിതനെ കണ്ടുമുട്ടുന്നതു്...... ക്രിസ്തുവിനു മുന്നിൽ, എല്ലാ ശത്രുക്കളും മിത്രങ്ങളായി മാറുന്നു. ഈ പഠനം ഇന്നിൻെറ ഏററവും വലിയ ആവശ്യമാണ്. (ലൈററ് ഓഫ്)

കമൻററി:- മതാചാര്യനായ കൺഫ്യൂഷ്യസ് ചൈനയിലെ മുഴുവൻ ജനതയോടു് യേശുവിനു് 500 കൊല്ലം മുമ്പു ചെയ്ത പ്രവചനം:

കൺഫ്യൂ:- പ്രിയ ജനമേ, എൻെറ പ്രിയ ജനമേ,...... വിശുദ്ധനായവൻ സ്വർഗ്ഗത്തിൽനിന്നു വരണം— അവൻ എല്ലാ കാര്യങ്ങളും അറിയുന്നു...... സ്വർഗ്ഗത്തിൻെറയും ഭൂമിയുടെയും മേൽ അവനു് അധികാരമുണ്ടായിരിക്കും...... അതോടെ രക്ഷണീയ സമയം ഭൂമിയിൽ സമാഗതമായിരിക്കും......

(രംഗത്തു് —: പീലാത്തോസ് യേശുവിനെ ബന്ധിതനാക്കി നിത്തിയിരിക്കുന്നു.)

പീലാ:- അല്ലയോ ക്രിസ്തുവേ, നിൻെറ ജനങ്ങളും പുരോഹിതരുമാണ് നിന്നെ എൻെറ പക്കൽ ഹാജരാക്കിയതു്...... നീ ചെയ്ത കുററങ്ങൾ?

യേശു:- എൻെറ രാജ്യം ഈ ലോകത്തിൻേറതല്ല. ഈ ലോകത്തിൽ നിന്നായിരുന്നുവെങ്കിൽ, എൻെറ സേവകർ എനിക്കുവേണ്ടി പോരാടുമായിരുന്നു.

പീലാ:– അപ്പോഠം നിങ്ങഠം രാജാവാണോ?

യേശു:– ഇതിനുവേണ്ടിയാണ് ഞാൻ ജനിച്ചതും ഈ ലോകത്തിലേയ്ക്കു വന്നതും — സത്യത്തിനു സാക്ഷ്യംനൽകുവാൻ— സത്യത്തിൽനിന്നുള്ളവൻ എൻെറ സ്വരം കേഠംക്കുന്നു. ഞാനാകുന്നു വഴിയും സത്യവും ജീവനും.

പീലാ:– അല്ലയോ ജനങ്ങളേ, ഞാൻ ഇവനോടു പലതും ചോദിച്ചെങ്കിലും, ഇവനിൽ കുററമൊന്നും ഞാൻ കാണുന്നില്ല.

ജനം:– അവനെ ക്രൂശിക്കുക. (3)

പീലാ:– എങ്കിൽ എൻെറ അധികാരമുപയോഗിച്ച്, ഞാൻ ഇവനെ നിങ്ങഠംക്കു വിട്ടുതരുന്നു.

ജനം:– ഗവർണർ വിജയിക്കട്ടെ. (3)

പീലാ:– ഈ നീതിമാൻെറ രക്തത്തിൽ എനിക്കു പങ്കില്ല.
(കൈകഠം കഴുകുന്നു — ഭാര്യ കടന്നുവരുന്നു)

ഭാര്യ:– അറേബ്യയായിലെ സകല സുഗന്ധദ്രവ്യങ്ങഠം ഉപയോഗിച്ച് നിങ്ങഠം നിങ്ങളുടെ കൈ കഴുകിയാലും, ഈ അനീതിയുടെ കറ ഒരിക്കലും മാഞ്ഞുപോകില്ല.....ഒരിക്കലും......

പീലാ:– (അല്പം ചിരിയോടുകൂടി) പ്രിയതമേ, എന്തിന് ഇങ്ങോട്ടു വന്നു. ഇതിൻെറ ആവശ്യമുണ്ടോ?

ഭാര്യ:– ഉണ്ട്, ഉണ്ട് — ഈ മനുഷ്യൻ നീതിമാനും ദൈവികപുരുഷനുമാണെന്ന് ഞാൻ ആളെ വിട്ട് നിങ്ങളെ അറിയിച്ചു. എന്നിട്ടും ഈ വിധിതീർപ്പ്...

പീലാ:– (പൊട്ടിച്ചിരി) എനിക്കു ജനമാണ് വലുത്. അവരുടെ ഇഷ്ടമാണ് എൻെറ ഇഷ്ടം.

ജനം:– യേശുവിനെ ക്രൂശിൽ തറയ്ക്കുക(3)

ഭാര്യ:– ഹും, ജനം — ഈ ജനം — ഈ മനുഷ്യനെ രാജാവാക്കാൻ ഓടി നടന്നത് ഞാനോർക്കുന്നു...ഇന്ന് ഇവർക്ക് ഇദ്ദേഹത്തെ ക്രൂശിക്കണം. – ക്രൂശിക്കണംപോലും...ആരോ പറഞ്ഞതു പേർത്തു പേർത്ത് പറയുന്ന പെരും കഴുതകളാണ് ജനം......

പീലാ:– ഛീ...ശബ്ദിക്കരുത്. പോകൂ(2)പോകാൻ...ഞാൻ എഴുതിയത് എഴുതി...

ഭാര്യ:– നിങ്ങറം അളക്കുന്നത് നിങ്ങറംക്കും അളക്കപ്പെടും. (തിരക്കത്തിൽ പോകുന്നു)

പീലാ:– (പിറകെ ഓടിച്ചെന്ന്) പ്രിയതമേ, (2) (ഉടനെ അശരീരി) നിങ്ങറം അളക്കുന്നത് നിങ്ങറംക്കും അളക്കപ്പെടും. (വിവശനായ പീലാത്തോസ് മറെറാരു ഭാഗത്തേക്കു നീങ്ങുമ്പോറം ആ സ്വരം വീണ്ടും കേറംക്കുന്നു. 3 കൈവിരലുകറം അദ്ദേഹത്തിൻെറ നേക്കു ചൂണ്ടി വരുന്നു.)

പീലാ:– പോകൂ......പോകൂ...എന്നെ വിട്ടുപോകൂ. (ഈ സമയത്ത് കോർട്ട്പ്രതിമ തീ പിടിക്കുന്നു. ചിരി ഉയരുന്നു – "ഭീരു ഭീരു" എന്ന സ്വരം ഉയരുന്നു.)

പീലാ:– എൻെറ മനസ്സിൽ ഇരുട്ട് കയറുന്നു. ഞാൻ അന്ധനാണോ! ഈ വിധിതീർപ്പിൽ നിന്നും എനിക്കു മോചനമുണ്ടോ?

ജനം:– ഇല്ല......ഇല്ല......ഇല്ല...

പീലാ:– ഫൂ! നശിച്ച ജനം

അശരീരി:– നീ വിധിക്കുന്ന വിധിയാൽത്തന്നെ നീയും വിധിക്കപ്പെടും. (കർട്ടൻ)

കമൻററി:– നാം ആരേയും വിധിക്കരുത്, നാം വിധിക്കുമ്പോറം നമ്മളും വിധിക്കപ്പെടും – എന്നാണ് ഗുരുനാഥൻ പഠിപ്പിക്കുന്നത്.

ഇന്ത്യൻ സ്വാതന്ത്ര്യ സമരം അതിൻെറ മൂദ്ധന്യാവസ്ഥയിൽ എത്തിനില്ക്കുന്നു. എവിടെയും തിരക്കിട്ട ചർച്ചകറം, വെടിയൊച്ചകറം, ദീനരോദനങ്ങറം... ഈയവസരത്തിൽ ഗുരുനാഥൻ ഭാരതമണ്ണിലേക്കു കടന്നുവരുന്നു.

(ഗാന്ധിഭവനം — മേശ — പുസ്തകങ്ങറം — ബൈബിറം —)

ആഗ:– ഹലോ(2) മിസ്റ്റർ ഗാന്ധി — Please come here immediately. — വേണമെങ്കിൽ വരട്ടെ — (സിഗരററ് വലിക്കുന്നു)

വേലക്കാരൻ:– (പതുക്കെവന്ന് പുറകിൽ 'ട്ടോ' എന്ന സ്വരം ഉണ്ടാക്കുന്നു) നീ ഏതാ ?

ആഗത:– ഹെ, I want Mr. Gandi. A very serious matter for his information, call him immediately......

വേല:– താൻ കാര്യം പറയടൊ — അല്ലാതെ ടം, ട്ടോ, ട്ടെ — എന്നൊന്നും പൊട്ടിച്ചിട്ടു കാര്യമായില്ല.

ആഗ:– You stupid fellow, if you go ahead, you will be arre – sted……

വേല:– മോനേ, ആളെ ഊതരുത് കേട്ടോ (തൊപ്പി എടുക്കുന്നു – ആളെ മനസ്സിലായി.) എടാ ദിവാകരാ, വേണ്ടടാ മോനേ, ബ്രിട്ടീഷുകാരുടെ ജോലി കിട്ടിയപ്പോഠം അവൻെറയൊക്കെ ഒരു ഗമ കണ്ടോ ?

ആഗ:– ആര് ലോകിത് ചേട്ടനൊ ? പിന്നെ ഞാൻ ഇംഗ്ലീഷ് പഠിച്ചു — അവസരം കിട്ടിയപ്പോഠം ഒന്നു പ്രയോഗിച്ചു നോക്കിയതാ–

വേല:– മനസ്സിലായി.(2) ചിലപ്പോഴെ എല്ലുകളുടെ എണ്ണം കൂടും. പല്ലുകളുടെ എണ്ണം കുറയും.

ആഗ:– ഒരു പ്രത്യേക കാര്യം പറയാനാ ഞാൻ വന്നത് — നമ്മുടെ വൈസ്രോയി, മൗണ്ട് ബാററൻ പ്രഭു ഇവിടെ എത്തിച്ചേരും. എന്തോ വലിയ കൂടിക്കാഴ്ചയാണ് – (അടുത്തേയ്ക്കു വിളിച്ച്) കൂടിക്കാഴ്ച പരമരഹസ്യമായിരിക്കണമെന്നു നിർബന്ധമുണ്ട്.

വേല:– ആയിക്കോട്ടെ………

ആഗ:– നമ്മുടെ ബാബുജി എവിടെ……

വേല:- പ്രാൎത്ഥനാമുറിയിലാ — വരുമ്പോഠം ഞാൻ പറഞ്ഞേക്കാം –

ആഗ:– ടെയ്ക്കിററ് സീരിയസ്‌ലി.

വേല:– അതു വേണ്ടടാ മോനെ – ഞാൻ പറഞ്ഞേക്കാം – നീ സമാധാനമായി പൊയ്ക്കോ – പൊക്കടൊ ദിവാകരാ……

ആഗ:– വിട – ഈ വീടിനോടു വിട.

വേല :– ഏ……

ആഗ:– ഈ പുസ്തകത്തിനോടു വിട

വേല:– ഇതെന്തപ്പാ ഇത്……

(വേലക്കാരൻ അകത്തേയ്ക്കും ആഗതൻ പുറത്തേയ്ക്കും പോകുന്നു.)

(ഗാന്ധിജി കടന്നുവരുന്നു — വെടിയൊച്ച കേഠക്കുന്നു.)

ഗാന്ധി:– കേട്ടോ(2) ആ വെടിയൊച്ചകഠം — ബ്രിട്ടീഷുകാർ നമുക്കു ചൊല്ലിത്തരുന്ന ശാന്തിയുടെ മന്ത്രോച്ചാരണങ്ങളാണ് ആ വെടിയൊച്ചകഠം —

(കുളമ്പടി — വേലക്കാരൻ നോക്കുന്നു)

വേല:– മൗണ്ട് ബാററൺ പ്രഭു അതാ വരുന്നുണ്ട്. (പോകുന്നു)

മൗണ്ട്:– ഗുഡ്മോണിങ്ങ്(2) മിസ്റ്റർ ഗാന്ധി!

ഗാന്ധി:– Same to you, please (ഇരിക്കാൻ ആംഗ്യം കാണിക്കുന്നു)

പ്രഭു:– Enough and more!

ഗാന്ധി:– അവിടത്തെ ആഗമനോദ്ദേശ്യം.

പ്രഭു:- പറയാം (2) സുപ്രധാനമായ ഒരു കാര്യമുണ്ട് നിങ്ങളുടെ രാജ്യത്തിൻെറയും എൻെറ രാജ്യത്തിൻെറയും പ്രശ്നങ്ങൾക്ക് ഉടൻ പരിഹാരം കാണണം. Please think over it as possible as you can.

ഗാന്ധി:– അവിടത്തെ ആഗ്രഹം പോലെ എൻെറ ജന്മലക്ഷ്യം ഇന്ത്യൻ ജനതയുടെ മോചനമാണ്.

പ്രഭു:- Yes, I understand.

ഗാന്ധി:– അതിലൂടെ മാനവവംശം മുഴുവൻെറയും സ്വാതന്ത്ര്യം ഞാൻ കാണുന്നു. അല്ലയോ പ്രഭോ, നിങ്ങളുടെ രാജ്യത്തിൻെറയും എൻെറ രാജ്യത്തിൻെറയും നിങ്ങളുടേയും എൻെറയും ഈ മാനവവംശം മുഴുവൻെറയും പ്രശ്നങ്ങൾക്ക പരിഹാരം കാണാൻ... (ബൈബിൾ എടുക്കുന്നു) ഇതാ ഇതിനകത്തുണ്ട്– യേശുവിൻെറ മലയിലെ പ്രസംഗം– എനിക്ക് എല്ലാമാണ്. സകല പ്രശ്നങ്ങൾക്കും പരിഹാരമാണ്.– യേശുവാണ് എൻെറ ഏററവും വലിയ 'ഗുരുനാഥൻ'. [ബൈബിൾ കൊടുക്കുന്നു.] ഉം തുറന്നുനോക്കൂ. [–പെട്ടന്നു പിൻകർട്ടൻ നീങ്ങുന്നു.–അപ്പോൾ, യേശു മലയിൽ–പ്രസംഗിക്കുന്നു– ജനക്കൂട്ടം]

ആത്മാവിൽ ദരിദ്രർ ഭാഗ്യവാന്മാർ
എന്തെന്നാൽ സ്വർഗ്ഗരാജ്യം അവരുടേതാകുന്നു.
ദുഃഖിക്കുന്നവർ ഭാഗ്യവാന്മാർ,
എന്തെന്നാൽ അവർ ആശ്വസിപ്പിക്കപ്പെടും...
നീതിക്കുവേണ്ടി ദാഹിക്കുന്നവർ ഭാഗ്യവാന്മാർ,
എന്തെന്നാൽ, അവർ സംതൃപ്തരാക്കപ്പെടും....
ഹൃദയ ശുദ്ധിയുള്ളവർ ഭാഗ്യവാന്മാർ,
എന്തെന്നാൽ, അവർ ദൈവത്തെക്കാണും...

പാട്ട്:– ഭൂമിയിലെന്നെന്നും ഗുരുകുലമിവിടെ
സത്യത്തിൻ വചനങ്ങൾ വിതറുന്നു ഇവിടെ–(2)
ദുഃഖവെള്ളികളും എല്ലാ ദുരിതങ്ങളും
ഒരു ഉത്ഥാന വേളയിൽ തീരുന്നു.
യേശുവേ, സ്തുതിമുദാ (2)
പാപികൾ ഹീനരാം ഞങ്ങളിൽ
കനിയേണെ......

കർട്ടൻ

# 3 എഴുത്ത്

പ്രധാന കഥാപാത്രങ്ങഠം

1. പോസ്റ്റുമാൻ
2. സൈക്യാട്രിസ്റ്റ്
3. മോസസ്സ് പ്രവാചകൻ
4. പാപിനിയായ സ്ത്രീ
5. യഹൂദപ്രമാണി
6. യേശു

## രംഗം 1

(അണിയറയിൽ സൈക്കിളിൻെറ ബെൽ മുഴങ്ങുന്നു. ഒരു തെങ്ങുകയററ തൊഴിലാളി രംഗത്തുകൂടെ വേച്ചു, വേച്ചു നടന്നു നീങ്ങുന്നു. കയ്യിൽ ഒരു സഞ്ചി, കയർ. അണിയറയിൽ:– 'ഏയ്' ഒന്നു നിക്ക്, ഏയ്' എന്നു പറഞ്ഞുകൊണ്ടു പോസ്റ്റുമാൻ പ്രവേശിക്കുന്നു)

തൊഴി:– എന്നോടാണോ?

പോസ്റ്റ്:– (കയ്യിൽ എഴുത്തു ഡയറി, ഒരു ബാഗ് തോളിൽ) നിങ്ങളല്ല്യോ, ഈ കോഞ്ഞാട്ടര വേലായുധൻ.

തൊഴി:– (പേടിച്ച്) അതെ, ഞാൻ, ഞാൻതന്നെ.

പോസ്റ്റ്:– (ചിരിച്ച്) താനെന്തിനാടോ ഇങ്ങനെ പേടിക്കണെതു്? (എഴുത്തു തിരിഞ്ഞ്) ഇതു വാറണ്ടോ ജപ്തിനോട്ടീസുമൊന്നുമല്ല. ചോദിച്ചോട്ടെ, തനിക്കു ഗഠംഫുമേഖലയിൽ ആരുമില്ലേടോ?

തൊഴി:– ഇല്ല ...... ഇല്ല.

പോസ്റ്റ്:– ഉണ്ടെങ്കിൽ താൻ എന്നെ കണ്ടാൽ ഓടി വന്നേനെ– ചുടലപ്പറമ്പിൽ കോഞ്ഞാട്ടര വേലായുധൻ താൻ തന്നെയല്ലേ? (എഴുത്തു കൊടുക്കുന്നു.)

തൊഴി:– അതെ. ഇതിലെന്തുട്ടാ.

പോസ്റ്റ്:– എന്തു്! നൂറു ശതമാനം സാക്ഷരതയ്ക്കുള്ള അവാർഡ് വാങ്ങിച്ച കേരളത്തിൽ ഇനിയും നിരക്ഷരനോ? ശിവ ശിവ, അല്ല, എല്ലാവരും പല്ലക്കിൽ കയറിയാൽ ചുമക്കാൻ ആളുണ്ടാവില്ലല്ലോ? 30 ലക്ഷം അഭ്യസ്തവിദ്യർ തൊഴിലില്ലാത്തവരായി Employment exchange-ൽ കെട്ടിക്കിടക്കാ – നിനക്കു നല്ല നിലവാരം ഇപ്പോഴുംതന്നെ ഉണ്ടല്ലോ (എഴുത്തു തിരികെ വാങ്ങി വായിക്കുന്നു.) തെങ്ങുകയററത്തൊഴിലാളി സമ്മേളനം തിരുവനന്തപുരത്ത്. മെഡ്യുല്ലാ ഒബ്ലാംകട്ടയിൽ. താങ്കൾ ഇതൊരറിയിപ്പായി സ്വീകരിച്ച് ഉടൻ എത്തിച്ചേരുക.

എന്നു്,

മാത്തൂര് ഏരിയ കമ്മിററി പ്രസിഡണ്ട്.

പൊതുകയ്മറം ഒപ്പ്.

(എഴുത്തു മടക്കിക്കൊടുക്കുന്നു.) സഞ്ചിയിൽ എന്താണാവോ?

തൊഴി:– കുടുംബഭരണം.

പോസ്റ്റ്:– എന്തു്? കുടുംബഭരണോ? വേലായുധാ, ആളെ ഊതരുതു്, ട്ടോ. (സഞ്ചിയിൽ നോക്കി) ഇവനാണോ കുടുംബഭരണം. വേഗം ചെല്ല് – (തൊഴിലാളി പോകുന്നു. ഒരു വിധവ കടന്നു വരുന്നു)

വിധവ:– വിധവപെൻഷൻ ഉണ്ടോ?

പോസ്റ്റ്:– എൻെറ മുത്തശ്ശി ഒരു പെൻഷനും ഇല്ല.

വിധവ:– നാളെ തരാന്നോ? നാളെ നാളെ..... (പോകുന്നു രംഗത്തു കൈകൾ) — ഏയ് പോസ്റ്റുമാൻ എഴുത്തുണ്ടോ (2) എഴുത്തു്.

പോസ്റ്റ്:– (ചുററും നോക്കി) അച്ചിക്കു കൊഞ്ചുപക്ഷം, നായക്കു ഇഞ്ചിപക്ഷം, നാട്ടുകാർക്കു മുഴവൻ എഴുത്തുപക്ഷം — ആകെ മൂന്നു നാല് എഴുത്തുണ്ട് — സകലരും കൈ നീട്ടിയാലോ? അസനാരു മകൻ ഉസനാർക്ക് ഒരു എഴുത്ത് ഉണ്ട് — (കൈകൾ അപ്രത്യക്ഷം. ഉസനാര് പ്രവേശിക്കുന്നു.)

ഉസനാര്:– ഞമ്മടെ മോൻെറ ആയിരിക്കും.

പോസ്റ്റ്:– (എഴുത്തുതിരഞ്ഞു്) ഉം പിടി, അസനാര് മകൻ ഉസനാര്.
(അണിയറയിൽ – എഴുത്തുണ്ടോ?)

പോസ്റ്റ്:– ഇല്ല എന്നു പറഞ്ഞില്ല്യേ — ഓൻെറ വെട്ടം കണ്ടാൽ "എഴുത്തുണ്ടോ" (2) സുഖം ആണോ എന്ന് ആരും എന്നോട് ഇന്നുവരെ ചോദിച്ചിട്ടില്ല. എൻെറ dead body കണ്ടാലും ഇവർ എഴുത്തേ ചോദിക്കൂ.

ഉസനാര്:- അള്ളാ, ഞമ്മടെ മോനാസിഡൻെററ് ! കുഴഞ്ഞല്ലോ· റബ്ബേ- (ഇരിക്കുന്നു. കിതക്കുന്നു. കരയുന്നു.)

പോസ്റ്റ്:- എല്ലാരും പെണ്ണായിട്ടേ പിറക്കൂ. ഭാഗ്യം മൂലം ചില രതിൽ ആണായ് മാറിടുന്നു. ചാപല്യം,സ്ത്രൈണചാപല്യം- എടാ ഉസനാരേ, താൻ എഴുന്നേൽക്കടോ. (ഉസനാര് എഴുന്നേററു നിൽക്കുന്നു.) അവൻ സുഖമായ് ഉടനെ എത്തും. ഇടവാള് സുകുമാരപ്പിള്ളാ ഈ പറേണത്. അടുത്ത എഴുത്ത് ഉടൻ.

ഉസനാ:- ഉണ്ടോ ? (ടെക്നിക് ലൈററിൽ 'രംഗത്ത് എഴുത്തുപെട്ടി എഴുത്തുകൾ വീഴുന്നു. ''എഴുത്തുകൾ — സന്ദേശങ്ങൾ'' എന്നെഴുതിയ കാർഡുകൾ കാണുന്നു.)

ഗാനം:- എഴുത്തുകൾ എന്നും സന്ദേശങ്ങൾ (2)
എഴുത്തുകൾ എന്നും സന്ദേശങ്ങൾ

(സൂര്യൻ, ചന്ദ്രൻ, ഭൂമി, ഫലമൂലാദികൾ, ചിത്രങ്ങൾ— സ്റ്റേജിൽ ഉയർന്നുനിൽക്കുന്നു. കാർഡിൽ മറുവശം ''ഉണ്ടാകട്ടെ'' എന്ന വാചകം തെളിയുന്നു.)

കമൻററി:- ''ഉണ്ടാകട്ടെ'' എന്ന സ്രഷ്ടാവായ ദൈവത്തിൻെറ വചനം, പ്രപഞ്ചം നിറഞ്ഞുനില്ക്കുന്നു. ദൈവം മനുഷ്യക്ക് എഴുതിയ സ്നേഹ സന്ദേശത്തിലെ ആദ്യവാചകം 'ഉണ്ടാകട്ടെ' ഈ പ്രപഞ്ചം മുഴുവൻതന്നെ, ദൈവം മനുഷ്യക്ക് എഴുതിയ ഏററവും വലിയ എഴുത്താണ്.

ഗാനം:- ''ഉണ്ടാകട്ടെ'' ദൈവം എഴുതി
വിശ്വ പ്രപഞ്ച ദൈവവാക്യം.

## രംഗം 2

(വീടിൻെറ ഒരു മുറിയിൽ ഒരാളെ ചങ്ങലയിലിട്ടിരിക്കുന്നു.)

കമൻററി:- പലതരം എഴുത്തുകൾ നാം കണ്ടു, കണ്ടിട്ടുണ്ട്. വായിച്ചിട്ടുണ്ട്- എന്നാൽ നാം അറിയാതെ നമ്മുടെ വാക്കുകൾ, പ്രവൃത്തികൾ എന്നിവ കൊണ്ട് എഴുതിത്തീർക്കുന്ന ഒരു തരം എഴുത്തുണ്ട്- നാം അതറിയാതെ അപരനു കൈമാറുന്നു· അതിൻെറ സാക്ഷിയാണ് ഈ ബന്ധിതൻ- (Horrible Music ചങ്ങലയിൽ കിടക്കുന്നവൻ ചുററും നോക്കുന്നു.)

തോമാ:- ഈ ചങ്ങലയിൽനിന്ന് എന്നെ അഴിച്ചുമാററൂ (2) (കരയുന്നു) (അണിയറയിൽ കൂട്ടച്ചിരികൾ ഉയരുന്നു. ''ഭ്രാന്തൻ'') എടാ എമ്പോക്കികളെ, എന്നെ ഭ്രാന്തനാക്കിയിട്ടു വേണം നിങ്ങൾക്കു ചിരിക്കാൻ- നാസ്ററി ഫെല്ലോസ്. (''ഭ്രാന്തൻ'' എന്ന വിളി ഉയരുന്നു.)

തോമാ:- Stop it ! I am not a mad man. Please do not make me mad- (വലതുവശത്തേയ്ക്കു വിരൽ ചൂണ്ടി) എടാ രാജു, എൻെറ അടുത്തു വരു, ഞാൻ പറയുന്നത് ഒന്ന് കേൾക്കു- (രാജു വരുന്നു.)

തോ:- ഈ ചങ്ങലയിൽ നിന്ന് എന്നെ അഴിച്ചു വിട്ടുകൂടെ, നീയും എന്നെ ഭ്രാന്തനാക്കി അല്ലേ.

രാജു:- തോമാ എനിക്കറിയാം നിനക്കു ഭ്രാന്തില്ലെന്ന്. പക്ഷേ നിൻെറ വീട്ടുകാരും നാട്ടുകാരും ചേൎന്നാണ് നിന്നെ ഭ്രാന്തനാക്കി ഇവിടെ ബന്ധിച്ചിരിക്കുന്നത്. അതുകൊണ്ട്......

തോ:- അതിന് എനിക്കു ഭ്രാന്തില്ലല്ലോ?

രാജു:- നിൻെറ അപ്പൂപ്പൻ ഭ്രാന്തനായിരുന്നു. (Music)

തോ:- അതിന്

രാജു:- ആ അവകാശം നിനക്കും കിട്ടി. (Music)

തോ:- തെളിച്ചു പറയു.

രാജു:- പറയാം, കേട്ടോളൂ. നിൻെറ അപ്പൂപ്പൻ നാട്ടിലെ ഒരു പ്രമാണിയും വലിയ ബിസിനസ്സുകാരനും ആയിരുന്നു.

തോ:- അറിയാം, നല്ലവണ്ണം അറിയാം.

രാജു:- ഒരു ദിവസം പെട്ടെന്ന് നിൻെറ അപ്പൂപ്പൻെറ കച്ചവടം തകൎന്നു. ആ തകൎച്ച ആ മനുഷ്യനെ ആകെ ഉലച്ചു. ആരോടും മിണ്ടാതെ ആയി, ജനം അദ്ദേഹത്തെ പലതും പറയാൻ തുടങ്ങി. സഹികെട്ട നിൻെറ അപ്പൂപ്പൻ ഒരു ദിവസം (ലൈററ് ഓഫ്. പിറകിൽ കർട്ടൻ മാറുന്നു. അമ്പതുവയസ്സു പ്രായം തോന്നിക്കുന്ന ഒരാൾ വരുന്നു ! അയാൾ;) അനാവശ്യമായി ഇനി എന്നെ എന്തെങ്കിലും പറഞ്ഞാൽ സകലതിനേയും ഞാൻ കഷണം, കഷണമായി അരിഞ്ഞു വീഴ്ത്തും. ചുണയുണ്ടെങ്കിൽ വരുന്നിടാ എരപ്പകളെ.

ജനം:- തോമാ. നീ വെട്ടുകത്തി മാററു. ഞങ്ങൾ വരാം തീൎച്ച, വെട്ടുകത്തി മാററു (തോമ വെട്ടുകത്തി എറിയുന്നു; ആളുകൾ ഓടി വന്ന് തോമായെ വെള്ളച്ചരടുകൊണ്ടു ബന്ധിക്കുന്നു)

തോമാ:- എന്നെ വിടൂ, എന്നെ വിടൂ.

ജനം:- നിനക്കു തലക്കു വട്ടാണ്. പററിയ മരുന്ന് ഞങ്ങൾ തരാം. (വലിച്ചു കൊണ്ടുപോകുന്നു ''ഭ്രാന്തൻതോമാ'' എന്ന ക്രമത്തിൽ പറഞ്ഞു കൊണ്ടുപോകുന്നു.) (ലൈററ് ഓഫ്. തെളിയുമ്പോൾ പഴയപോലെ.)

രാജു:- അവർ ആ മനുഷ്യനെ ചങ്ങലയിൽ ബന്ധിച്ചു- ആ ബന്ധനം മരണത്തോടെ തീർന്നു. ആ അപ്പൂപ്പന്റെ പേർ നിനക്കു കിട്ടി. ജനം അപ്പൂപ്പന്റെ സ്വരൂപം നിന്നിൽ കാണാൻ തുടങ്ങി. സ്കൂളിൽ കുട്ടികൾ നിന്നെ "ഭ്രാന്തൻ തോമാ" എന്നു വിളിക്കുന്നതു ഞാൻ കേട്ടിട്ടുണ്ട്.

തോ:- നീ പറഞ്ഞതു ശരിയാണ്- ഞാനും അപ്പൂപ്പനെപ്പോലെ കച്ചവടത്തിൽ തകർന്നു. പേ പിടിച്ച ഈ ആളുകൾ എന്നെ കളിയാക്കാൻ തുടങ്ങി, ഞാൻ പലരേയും തല്ലി.

രാജു:- അതാണ് അവർ നിന്നെ ചങ്ങലയിൽ ഇട്ടത്.

തോ:- എന്നെ അഴിച്ചു വിട്ടു, ഞാൻ ഈ രാജ്യം വിട്ടു പോയേക്കാം.

ജനം:- (അണിയറയിൽ ജനങ്ങൾ കൂട്ടത്തോടെ രംഗത്തു പ്രവേശിക്കുന്നു.) എടാ രാജുമോനെ നിനക്കും തുടങ്ങിയോ ?

രാജു:- അയ്യോ, ചങ്ങല എനിക്കു വേണ്ട- (പോകാൻ തുടങ്ങുന്നു. അപ്പോൾ ഒരാൾ പ്രവേശിക്കുന്നു.)

ആഗതൻ:- അവിടെ നിൽക്കണം.

തോമാ:- അങ്കിൾ.

ജനം:- അടുക്കരുത്, അവൻ ആക്രമിക്കും.

ആഗ:- (തോമായുടെ കൈ പിടിച്ച്) സകലതും ഞാൻ അറിഞ്ഞിരിക്കുന്നു. ഒരു psychiatrist എന്ന നിലക്ക് എന്നെ മറികടക്കാൻ ആരും നോക്കണ്ട. നിന്നെ ഭ്രാന്തനാക്കിയതിന്റെ പിന്നിലുള്ള ഭാഷ്യമാണ് Script അഥവാ തലയിലെഴുത്ത്- ബാല്യം മുതൽ കുട്ടികളിൽ ബന്ധുക്കളും സമൂഹവും എഴുതി വെക്കുന്ന എഴുത്താണ് തലയിലെഴുത്ത്. രാജു, ചങ്ങല ഇവനിൽ നിന്ന് അഴിച്ചു മാററൂ. ഈ ക്രൂരവിനോദം ഇവിടെ നിൽക്കട്ടെ ! (തോമായെ മോചിപ്പിക്കുന്നു ) തോമാക്കുട്ടി ഇവിടെ വരൂ. സമൂഹത്തിന്റെ ഭ്രാന്ത് മാററി വേണം നിന്നെ അങ്ങോട്ടു വിടാൻ.

ജനം:- ഞങ്ങൾക്കു ഭ്രാന്തില്ല. (2)

Psy:- ഉണ്ട്; തകർച്ചയിൽപ്പെട്ട മനുഷ്യരുടെ തലയിൽ എന്തും പറഞ്ഞു പറഞ്ഞു എഴുതി ചേർത്ത്, ആനന്ദം കാണാനുള്ള കഴിവ്- നിങ്ങളുടെ അസൽ ഭ്രാന്താണ്- കേട്ടോളൂ. ചെറുപ്പത്തിൽ ബീഡി വലിക്കാൻ പണം ഇല്ലാതെ ആയപ്പോൾ മോഷണം നടത്തിയ നമ്മുടെ രാഷ്ട്രപിതാവിനെ അന്ന്

കള്ളൻ എന്ന് വീട്ടുകാരും, നാട്ടുകാരും വിളിച്ചെങ്കിൽ ഗാന്ധിജി നമ്മുടെ രാഷ്ട്രപിതാവാകുമായിരുന്നില്ല. ഉഗാണ്ടയിലെ പ്രസിഡണ്ടായിരുന്ന ഇദി ആമീൻ, ചെറുപ്പത്തിൽ വെള്ളക്കാരിൽ നിന്ന് തനിക്കും അമ്മക്കും ഉണ്ടായ പൈശാചികവും ക്രൂരവുമായ അനുഭവങ്ങൾ അദ്ദേഹത്തിൽ എഴുതിയുണ്ടാക്കി "നീ ക്രൂരനായിത്തീരുക" എന്ന്. അവസരം വന്നപ്പോൾ നരഭോജിയായിത്തീന്ന ആ മനുഷ്യൻ. ഈ നൂററാണ്ടിൻെറ ഏററവും വലിയ ക്രൂരൻ എന്ന ബഹുമതിക്കും അർഹനായി! യേശുവിനെ നോക്കി സ്വർഗ്ഗപിതാവ് പറഞ്ഞു: "ഇവൻ എൻെറ പ്രിയ പുത്രനാകുന്നു. ഇവനിൽ ഞാൻ സംപ്രീതനായിരിക്കുന്നു."– ആ നല്ല പിതാവിൻെറ ഇഷ്ടം മാത്രം തലയിലെഴുത്തായി മാററിയ യേശു ജീവിതത്തിൽ ഓരോ നിമിഷവും, കുരിശുമരണവും കൂടെ ആ ഇഷ്ടത്തിൽ നിറവേററി. സുഹൃത്തുക്കളെ, കുട്ടികളെ ഗുണദോഷിച്ച് നന്മ ആശംസിക്കുമ്പോൾ നല്ലവനായിത്തീരുക എന്നത് അവരുടെ തലയിലെഴുത്തായിത്തീരുന്നു. അല്ലാതെ ശപിക്കുകയും മട്ടിക്കുകയും തുടരെ ചെയ്താൽ ഇവിടെ ഉണ്ടായ അനുഭവങ്ങൾ ഇനിയും ആവർത്തിക്കും. നമ്മുടെ വാക്കുകളും പ്രവർത്തികളും എപ്പോഴും നന്മ നിറഞ്ഞു നില്ക്കട്ടെ. അല്ലെങ്കിൽ ഭീകരന്മാർ രാജ്യം ഭരിക്കും.

ഗാനം:– എഴുത്തുകളെന്നും സന്ദേശങ്ങൾ
എഴുത്തുകൾ എന്നും സന്ദേശങ്ങൾ

## രംഗം 3

കമൻററി:– ഒരു നല്ല പിതാവ് മകൾക്കയച്ചു കൊടുത്ത ശ്രദ്ധേയമായ ഒരു എഴുത്ത്. പക്ഷേ മക്കൾ അത് ഇന്നും വായിച്ചുകൊണ്ടിരിക്കുകയാണ് മനസ്സിലാക്കാൻ. പ്രകാശം വരുമ്പോൾ സീനായ് മല തെളിയുന്നു. മോസസ്; (പ്രാർത്ഥനയിൽ രണ്ടു കൈകൾ വിരിച്ചു നിൽക്കുന്നു.) യഹോവേ, ഈ ജനം അധരം കൊണ്ടങ്ങയെ സ്തുതിക്കുകയും ഹൃദയം കൊണ്ടങ്ങയെ ശപിക്കുകയും ചെയ്യുന്നു. വൈരികൾ എനിക്കു ചുററും വലയം ചെയ്യുന്നു. ജനത്തെ നയിക്കുവാനുള്ള കരുത്ത് എനിക്കു തരേണമേ. ഞാൻ അങ്ങയെ ആരാധിക്കുന്നു. സ്തുതിക്കുന്നു.

ഗാനം:– നീ നിത്യം നീ സത്യം
നീ സ്നേഹത്തിൻ രൂപം (2)

(ഇടിവെട്ട്, കാററ്, മഴ)

ദൈവം:– മോസസ്, മോസസ്.

മോസസ്:— (പുറവും നോക്കി) ഇതാ ഞാൻ.

ദൈ:- പത്തു പ്രമാണങ്ങൾ നിനക്കു ഞാൻ നല്കുന്നു. (ഈ സമയത്ത് ആദ്യം ഒരുക്കി വച്ചിരിക്കുന്ന പ്രമാണപലക തെളിയുന്നു.) ഈ പ്രമാണങ്ങൾ അനുസരിച്ച് നിങ്ങൾ ജീവിച്ചാൽ നിങ്ങൾ എന്റെ ജനവും ഞാൻ നിങ്ങളുടെ ദൈവവുമായിരിക്കും. ഇതാ പ്രമാണങ്ങൾ.

ഗാനം:— മാർഗ്ഗം തെളിക്കാൻ ദീപങ്ങളായ്
ദൈവത്തിൻ തിരുവചനങ്ങൾ
പ്രപഞ്ചതാതൻ മക്കൾക്കെഴുതിയ ദിവ്യ സന്ദേശങ്ങൾ
മനസ്സിന്റെ താളം ജീവന്റെ ഗാനം
ഭ്രമിതൻ സ്പന്ദനമെന്നും.
ഓ... ജന്മദേശം കാണാൻ നമ്മൾ
പ്രപഞ്ചതാതൻ മക്കൾക്കെഴുതിയ ദിവ്യസന്ദേശം.

## രംഗം 4

കമൻററി:— സനാതനമായി എഴുതപ്പെട്ട ഒരെഴുത്തായിരുന്നു മോസസിലൂടെ നമ്മൾക്കു കിട്ടിയത്. ആ എഴുത്ത് സാധാരണക്കാരായ നമ്മൾക്കു മനസ്സിലാക്കാൻ പ്രയാസമുണ്ട്. അത് പൂർണ്ണമായി മനസ്സിലാക്കിയ ഒരുവൻ നമ്മിലുണ്ടായിരുന്നു.
(കടൽ രംഗത്ത്. യേശുവും മൂന്നു ശിഷ്യരും കടന്നുവരുന്നു. പക്ഷികളുടെ സ്വരം കേൾക്കുന്നു.)

യേശു:— ആകാശത്തിലെ പറവകളെ നോക്കുവിൻ. അവ വിതയ്ക്കുന്നില്ല, കൊയ്യുന്നില്ല. സ്വർഗ്ഗസ്ഥനായ പിതാവ് അവയെ തീററിപ്പോററുന്നു. (പുറത്തു ബഹളം) കിട്ടിപ്പോയ്, കിട്ടിപ്പോയ് അവസരമൊന്നു കിട്ടിപ്പോയ്. പിടിയെടാ, വിടരുത്. ഉം നടക്കു. (ഒരു സ്ത്രീയെ സ്റ്റേജിൽ തള്ളിയിടുന്നു. കയ്യിൽ കല്ലുകളുമായി ആളുകൾ എത്തുന്നു. എല്ലാവരും കല്ല് ഓങ്ങിക്കൊണ്ട്) ''എറിയട്ടെ''.

നേതാവ്:— വരട്ടെ, പറയാം. (പുച്ഛമായി) ദൈവപുത്രനായ യേശുവിനെ കണ്ടില്ലേ. അഭിപ്രായമൊന്നു ചോദിച്ചുകളയാം. എന്താ?
എല്ലാ:— അങ്ങനെതന്നെ.

ഒരുവൻ:— അനുകൂലമായ് പറഞ്ഞാൽ നിനക്കു നല്ലത്. പ്രതികൂലമായാൽ ആദ്യം നിന്നെയെറിയും (എല്ലാവരും ചിരിക്കുന്നു)

**നേതാ:–** ഈ കിടക്കുന്ന സ്ത്രീ ഒരു പരസ്യ പാപിനിയാണ്. മോസസ് പ്രവാചകന്റെ നിയമപ്രകാരം ഇവളെ കല്ലെറിഞ്ഞു കൊല്ലണം. അത് ഞങ്ങളുടെ അവകാശമാണ്. താങ്കൾ എന്തു പറയുന്നു?

**എല്ലാ:–** പറയണം, യേശു പറയണം (2)

**നേതാ:–** വ്യഭിചാരത്തിൽ പിടിച്ച ഇവളെ ഞങ്ങൾ എന്തു ചെയ്യണം പറയൂ.

**ജന:–** പറയൂ, പറയൂ വേഗം. പറഞ്ഞേക്കൂ. (യേശു നിലത്ത് കാലു കൊണ്ട് എഴുതുന്നു.)

**നേതാ:–** കൂട്ടരേ.

**ജനം:–** ഇതാ ഞങ്ങൾ

**നേതാ:–** നമുക്ക് ഇവളെ കല്ലെറിയാം.

**ജനം:-** ശരി.

**നേതാ:–** ക്രമത്തിൽ ഗണമായി കല്ലെറിയൂ.(മൂന്നു പേർ വെച്ച് ഗണം ഉണ്ടാക്കുന്നു. എറിയാൻ നോക്കവേ, യേശു കൈ ഉയർത്തി)

**യേശു:–** നിങ്ങളിൽ പാപം ചെയ്യാത്തവൻ ആദ്യം ഇവളെ കല്ലെറിയട്ടെ. (കല്ലുകൾ ഓരോരുത്തരുടെ കയ്യിൽ നിന്ന് താഴെ വീഴുന്നു. ഈ സമയത്ത് കടലിന്റെ മുകളിൽകൂടി 10 പ്രമാണങ്ങൾ എഴുതിയ പലക മാലാഖമാർ ഉയർത്തിക്കാണിക്കുന്നു. നേതാവും കൂട്ടരും ഓടിപ്പോകുന്നു. പ്രമാണപലക താഴുന്നു)

**കമൻററി:–** യേശുവിന്റെ മുന്നിൽ നാം അണയുമ്പോൾ, നമ്മുടെ ഹൃദയരഹസ്യങ്ങൾ മുഴുവൻ യേശു വായിക്കുന്നു. തെററുകൾക്കു നേരേ വിരൽ ചൂണ്ടുന്നു. അനുതാപത്തിലേയ്ക്കു ക്ഷണിക്കുന്നു.

**യേശു:–** സ്ത്രീ, ആരും നിന്നെ കല്ലെറിഞ്ഞില്ലേ ?

**സ്ത്രീ:–** ഇല്ല കർത്താവെ, എന്നെ ആരും കല്ലെറിഞ്ഞില്ല. അങ്ങു മാത്രമാണ് എന്റെ വിധിനാഥൻ.

**യേശു:–** (ഒരു കൈ ഉയർത്തി) ഞാനും നിന്നെ വിധിക്കുന്നില്ല. മേലിൽ പാപം ചെയ്യരുത്.

61396



കമൻററി:- നിത്യമായ ദൈവത്തെ നമ്മുടെ ബുദ്ധിക്കു ഗ്രഹിക്കാൻ ദൈവം ഭൂമിയിലേയ്ക്കു് അയച്ച സ്നേഹമൂറുന്ന എഴുത്താണ് യേശുക്രിസ്തു. യേശുവിലൂടെ പിതാവിനെ കാണുന്നു, അറിയുന്നു, സ്നേഹിക്കുന്നു, സ്തുതിക്കുന്നു. (ആ സ്ത്രീ മുട്ടിന്മേൽ നിന്നു്)

ഗാനം:- യേശുവേ, എൻെറ കണ്ണുകൾ
നിത്യവും നിന്നെ കാണുവാൻ
ശ്രേഷ്ഠമാം നിൻ വചസ്സുകൾ
കേൾക്കുവാൻ എൻെറ കാതുകൾ (2)

യേശുവിൻെറ ചുററും **'എഴുത്ത്'** എന്ന ബോർഡുകൾ നിറയുന്നു.

ഗാനം:- 'ഉണ്ടാകട്ടെ' ആദിയിൽ എഴുതിയ
സ്നേഹത്തിൻ വചനം
ദൈവത്തിൻ വാക്യം. (2)
യേശുവിൽ കാണുന്നിതാ
യേശുവിൽ അറിയുന്നിതാ
നിത്യഭവനം, സ്നേഹഭവനം, ദൈവരാജ്യമതാ

ശുഭം

DHARMARAM COLLEGE LIBRARY
BANGALORE

# 4. മേള

## രംഗം 1

രംഗത്തു– മേക്കപ്പ് റൂമിൻെറ ദൃശ്യങ്ങളം–

അണിയറയിൽ– ജനങ്ങളുടെ ബഹളം–

Announcer:– Your attention please.– പ്രത്യേകം ശ്രദ്ധിക്കു– മോഹിനിയാട്ടമത്സരത്തിൽ first prize B.C ബിന്ദു–)കൈയ്യടി ഉയരുന്നു) Second prize– A.D. എൽസി (കൈയ്യടി) third prize– സുധാവമ്മ പി.ഒ. (കയ്യടി) Once more, repeat the prize winners–(ആവർത്തിക്കുന്നു) ഒരു കുട്ടി കരഞ്ഞ് മോഹിനിയാട്ടവേഷത്തിൽ വരുന്നു-

സുധാവമ്മ:– കഷ്ടം! എന്നോടു ഇത്രയും ക്രൂരതവേണ്ടായിരുന്നു. (അമ്മകടന്നുവരുന്നു)അമ്മേ– first prize എനിക്കാണെന്നു ജഡ്ജേഴ്സിൽ ഒരാൾ എന്നോടു പറഞ്ഞതാണ്, എന്നിട്ടാണ് മൂന്നാം സ്ഥാനത്തേയ്ക്കു മാററിയതു്. (കരയുന്നു)

അമ്മ:– സാരമില്ല. നമുക്കെന്തുചെയ്യാൻ സാധിക്കും. അതാ നിൻെറ അച്ഛൻ വരുന്നു.

സുധ:– (അച്ഛനെ നോക്കി) അച്ഛാ......

അച്ഛ:– മോളേ, എല്ലാം ഞാനറിഞ്ഞു– ഉടനെ വരൂ– നിൻെറ കൂട്ടുകാരികളടക്കം കുറെ പേർ അവിടെ കൂടിയിട്ടുണ്ട്. ഉടനെ ഒരു പ്രതിഷേധ പ്രകടനം ഗ്രൗണ്ടിൽ അരങ്ങേറണം. (മുദ്രാവാക്യം പിന്നിൽ– വിദ്യാർത്ഥി ഐക്യം സിന്ദാബാദ്, അധികാരികൾ നീതി പാലിക്കുക)

സുധാവമ്മ:– അച്ഛാ......ഈ വേഷം.

അച്ഛൻ:– വേഷം ഇതു തന്നെവേണം. മുന്നിൽ നീ നിൽക്കണം. പുറകിൽ ഞങ്ങളെല്ലാവരുമുണ്ട്– ഈ അനീതിക്കെതിരെ എന്തെങ്കിലും ചെയ്തേപററൂ. ഒരു വലിയ Mass petition കൊടുക്കാൻ ഒപ്പു ശേഖരണത്തിനായി രണ്ടു പേരെ ഞാൻ ഏർപ്പെടുത്തിയിട്ടുണ്ട്. ഒരെണ്ണം മുഖ്യമന്ത്രിക്ക്, ഒരെണ്ണം വിദ്യാഭ്യാസ മന്ത്രിക്ക്, ഒരെണ്ണം Education department ന് വേഗം വരൂ. (മകളുടെ കൈക്കു പിടിച്ച് നടക്കാൻ നോക്കവേ)

(ഓടി വരുന്നു, വളണ്ടിയർ Badge അണിഞ്ഞിട്ടുണ്ട്) Second prize സുധാവമ്മക്ക് ആയിട്ടുണ്ട്.

അച്ഛൻ:– ഛീ! വൃത്തികെട്ട ഔദാര്യം എൻെറ മകൾക്ക വേണ്ട, third prize മതി. നിങ്ങൾക്കു പോകാം, പോടാ.

സുധാ:– ആ first prize കിട്ടിയ കുട്ടി ഇവിടത്തെ collector ടെ മകളാ. അച്ഛാ ആ കുട്ടിയുടെ ഡാൻസ് മാസ്റ്റർക്ക് ജഡ്ജ്മെൻറ ഇടയിൽ വലിയ സ്വാധീനമാണ്.

അച്ഛൻ:– മതി മോളേ, first prize പോയവഴി അച്ഛന് നല്ലവണ്ണം മനസ്സിലായി– സ്റ്റേജിലെ പ്രകടനത്തിന് ജനത്തിൻെറ അങ്ങേയററത്തെ അംഗീകാരം നിനക്കുണ്ട്– ഈ കുലീനന്മാരുടെ കുടിലതക്കു നമ്മൾ എന്നും ബലിയാടുകളാണ്— മോളേ–

(പെട്ടെന്ന് അമ്മക്ക തലചുററലനുഭവപ്പെടുന്നു. മോളേ എന്നു വിളിച്ചു കൊണ്ട് വീഴാൻ തുടങ്ങുമ്പോൾ അച്ഛനും ആഗതനും താങ്ങി തറയിൽ കിടത്തുന്നു)

## Still

കമൻററി:– നമ്മുടെ കലാമേളകൾ കലാപമേളകളായി മാറി. പ്രതിഷേധാഗ്നി ഓരോ കരുന്നു മനസ്സിലും പടന്നു പന്തലിക്കുന്നു. നീതി എന്നത് അധികാരികളുടെ നാവിൻതുമ്പിലെ ഒരു വിനോദവാക്കായിത്തീന്നു.

(രണ്ടുപേർ രണ്ടു ഭാഗത്തു നിന്നും ചെണ്ടകൊട്ടി പാട്ടുപാടി വരുന്നു)

ഗാനം:– ഉത്സവമേളകൾ, നാടിൻെറ പൂത്തിരി
കഞ്ഞുങ്ങൾ വേദിയിൽ പാടവം തീക്കുന്നു–
മേളകളൊത്തിരി
വാർത്തയും ഒത്തിരി–
താളം പിഴയ്ക്കുമ്പോൾ
ഈണങ്ങൾ മാറുന്നു.

സ്റ്റേജിൽ നിറയെ 'മേളകൾ' എന്ന ബോർഡുകൾ ഉയരുന്നു.
ചെണ്ടയും ശബ്ദവും മാത്രം.

കമൻററി:– കൊല്ലം മുഴവൻ ബഹുവിധ മേളകൾ!

സസ്യപ്രദർശനമേള (പലരുടെ സ്വരത്തിൽ) ശിശു പ്രദർശനമേള, ശ്വാന പ്രദർശന മേള, ഗജവീരമേള, സിനിമാ പ്രദർശനമേള, പഞ്ചായത്തു മേള, ജില്ലാമേളകൾ, സംസ്ഥാന മേളകൾ, International മേളകൾ.

ഗാനം:– (ആവർത്തിക്കുന്നു) (ബോർഡുകൾ അടുന്നു.)

കർട്ടൻ

## രംഗം 2

കള്ള്, ചാരായം, മദ്യം എന്നെഴുതിയ ബോർഡുകൾ തുല്യ അകലത്തിൽ രംഗത്തു, കാണാം. മൂന്നു വ്യക്തികൾ മൂന്നിടത്ത് ഇരുന്ന് കുടിക്കുന്നു

കമൻററി:— നിത്യേനെ നാം കാണുന്ന മേളയ്ക്ക് അരങ്ങേററം ഇവിടെനിന്ന് ആരംഭിക്കുന്നു. സ്വല്പം വയററിൽ ചെന്നാൽ തലക്കകത്തു മേളം ഉണരുന്നു. ഈ മേളയുടെ അവസാനത്തിൽ കൊലപാതകം വരെ കണ്ടേക്കാം.

അപ്പൂപ്പൻ:— (വടികുത്തി കള്ളുഷാപ്പിൽ നിന്നും വരുന്നു. ആകാശം മുഴുകെ നോക്കിയ ശേഷം) കാർമേഘം ഉരുണ്ടു കൂടുന്നുണ്ടല്ലൊ?— ആകാശത്തിൽ എന്തെല്ലാം കളികളാണ് ഉള്ളതു് ചിലത് മിന്നുന്നു— മിന്നിപ്പൊലിയുന്നു— ചിലത് കത്തിജ്വലിക്കുന്നു- ചിലത് ഓടുന്നു— നൃത്തം വെയ്ക്കുന്നു. (അപ്പൂപ്പൻ നൃത്തം ചെയ്തുകൊണ്ടിരിക്കുമ്പോൾ ചാരായഷാപ്പിൽനിന്നും അപ്പൻ വരുന്നു.)

അപ്പൻ:— ആരാ, ഇത് അപ്പനാ, പിള്ളേരുകളി വിട്ടുമാറീട്ടില്ലല്ലോ.

അപ്പൂപ്പൻ:— എടാ കറിയാച്ചാ, ഞാൻ കള്ളിൻെറ ലഹരിയിൽ, നീ ചാരായത്തിൻെറ ലഹരിയിൽ, അതാണ് നാം തമ്മിലുള്ള വ്യത്യാസം. കള്ള് എന്നിൽ വാദ്ധക്യം ഇല്ലാതാക്കുമ്പോൾ ചാരായം നന്നിൽ വാർദ്ധക്യം ഉണ്ടാക്കുന്നു.

അപ്പൻ:— Correct! കൈ കൊടു അപ്പാ, (കൈക്കു പകരം വടി പിടിക്കുന്നു)

അപ്പൂപ്പൻ:— മോനെ, കറിയാച്ചാ, എൻെറ വടി വിടടാ, വിടടാ വടി— (ഈ സമയത്ത് മദ്യഷാപ്പിൽ നിന്നു മകൻ പുറത്തേയ്ക്കു വരുന്നു, തലക്കു ചുററും ഒരു കെട്ട്- മുഷിഞ്ഞ പാൻറും ഷർട്ടും)

മകൻ;— Fantastic! സ്വർഗ്ഗവും നരകവും ഇവിടെ; Dear father and my dear grand father-

അപ്പൻ:— മോനെ—

അപ്പൂപ്പൻ:— ചെറിയാനെ

അപ്പൻ— എന്തൊരു സ്നേഹമാടാ, നിൻേറതു്?

അപ്പൂപ്പൻ:— നീ വളർന്നു വലുതാകുമെടാ

അപ്പൻ:— കാലമാടനേക്കാൾ നീ കേമനാകുമെടാ—

മകൻ:— Bravo! optime! സുവർണ്ണാവസരം! മേള തുടങ്ങാം— (മ്യൂസിക്ക്)

ഗാനം:— നമുക്കു നാമെ പണിവതു
നാകംനരകവുമതുപോലെ— (2)

(മ്യൂസിക്ക് ശക്തമാകുന്നു- മൂവരും നൃത്തമാടി വീഴുന്നു.)

കമൻററി:— നാം കാണാറുള്ള ലഹരി മേള— ലഹരി ഇന്ന് ആബാലവൃന്ദം ജനങ്ങളിലും നൃത്തം വെയ്ക്കുന്നു. ലഹരി അണിയാത്ത മേള കുപ്പയിലേയ്ക്കു വലിച്ചെറിയുന്ന വിഴപ്പുകെട്ടാണ്— (മ്യൂസിക്ക്)

കർട്ടൻ

രംഗം 3

(രാജകൊട്ടാരം— രണ്ടു പടയാളികൾ കുന്തവുമായി നില്ക്കുന്നു.)

കമൻററി:— ഇന്നുള്ള മേളകൾക്കു മന്ത്രിമാരാണ് ചരടുപിടിക്കുന്നതു്; എന്നാൽ പണ്ട് രാജാക്കന്മാരിലായിരുന്നു ഈ ചരടുപിടുത്തം: രാജാവ് ആജ്ഞാപിച്ചാൽ ഉടനെ വിനോദം, യുദ്ധം എല്ലാം എത്തിക്കഴിഞ്ഞു. എ. ഡി. മൂന്നാം നൂററാണ്ടിൽ (മാർച്ചിങ്ങ് മ്യൂസിക്ക് ഉയരുന്നു- മന്ത്രി പ്രവേശിക്കുന്നു. രാജാവ് പ്രവേശിക്കുന്നു)

നീറോ രാജാവ്:— (ചിരിക്കുന്നു) എൻെറ അമ്മ, എൻെറ പിതാവിന് വിഷം കൊടുത്തു കൊന്നതിൻെറ ഒന്നാം വാർഷികം ഇന്നാണ്. അതിൻെറ ഉത്സവം ആരംഭിക്കുന്നു— മന്ത്രി സത്തമാ—

മന്ത്രി: - അടിയൻ

രാജാ:- (രാജാവ് വാൾ ഊരി മുന്നോട്ട് ആഞ്ഞ് നടന്ന് വാൾ മന്ത്രിക്കു നേരെ നീട്ടി) ഇതു പിടിക്കൂ... പിടിക്കാൻ

മന്ത്രി:- ഉത്തരവ് (വാൾ വാങ്ങുന്നു)

രാജാ:— അതുകൊണ്ടുപോയി, എൻെറ അമ്മയുടെ ശിരസ്സു ഛേദിച്ച് ഉടൻ മടങ്ങിവരൂ. ഉം— പോകൂ- (മന്ത്രി പോകുന്നു.) (രാജാവ് അസ്വസ്ഥനായി നടക്കുന്നു— അണിയറയിൽ കരച്ചിൽ— രാജാവ് അട്ടഹസിക്കുന്നു) (അല്പം കഴിഞ്ഞ് രക്തം പുരണ്ട വാളുമായി മന്ത്രി വരുന്നു.)

രാജാ:- ആ വാൾ ഇങ്ങു തരൂ- (വാൾ വാങ്ങി) റോമാ പുരിക്കു ഞാൻ തീ വെച്ച വിവരം നീ ആരോടെങ്കിലും പറഞ്ഞോ?

മന്ത്രി:- ഉവ്വ്! അങ്ങയുടെ മാതാവിനോടു മാത്രം.

രാജാ:- (കോപം അമർത്തി) സ്ത്രീ വഞ്ചകിയാണ്. അവളുടെ മാസ്മര വലയത്തിൽ വീണ വിഡ്ഢിയാണു നീ. ഇനി ഒരിക്കലും എനിക്കു മന്ത്രിയായിക്കൂടാ — പോകൂ... പോകൂ. (വാളുകൊണ്ട് മന്ത്രിയുടെ വയററിനു നേരെ ആഞ്ഞു കുത്തുന്നു) നീയും പോകൂ അവളുടെ പുറകേ— (മന്ത്രി സ്റ്റേജിൽ പിടഞ്ഞു പിടഞ്ഞ് മരിക്കുന്നു രാജാവ് അട്ടഹസിക്കുന്നു)

രാജാ:- ഇവനെ കൊണ്ടുപോയി കുന്തമുനയിൽ കുത്തി നിറുത്തു. നമ്മുടെ വിനോദം ജനം അറിയട്ടെ! (പടയാളികൾ അവനെ വലിച്ചു കൊണ്ടു പോകുന്നു.) നമ്മുടെ വിനോദം, ഇനിയും തുടരട്ടെ! (പിൻകർട്ടൻ മാറുന്നു- രണ്ടു കരടികൾ നടക്കുന്നു- അണിയറയിൽ) "അരുതു്, എൻെറ ജീവനെ നശിപ്പിക്കരുത്". (ഒരു മനുഷ്യനെ തള്ളിയിടുന്നു. കരടികൾ അവനെ സമീപിക്കുന്നു. ഭയത്തോടെ അവൻ ഒഴിഞ്ഞുമാറുന്നു. കരടികൾ തമ്മിൽ കൂട്ടിമുട്ടുന്നു- കടി പിടി കൂടുന്നു- ജനം കയ്യടിക്കുന്നു. വീണ്ടും സമീപിക്കുന്നു— ആ മനുഷ്യനെ കടിച്ചു കീറുന്നു)

കമൻററി:— ചരിത്രത്തിൽ ഇത്തരം മേളകൾ നിരവധി അരങ്ങേറിയിട്ടുണ്ട്. രാജാവ് ഉത്തരവിട്ടാൽ മേളകൾ തുടങ്ങുന്നു.

ഗാനം:— രാജാവിൻ തിരുമൊഴിയാൽ
മേളകൾ ഉണർന്നിടുന്നു
രാജാവിൻ കല്പനയാൽ
വൈരികൾ തീർന്നിടുന്നു.

കർട്ടൻ

## രംഗം 4

(മൂന്ന് യഹൂദ മനുഷ്യർ മെല്ലെ നടന്നുവരുന്നു.)

ഒന്നാമൻ:- നിങ്ങൾ ഓർക്കുന്നുണ്ടോ അന്നത്തെയൊരു ശാപ്പാട്— തീർത്തും സുഭിക്ഷമായ ശാപ്പാട്.

രണ്ടാ:— പത്തു ദിവസത്തേയ്ക്കുള്ള ആഹാരമാണ് തലച്ചുമടായി ഞാനും മക്കളും അവിടന്നു പൊക്കിയതു്—(ചിരിക്കുന്നു)
മററു രണ്ടുപേരും— അമ്പടാ എസ്കപ്പാ—

മൂന്നാമൻ:— 5 അപ്പവും 2 മീനും കൊണ്ടു് പെരും വയറന്മാരായ അയ്യായിരത്തിലധികം പേർ തിന്നു തൃപ്തരായി. പലർക്കും ശാപ്പാടിനുശേഷം എണീക്കാൻ പററാതെ, പായ അവിടെത്തന്നെ ഇട്ടിരിക്കുകയായിരുന്നു ഉറങ്ങാൻ (ചിരിക്കുന്നു).

ഒന്നാമൻ:– യേശുവിൻെറ കൂടെ കൂടിയാൽ നല്ലമേളമാണ്, ഉത്സവ മേളം. അവൻെറ തത്വങ്ങൾ "ഇടത്തേ ചെകിടത്തടിച്ചാൽ വലത്തേതും കാണിച്ചുകൊടുക്കുക". ഒരു മൈൽ നടക്കാൻ ഒരാൾ നിന്നോട് ആവശ്യപ്പെട്ടാൽ രണ്ടു മൈൽ ദൂരം നടക്കുക. ഇതൊക്കെ നടക്കാത്ത കാര്യമാ.

രണ്ടാ:– പക്ഷേ നമ്മുടെ പുരോഹിതന്മാർ യേശുവിനെ കെണിയിൽ വീഴ്ത്തി കുരിശിൽ തറക്കാൻ തീർപ്പായെന്നു കേട്ടു.

മൂന്നാമ:– എന്നാൽ ഇന്നു ഗംഭീരമേള കാണാം. ചത്തിട്ടു നാലു ദിവസം കുഴിയിൽ കിടന്നവനോടാണ്– യേശു പറഞ്ഞതു് എണീററ് വാടാ. ഉടനെ വാറണ്ടു് കിട്ടിയപോലെ ചത്തവൻ കുഴിയിൽ നിന്ന് എണീററു വന്നു. (അന്തരീക്ഷം ഇരുളുന്നു. ഇടിമിന്നൽ, കാററ്, മഴ ഉണ്ടാകുന്നു.)

മൂവരും:– എന്താ ആകെയൊരു പന്തികേട്. യേശുവിനെ കുരിശിൽ തറച്ചോ?

ആഗതൻ:– (ഓടിക്കിതച്ചു വന്നു്) എൻെറ രോഗം മാറി, എന്നെ ബാധിച്ച കുഷ്ഠരോഗം മാറിപ്പോയി. (മൂവരും അവനെ മാറി മാറി നോക്കുന്നു)

മൂവരും:– ശരിയാണല്ലോ.

ഒന്നാ:– വികൃതമായ നിൻെറ മുഖം എത്ര മനോഹരമായിരിക്കുന്നു. ഇതു് എങ്ങനെ?

ആഗ:– പറയാം. യേശുവിനെ ക്രൂശിൽ തറയ്ക്കുന്നതു് ഞാൻ അകലെ നിന്നു കാണുകയായിരുന്നു. വലിയൊരു ജനാവലി ഈ മേള കാണാൻ അവിടെ ഉണ്ടായിരുന്നു. പെട്ടെന്നു് ആകാശം ഇരുണ്ടു. ശക്തിയായ ഇടിമിന്നൽ, പാറകൾ പൊട്ടിത്തെറിക്കുന്നു. ഇടി മിന്നലിലൂടെ എന്തോ ഒരു ദിവ്യശക്തി എന്നിൽ പ്രവേശിച്ചു. പിന്നെ......

"ഫ്ളാഷ് ബാക്കിൽ" യേശു അവനെ തൊട്ടു നീ സൗഖ്യമുള്ളവനായിരിക്കുക" സമാധാനം നിന്നോടുകൂടെ. (ചർച്ച് മ്യൂസിക്ക് ശക്തിയായി ഉയരുന്നു. ഫ്ളാഷ് ബാക്ക് അവസാനിക്കുന്നു. ആദ്യ സ്ഥിതിയിൽ നാലുപേരും.)

ആഗതൻ:– യേശുവിൻെറ ആ ശബ്ദം ഇപ്പോഴും എൻെറ കാതുകളിൽ അലയടിക്കുന്നു. യേശു ദൈവ പുത്രനാണ് തീർച്ച.

ഒന്നാമൻ:– നമ്മൾ ഇത്രയും നാൾവരെ യേശുവിനെ ഒരു കൗതുക വസ്തുവായി മാത്രമേ കണ്ടുള്ളു. ഇയാൾ നമ്മളെക്കാൾ കൂടുതലായി യേശുവിനെ അറിഞ്ഞു.

രണ്ടാ:– ഇനി അതും ഇതും പറഞ്ഞിട്ടെന്താ കാര്യം. യേശു മരിച്ചു.

ആഗ:– ഇല്ല (2) യേശു ഒരിക്കലും മരിക്കില്ല. മൂന്നു നാൾക്കു ശേഷം അവൻ ഉയിർക്കും. അവൻെറ വാക്കുകൾ സകലതും സത്യമാണ്

ഒന്നാ:– മൂന്നു ദിവസമാകട്ടെ. നമുക്കു വീണ്ടും കാണാം (ലൈററ് ഓഫ്. അരണ്ട നീല പ്രകാശം രംഗത്തു വരുന്നു. പാറകൾകൊണ്ടു നിറഞ്ഞ ഒരു സ്ഥലം രണ്ടു പടയാളികൾ വാളും പിടിച്ച് ഒരു കുഴിമാടത്തിനരികെ, മററു രണ്ടു പടയാളികൾ കുന്തം വഹിച്ചുകൊണ്ട് നടക്കുന്നു.)

കമൻററി:– മരിച്ച മനുഷ്യനു കാവൽ നിന്ന ചരിത്രം ഒന്നേയൊന്നു മാത്രം– അത് ഇവിടെയാണ്. മരിച്ചവൻ ഉയിർക്കുമെന്നുള്ള പേടി ഈ കാവലിനു പിറകിൽ നിറഞ്ഞു നിൽപ്പുണ്ട്. (പെട്ടെന്ന് പുറത്ത് ഒരു വലിയ ശബ്ദം. നാലു പേരും ചുവടുകൾ വെച്ച് മാറി മാറി ശ്രദ്ധിക്കുന്നു. വീണ്ടും സ്വസ്ഥാനങ്ങളിൽ വരുന്നു. പെട്ടെന്ന് കുഴിമാടത്തിൻെറ മുകളിലെ പാറ തെറിക്കുന്നു. കുഴികളുള്ളിൽ നിന്നും പ്രകാശരശ്മികൾ പുറത്തേക്കു വരുന്നു. പടയാളികൾ പേടിച്ചു വിഭ്രാന്തിയുള്ളവരായി നിലത്തു വീഴുന്നു. യേശു മെല്ലെ കുഴിയിൽ നിന്ന് ഉയർന്നുവരുന്നു.) (ചർച്ച് മ്യൂസിക്ക്)

യേശു:– (രണ്ടു കൈകളും ജനങ്ങൾക്കുനേരെ വിരിച്ച്) നിങ്ങൾക്കു സമാധാനം! (പാറയുടെ മറവിൽ ഇരുന്നിരുന്ന മാലാഖമാർ ഉയരുന്നു. സ്വർഗ്ഗീയ പ്രഭ വിതറുന്ന പ്രകാശവിധാനം. ബാൻറ് വാദ്യോപകരണങ്ങൾ മാലാഖമാർ വായിക്കുന്നു.)

ഗാനം:– അത്യുന്നതങ്ങളിൽ ദൈവത്തിന്
മഹത്വം മഹത്വം മഹത്വം
മന്നിടെ സന്മനസ്സുള്ളവർക്ക്
സമാധാനം, സമാധാനം .........

(മ്യൂസിക്കു തുടരുന്നു. ഈ സമയത്തു തുടക്കത്തിലെ നാലുപേരും ഈ രംഗം വീക്ഷിക്കുന്നു. മുട്ടുകുത്തി സ്തുതിക്കുന്നു. Angel Music ശക്തി കുറയുമ്പോൾ

കമൻററി:– യേശു നൽകുന്ന സമാധാനം നിത്യമേളക്കു തുടക്കം കുറിക്കുന്നു. സന്മനസ്സു നമ്മിൽ വരുമ്പോൾ മാത്രമേ യേശു തരു

ന്ന സമാധാനം നമ്മിൽ വന്നുചേരുകയുള്ളു. അതോടെ ഒരിക്കലും അവസാനിക്കാത്ത മേള - നിത്യാനന്ദം, നിത്യ നിർവ്വതി നമ്മിൽ ഉണ്ടാകുന്നു. ആർക്കും ഒന്നും നഷ്ടപ്പെടാതെ നിത്യ സമ്പന്നത കൈവരുന്നു. യേശു തരുന്ന സമാധാനം നമ്മൾക്ക നേടാം. നിത്യമേളയിൽ പങ്കുചേരാം.

ഗാനം:– യേശുവേ, വരുന്നൂ
സത്യത്തിൻെറ മാർഗ്ഗം തേടി ഞങ്ങൾ
ദൈവരാജ്യം ഞങ്ങൾ തൻ ഭവനം
ഹല്ലേലുയ്യാ പാടി പാടി ഞങ്ങൾ

(ഗാനസമയത്തു നാടകത്തിരല സകലരും രാജാവൊഴികെ, ഇവിടെ വരുന്നു.)

കർട്ടൻ

# 5. നീതിപീഠം

## ടാബ്ളോ

പ്രധാന കഥാപാത്രങ്ങൾ.

1 സിംഹം
2 സ്വാമി വിവേകാനന്ദൻ
3 ഗാന്ധിജി
4 ക്രിസ്തു
5 അസ്ഥികൂടം

രംഗത്തു കോടതിമുറിക്കുവേണ്ട സജ്ജീകരണങ്ങൾ. വക്കീൽ, പ്രതി, ജഡ്ജി, കോർട്ട് എംബ്ളം

കമൻററി:- ആയിരം കുററവാളികൾ രക്ഷപ്പെട്ടാലും ഒരു നിരപരാധി ശിക്ഷിക്കപ്പെടരുത് എന്ന കോടതി ആപ്തവാക്യം കേൾക്കാൻ രസമാണ്, പറയാൻ എളുപ്പമാണ്. നിയമവാഴ്ചതന്നെ ഇന്നു ചോദ്യം ചെയ്യപ്പെട്ടുകൊണ്ടിരിക്കുന്നു. സ്വതന്ത്രനെന്നു കാണിക്കാൻ മനുഷ്യൻ ചങ്ങലകൾ ഇളക്കി ശബ്ദം ഉണ്ടാക്കി ഫാഷൻ പ്രകടിപ്പിക്കുന്നു. സത്യത്തിൻെറ മുഖംമൂടി വെക്കാൻ തിരക്കിട്ട ശ്രമങ്ങൾ സകലയിടത്തും ദൃശ്യമാണ്. (ടെക്നിക് ലൈററിൽ അസ്ഥികൂടം പ്രത്യക്ഷപ്പെടുന്നു. ബാക്കി എല്ലാം അപ്രത്യക്ഷം)

അസ്ഥികൂടം:- എന്നെ കണ്ടോ ? എന്തൊരു സൗന്ദര്യം അല്ലേ ? ഈ സൗന്ദര്യം നിങ്ങൾക്കു നേടിയെടുക്കാം — അസൂയ വേണ്ട ! സങ്കടം വേണ്ടാ. സകലരും വിധി പ്രസ്താവിച്ച് പ്രസ്താവിച്ച് എന്നെ ഈ പരുവത്തിലാക്കി. രാഷ്ട്രപിതാവിനെപ്പോലും പ്രതിക്കൂട്ടിലാക്കി ഇന്നും വിധി പറയുന്നു. നിങ്ങൾ പലരും വിധി നടപ്പാക്കിക്കൊണ്ടു കൈകൾ കഴുകുന്നു.

ഗാനം:— (ഗാനത്തിൻെറ സമയത്തു് അസ്ഥികൂടം നൃത്തം വെക്കുന്നു.)

ഈശ്വരനെപോലും പ്രതിയാക്കി
മാററിയ സംസ്ക്കാരം നിങ്ങളിലുണ്ട്.

ഉണ്ട് ഉണ്ട് നിങ്ങളിലില്ലുണ്ട് —
കൈകൾ കഴകി തെററിനെ മാസ്സുന്ന
നിലവാരം നിങ്ങളിലില്ലുണ്ട്.
ആ...... ആ...... ആ......

(മുൻഭാഗത്തു തുലാസുകൾ)

നീതിപീഠത്തിൻെറ
നിലക്കും ചിഹ്നമിതാ
നീതി പുലന്നീടുവാൻ
സത്യം പുലർന്നീടുമോ.

still

കമൻററി:– നമ്മിലെ നീതിബോധവും സത്യവും തകന്നപ്പോൾ നമ്മോടൊപ്പം ജീവിക്കുന്ന മൃഗങ്ങളുടെയും മററും ജീവിതം ദുരിതപൂണ്ണമായി. സനാതന കോടതിയിൽനിന്നും ലഭിച്ച നീതിയിൽ സന്തോഷത്തോടെ ജീവിക്കുന്ന മൃഗങ്ങൾ പലതും ചത്തൊടുങ്ങി. പരിസ്ഥിതി മുഴവൻ മലീമസമായപ്പോൾ മൃഗങ്ങൾ ഒന്നടങ്കം ഒരു തീരുമാനത്തിനു തയ്യാറായി. അതാണ് ഞങ്ങൾ അവതരിപ്പിക്കുന്ന നീതിപീഠം.

## രംഗം 2

(കർട്ടൻ മാറുമ്പോൾ പാറകൾ നിറഞ്ഞ അന്തരീക്ഷം. മാർച്ചിങ്ങ് ട്യൂൺ. രണ്ടു കരടികൾ രണ്ടു ഭാഗത്തുനിന്നുമായി ഉണങ്ങിയ കമ്പുകൾ പിടിച്ച് അങ്ങോട്ടും ഇങ്ങോട്ടും നടന്ന് അററങ്ങളിൽ നിശ്ചലരാകുന്നു. മ്യൂസിക്ക് തുടരുന്നു. പുലി, മുയൽ, പാമ്പ് ആദിയായ മൃഗങ്ങൾ രംഗത്തെത്തുന്നു. അവസാനം സിംഹരാജൻ എത്തുന്നു. എല്ലാം നിശ്ചലമാകുമ്പോൾ

കമൻററി:– മനുഷ്യനിൽ നിന്ന് നീതി ലഭിക്കാതായപ്പോൾ ഈ മൃഗ കോടതി ഒന്നിച്ചു തീരുമാനമെടുക്കാൻ തയ്യാറായി.

സിംഹം:- (എഴുന്നേററു മുന്നോട്ടു വന്ന്) യഥാ രാജാ, തഥാ പ്രജാ, നിങ്ങൾക്കു ക്ഷേമം തന്നെയല്ലേ ?

മുയൽ:– (വണങ്ങി) തട്ടിയാൽ, മുട്ടിയാൽ വിറകൊള്ളുന്ന ജന്മമാണ് ഞങ്ങൾക്കുള്ളത്. കാട്ടിലും നാട്ടിലും സദാ നേരം സ്ഫോടനങ്ങളും കൂട്ടക്കരച്ചിലും ബഹളവുമാണ്. ഞങ്ങളെ രക്ഷിക്കൂ. (2)

സിംഹം:- (അലറുന്നു.) പുലിസത്തമാ, ആരാണ് ഇതിനുത്തരവാദി.

പുലി:- (എഴുന്നേററ്) പ്രഭോ ! ഇതിനുത്തരവാദി മനുഷ്യരാണ്. കാടു മുഴുവൻ ഇന്ന് ആയുധപ്പുരയാണ്. കാടും നാടും ഇന്നൊരു ശവപ്പറമ്പാണ്. പിന്നെ സക്കാർ നമ്മെ മുഴുവൻ ''ഇൻഷ്വറൻസ്'' എന്ന ഓമനപ്പേരിൽ വലയിലാക്കിയിരിക്കയാണ്. നമ്മെ തിന്നു തീർക്കാനുള്ള ഒരു ഏർപ്പാടാണ്.

സിംഹം:- നിർത്തു. ഇനിയെന്തെങ്കിലും !

കരടി:- ഉണ്ടു തിരുമേനി ! ഉണ്ട്, നാട്ടിലെ ആനകൾക്കു പെരുത്ത സുഖം ! നല്ല ശാപ്പാട്, ഉത്സവ മേളങ്ങൾ, പിന്നെ ബ്യൂട്ടി പാർലറിൽ ആനകളെ അണിയിക്കുന്നു, നടത്തുന്നു, ഓടിക്കുന്നു.

സിംഹം:- കൊള്ളാം. നല്ല വാത്ത.

പാമ്പ്:- (നൃത്തമാടി) മനുഷ്യൻ നിത്യേന ഞങ്ങളെ കൊന്നൊടുക്കുന്നു. സകലേടത്തും ഞങ്ങളെ അവൻ ഇഞ്ചിഞ്ചായി ചതക്കുന്നു.

സിംഹം:- (അലറി) മതി ! ഉടൻ മനുഷ്യനെ കൊണ്ടു വരൂ.

(കരടികൾ താളക്രമത്തിൽ നടന്നു പോയി. ഒരു കരടി, ഒരു മുസ്ലീമിനെ കൊണ്ടുവരുന്നു.)

മുസ്ലീം:- ലാ ലഹിലാഹെ ഇല്ലള്ള (2) (കൈയ്യിൽ നക്ഷത്രവും, ചന്ദ്രനും ചേർന്ന ചിഹ്നം ഉണ്ട്.)

സിംഹം:- (അലറി) മനുഷ്യനാണോ ?

മുസ്ലീം:- ശെന്തു ശോദ്യാ ഈ ശോദ്യം ! ഞമ്മടെ ബേഷം കണ്ടാലറിയില്ലേ ? ഞമ്മടെ ശംശാരം കേട്ടാലറിയില്ലേ ? ഞമ്മള് മുസ്ലീം, അള്ളാഹെ വാഴ്ത്തുന്നവൻ. മനുശനല്ലേ ?

സിംഹം:- മാററു അവനെ.

(കരടി അവനെ മാററുമ്പോൾ മറേറ കരടി ഒരു ഹിന്ദുവിനെ കൊണ്ടുവരുന്നു.)

ഹിന്ദു:- (കൈയ്യിൽ ''ഓം'' എന്ന ചിഹ്നം ഉണ്ട്.) ഓം പരമാനന്ദം, ഓം സച്ചിദാനന്ദം, ഓം നവശിവായാ, ഓം...ഓം...ഓം...

സിംഹം:- (അലറുന്നു.) മനുഷ്യനാണോ ?

ഹിന്ദു:- നോം, ഹിന്ദുവാ, അസ്സൽ ബ്രാഹ്മണൻ, മനുഷ്യനല്ല, രാമരാജ്യം പണിയുക അതാണ് എൻെറ കർമ്മം.

ആത്മൈവ ഹ്യാത്മനാ ബന്ധു.

ആത്മൈവ രിപുരാത്മനാ.

സിംഹം:– മാററു അവടന്ന (കരടി അവനെ മാററുന്നു. മുസ്ലീമിൻെറ അരികെ എത്തുമ്പോഠം.)

മുസ്ലീം:– എൻെറ റബ്ബേ, ഈ ഇബിലീസ് ഞമ്മടെ ദേഹത്തു കയറോ ?

ഹിന്ദു:– അശ്രീകരം, അസുരൻ. (ഈ സമയത്ത് ആദ്യ കരടി പോയി ക്രിസ്ത്യാനിയെ കൊണ്ടുവരുന്നു.)

ക്രിസ്ത്യാനി:– (കൈയ്യിൽ കുരിശ്) കർത്താവേ, എനിക്കു ചുററും ശത്രുക്കഠം പാളയമടിച്ചിരിക്കുന്നു. (ഹിന്ദുവിനെയും മുസ്ലീമിനേയും നോക്കി) എന്തൊരു അവസ്ഥ, എന്തു വ്യവസ്ഥയാ ഇവിടെ കർത്താവേ ഈ ദുഷ്ടരിൽ നിന്ന് എന്നെ രക്ഷിക്കണേ.

സിംഹം:– (അലറുന്നു.) മനുഷ്യനാണോ ?

ക്രിസ്ത്യാ:– എന്തുട്ടാ ഈ പറേണേ; നല്ല ജോറായ്, ഞാൻ മനുഷ്യനല്ല, അത് ആക്കും അറിഞ്ഞൂടല്ലേ ? സത്യക്രസ്ത്യാനി. (കുരിശുയർത്തി) ഈ ആയുധം കൊണ്ടേ സ്വർഗ്ഗം പണിയാൻ പററുള്ളു, അല്ലാതെ ഇവന്മാര് പിടിച്ചു നില്ക്കുന്ന ഈ ആയുധം കൊണ്ടൊന്നും പററൂല്ല. അതുകൊണ്ടൊക്കെ നരകം തീർക്കാം.

മുസ്ലീം:– (കോപത്തോടെ) ശെയ്ത്താനെ, മോന്തെക്കിട്ട് ഒരു കീറ് കീറിയാ മോന്തെൻെറ ഷേപ്പു മാറും.

ഹിന്ദു:– (തുപ്പുന്നു.)

മുസ്ലീം:– (മുഖം തുടച്ചുകൊണ്ട്.) ഈ ഇബിലീസ് നമ്മടെ മുഖത്തിട്ടു തുപ്പിയാ–

ഹിന്ദു:– (ക്രിസ്ത്യാനിയെ നോക്കി) ഏഭ്യൻ, ശുംഭൻ, സകല ജന്തുക്കളെ പിടിച്ചു തിന്നുന്ന കാലൻ.

ക്രിസ്ത്യാ:– പോടാ കണാല്യാ, നീ തീററ തൊടങ്ങിയപ്പളാ മാംസത്തിനു വില കൂടിയേ !

മുസ്ലീം:– ഞമ്മള് ഇതു ബിടില്ല്യാ.

ക്രിസ്ത്യാനിയും ഹിന്ദുവും:– ഞങ്ങളും ഇതു വിടില്ല. (മൂന്നുപേരും ഉപകരണങ്ങഠം പിടിച്ചു യുദ്ധത്തിനു തയ്യാറാകുന്നു.)

Still

കമൻററി:– ഇതാണോ ഇന്ത്യ. എന്തൊരു ചന്തം, സകല മൃഗങ്ങളെയും ഒരുമിച്ചു കയററി കെട്ടാനുള്ള, ഒരു തൊഴുത്തല്ല

ഇന്ത്യ. (ഈ സമയത്ത് പാറയുടെ മറവിൻ നിന്നു സ്വാമി വിവേകാനന്ദൻ ഉയൎന്നു വരുന്നു. ഈ മൂന്നു പേരേയും നോക്കി ക്രുദ്ധമായി.)

സ്വാമി:– May you close your lips and open your hearts. തക്ഞ്ഞങ്ങൾ നിറുത്തൂ, സ്നേഹിക്കാൻ തുടങ്ങൂ. മനസ്സിലായോ?

മൂന്നുപേരും:– ഉവ്വ്. എല്ലാം മനസ്സിലായി. (സ്വാമി വിവേകാനന്ദൻ പാറക്കുള്ളിലേക്കു താഴുന്നു. ഈ സമയത്ത് പുലി ഒരു ഭീകരനെ രംഗത്തു കൊണ്ടുവരുന്നു. ഭീകരൻ വികൃതമായ രീതിയിൽ കറുത്ത വസ്ത്രങ്ങൾ അണിഞ്ഞ്, മുഖത്ത് ഒരു മുറിവ്, കാലിൽ വെടി കൊണ്ട അടയാളം, തോക്കുകളുടെ ശബ്ദം കേൾക്കാം. ഭീകരൻ ചുററും നോക്കുന്നു.)

സിംഹം:– മനുഷ്യനാണോ ?

ഭീകരൻ:- അല്ല, ഭീകരൻ, (കോപത്തോടെ) വാഗ്ദാനങ്ങൾ നിരത്തി, ജനങ്ങളെ വഞ്ചിച്ചവർ, അനീതി പ്രവത്തിച്ച് നീതി പ്രസംഗിക്കുന്നവർ എന്നിലെ ഭീകരനു ജന്മം നല്കി. അവരെ കൊന്നു കളയുക, അതാണ് എൻെറ ജന്മ സാഫല്യം. (ഈ സമയത്ത് എതിർ ഭാഗത്ത് കരടി ഒരു മന്ത്രിയെ കൊണ്ടുവരുന്നു. മാർച്ചിങ്ങിൻെറ ട്യൂൺ, മന്ത്രിയുടെ കഴുത്തിൽ പൂമാല. കൂപ്പുകയ്യുമായി അദ്ദേഹം രംഗത്തു വരുന്നു.)

മന്ത്രി:– (വവിധ മതക്കാരെ നോക്കി.) സകലരും ഉണ്ടല്ലോ ? ഇവിടെ വല്ല മതമൈത്രിയോ മറേറാ...

എല്ലാ:– ഏയ് – കാര്യം അതല്ല.

ഹിന്ദു:- 22-ാം തീയതി ഉദ്ഘാടനത്തിന് എത്തുമല്ലോ ?

മന്ത്രി:– ക്ഷമിക്കണം, എനിക്കു കേന്ദ്രത്തിൽ ഒരു ഉദ്ഘാടനത്തിനു പോകേണ്ടതുണ്ട്.

ഹിന്ദു:- ചതിച്ചോ ? (മററു രണ്ടുപേരും ചിരിക്കുന്നു.)

മന്ത്രി:- വഴിയുണ്ട്. അവിടുത്തെ ഉദ്ഘാടനം നേരത്തെ കഴിച്ച് ഒരു റ്റെയിനിൽ ഞാൻ ഇവിടെ എത്താം. അതിൻെറ Expense വഹിച്ചേക്കണം.

സിംഹം:- (അലറി) മനുഷ്യനാണോ ?

മന്ത്രി:- (ഉറക്കെ ചിരിച്ച്) മനുഷ്യനെന്നൊന്നില്ല. ഇപ്പോൾ എല്ലാം യൂണിയനും, വകുപ്പുകളുമാക്കി മാററിയിരിക്ക്യാ (ഗമയിൽ) ഞാൻ മന്ത്രിവകുപ്പിൽ പെട്ട ആളാ.

ഭീക:– (ഒരു ഭാഗത്തേക്കു മാത്രം തിരിഞ്ഞുനിന്നിരുന്നവൻ പെട്ടന്നു മന്ത്രി കു നേരെ) ദ്രോഹീ,

മന്ത്രി:- അയ്യോ.... എനിക്കു് ഉടൻ പോകണം.

ഭീക:- ജനത്തെ വഞ്ചിച്ച്, വഞ്ചിച്ച് ഇഞ്ചയാക്കി ഉദ്ഘാടനം മാത്രമായി നടക്കുന്ന നിന്നെ കൊന്നിട്ടുവേണം എനിക്ക്, എൻെറ ശാപമോക്ഷം നേടാൻ. (കൊലച്ചിരി. തോക്ക് എടുത്തു നിൽക്കവെ)

മന്ത്രി:- (പേടിച്ച്) അംഗരക്ഷകരേ, തോക്കുധാരികളെ, ഓടിവരൂ. (ഉടനെ വെടിയേൽക്കുന്നു. നെഞ്ച് അമർത്തി) ചതിച്ചോ ? ... എൻെറ വഞ്ചനയുടെ സമ്മാനം ! (വീഴുന്നു. മതക്കാർ മൂവരും ഓടിപ്പോകുന്നു.)

സിംഹം:– (അലറുന്നു) ഭീകരനെ പിച്ചി ചീന്ത്. (ഉടനെ കരടികളും പുലിയും കൈകൾ ഭീകരൻെറ കഴുത്തിനു നേരെയായി താളത്തിൽ വരുമ്പോൾ ''അഹിംസ'' എന്ന ശബ്ദം പലവട്ടം കേൾക്കുന്നു. കരടിയും, പുലികളും പുറകോട്ടു മാറുന്നു.)

ഗാന്ധി:- (ഒരു പാറക്കെട്ടിൻെറ പിന്നിൽ നിന്നു മെല്ലെ ഉയർന്നുവരുന്നു) ഹിംസ നിറുത്തു.... ഉപദ്രവിച്ചതുകൊണ്ടു് ഒന്നും നേടുന്നില്ല.

ഭീക:– എൻെറ രാഷ്ട്രപിതാവ് (2) ഈ നാടിനെ സ്നേഹിച്ച്, ജീവിച്ചു മരിച്ച മഹാത്മാവ്.

സിംഹം:– (ഗാന്ധിയെ നോക്കി) നീ ആര് ? നിൻെറ സ്വരത്തിൽ ആശ്വാസവും, സ്നേഹവും തോന്നുന്നു.

ഗാന്ധി:- ഈ രാജ്യത്തിൻെറ രാഷ്ട്രപിതാവാക്കി, പ്രതിമയാക്കി അവസാനം വെറുമൊരു പടമാക്കി മാററിയ ഗാന്ധി. അക്രമരാഹിത്യം ഇന്നിൻെറ ആവശ്യമാണ്. അത് എൻെറ ഗുരുനാഥനിൽ നിന്നു പഠിച്ചു. അഭ്യസിച്ചു.

സിം:– ആരാണു നിൻെറ ഗുരുനാഥൻ ? (പെട്ടന്ന് ലൈററ് ഓഫ്. ഗാന്ധി പോകുന്നു. പാറ പൊട്ടിത്തെറിക്കുന്ന ശബ്ദം. വ്ലിക്കറിംങ് ലൈററ് ഏററവും പിന്നിൽ മിന്നിക്കൊണ്ടിരിക്കുന്നു. ക്രിസ്തു പതുക്കെ പതുക്കെ ഉയന്ന് ഉയന്നു വരുന്നു. ക്രിസ്തുവിനെ കേന്ദ്രീകരിച്ച് ശക്തമായ പ്രകാശം കൊടുക്കുന്നു.)

ക്രിസ്തു:– നിങ്ങൾക്കു സമാധാനം ! നിങ്ങൾ സ്നേഹിക്കു. പരസ്പരം സ്നേഹിക്കു.

സിം:– ഈ മനുഷ്യന്റെ സാന്നിദ്ധ്യത്തിൽ ഞങ്ങൾ പൂർണ്ണ തൃപ്തരാണ്, ആനന്ദമുള്ളവരാണ്. ആദിയിലെ ഞങ്ങളുടെ ആനന്ദം ഇവിടെ അറിയുന്നു. അനുഭവിക്കുന്നു.

ഗാനം:– (മൃഗങ്ങൾ നൃത്തം വെക്കുന്നു.)

ജംഗിൾ, ജംഗിൾ ആദ്യ ഭവനം
ഉത്സവ സാമ്രാജ്യം.
നർത്തനമാടാം ഞങ്ങളൊന്നായ്
നിൻ തിരുമുമ്പിലിതാ.... (2)
പരിശുദ്ധനാകും മാനവനാം
നിന്നെ സ്തുതിക്കുന്നു. (2)

(ഈ സമയത്ത് ക്രിസ്തുവിന്റെ Heart തെളിയുന്നു. എല്ലാം നിശ്ചലമായി നില്ക്കുമ്പോൾ)

എല്ലാ മൃഗങ്ങൾ:– (ഒന്നടക്കം നമ്മോട്)

നിങ്ങൾ മനുഷ്യരാകു. ഞങ്ങളും ജീവിക്കട്ടെ. അതാണ് ഈ "നീതി പീഠം." (മുകളിലെ ഗാനം ഇവിടെയും പാടുന്നു)

കർട്ടൻ

[ശുഭം]

# 6. ജാഗരണം

പ്രധാന കഥാപാത്രങ്ങൾ.

1 ദിനേഷ്

2 ഗാന്ധിജി

3 രവീന്ദ്രനാഥ ടാഗോർ

4 തോക്കുധാരികൾ

## രംഗം 1

കിഴക്കു വെള്ളകീറുമ്പോൾ ഉഷസ് വരുന്നു. വെള്ള കർട്ടനിൽ ഇന്ത്യയുടെ മാപ്പ് ഉണ്ടായിരിക്കണം. ഉഷസ് ഉണരുന്നതു രംഗത്ത് സജീവമാണ്.

വന്ദേ മാതരം

സുഭാഷിതം:– മനസന്യത്, വചസന്യത്, കാര്യമന്യത് ദുരാത്മനാം
മനസ്യേകം, വചസ്യേകം, കാര്യമേകം മഹാത്മനാം

ദുഷ്ടരിൽ ചിന്തയും വാക്കും പ്രവൃത്തിയും തമ്മിൽ ഒരു ബന്ധവും ഉണ്ടായിരിക്കുകയില്ല. അതേസമയം മഹാത്മാക്കളിൽ ചിന്തയും വാക്കും പ്രവൃത്തിയും എപ്പോഴും ഒന്നുതന്നെയായിരിക്കും.

മൂന്നു നാല് കുട്ടികൾ പുസ്തകക്കെട്ടു ചുമന്ന് കുശലം പറഞ്ഞ് കടന്നു പോകുന്നു. അല്പംകഴിഞ്ഞ് ദിനേഷ് എന്നൊരു കുട്ടി പുസ്തകക്കെട്ടും പത്രവുമായി കടന്നുവന്ന് കാൽതട്ടി വീഴുന്നു. പെട്ടെന്ന് രംഗത്തു കണ്ട 'ഗാന്ധിജിയുടെ പടം' മടക്കിയിട്ടിരിക്കുന്നത് അവൻ കാണുന്നു. പൊടി തട്ടിക്കുടഞ്ഞ് എഴുന്നേററ് ആ കടലാസു കഷണം എടുത്ത് നിവർത്തുന്നു.

ദിനേഷ്:– ഇത് നമ്മുടെ ഗാന്ധിജിയല്ലേ ?(കുട്ടി പടം നിവർത്തുന്ന സമയത്ത് ഗാന്ധിജി മെല്ലെ വടികുത്തി വരുന്നു. 'രഘുപതി' മ്യൂസിക് വായിക്കുന്നു) (പടത്തിൽ നോക്കിക്കൊണ്ടിരിക്കെ പെട്ടെന്ന് ഗാന്ധിജിയെ കാണുന്നു ) (ചിരിച്ച്) രാഷ്ട്രപിതാവല്ലേ. കണ്ടപ്പോൾ തോന്നി.

ഗാന്ധിജി:– (പുഞ്ചിരിച്ച്) ഉവ്വോ, എന്താ വേണ്ടത്?

ദിനേഷ്:– അങ്ങയെപ്പററി പുസ്തകത്തിൽ ഞാൻ വേണ്ടുവോളം പഠിച്ചിട്ടുണ്ട്.

ഗാന്ധി:– ഓഹോ. അങ്ങനെയാണോ ? കേൾക്കട്ടെ.

ദിനേഷ്:– ഞങ്ങളെ ജീവിപ്പിക്കാൻ ഉന്നതജീവിതം കൈവെടിഞ്ഞ് ലളിതമായ ജീവിതം അങ്ങ് നയിച്ചു. അഹിംസയും അക്രമരാഹിത്യവും മനസ്സിൽ മന്ത്രിച്ചുകൊണ്ട് ബ്രിട്ടീഷുകാരിൽനിന്ന് സ്വാതന്ത്ര്യം നേടിത്തന്നു. സത്യം, സമത്വം, സാഹോദര്യം ഭാരതത്തിന്റെ ഈണമാക്കി മാററി.

ഗാന്ധി:– മതി എന്താ, നിന്റെ കയ്യിൽ ഇരിക്കുന്നത്?

ദിനേഷ്:– പത്രം, ഇന്നത്തെ പത്രം.

ഗാന്ധി:– എന്താ, ഇതിൽ ഉള്ളത്.

ദിനേഷ്:– വീരപ്പനെപ്പററി കേട്ടിട്ടില്ലേ. അത് സിനിമയാകാൻ പോകുന്നു. മോഹൻലാലാണ് വീരപ്പന്റെ വേഷം അണിയുന്നത്, കലക്കും.

ഗാന്ധി:– പിന്നെ എന്തൊക്കെയുണ്ട്.

ദിനേഷ്:–പിന്നെ, പിന്നെയാ...അയ്യായിരം കോടി തട്ടിയെടുത്തില്ലേ ഹർഷത്ത് മേത്ത, അവന്റെ കാര്യം പരുങ്ങലാ.

ഗാന്ധി:– കൊള്ളാം. കവർച്ചക്കാരും വൻ ചതിയൻമാരും ഈ കുരുന്നു മക്കളിൽ സ്ഥാനം പിടിച്ചു കഴിഞ്ഞിരിക്കുന്നു. (ഈ സമയത്ത് 2 പോലീസ്, ഷർട്ടിലും മററും രക്തം പുരണ്ട ഒരാളെ വിലങ്ങുവെച്ചു കൊണ്ടു പോകുന്നു. ആ മനുഷ്യൻ അങ്ങേയററം പരവശനാണ്.)

ഗാന്ധി:– എന്താ കുട്ടി, ആ രോഗിയെ വിലങ്ങുവെച്ച് കൊണ്ടു പോകുന്നത്.

ദിനേഷ്:– അപ്പൂപ്പനറിയില്ലേ ? രോഗിയല്ലാ പ്രതിയാണ്, പോലീസ് ലോക്കപ്പിൽനിന്ന് ഇൻറൻസീവ് കെയർ യൂണിററിലേക്കു കൊണ്ടുപോകുന്ന പോക്കാകണം. കോടതി എത്തുമ്പോഴേക്കും അയാറം മരിക്കാനാണു സാധ്യത.

ഗാന്ധി:– ഉം... മോന് ആരൊക്കെയാണ് ഉള്ളത്.

ദിനേഷ്:– എല്ലാവരും ഉണ്ട്. പക്ഷേ... (കരയുന്നു)

ഗാന്ധി:– എന്തേ, എന്തുപററി (അവനെ അടുപ്പിച്ചു നിർത്തി) കാര്യം പറയൂ കുട്ടി, ഈ അപ്പൂപ്പൻ എല്ലാം അറിയട്ടെ.

ദിനേഷ്:— എൻെറ അച്ഛൻ ദിവസേന കുടിച്ച് വന്ന് അമ്മയെ അടികം, ഇന്നലെ അമ്മയുടെ കൈ തല്ലിയൊടിച്ചു. (കരയുന്നു)

ഗാന്ധി:— കരയാതിരിക്കു കുഞ്ഞേ, ഈ നിരപരാധികളെ വേദനിപ്പിച്ചാൽ ഈശ്വരകോപം ഈ മണ്ണിൽ നിപതിക്കും— ആകെയുള്ള ഭാരതത്തിൻെറ സമ്പാദ്യമാണ് ഈ കുഞ്ഞുമക്കൾ. അവരും കൂടെ നഷ്ടപ്പെട്ടാൽ കിരാതവാഴ്ച ഈമണ്ണിൽ താളം ചവിട്ടും. രക്തച്ചൊരിച്ചിലുകൾ അരങ്ങേറും. ഭാരതം ഒരു രക്തരക്ഷസ്സായി മാറും. (ഒരാൾ മുന്നിൽ കൂടെ സ്യൂട്ട്കെയ്സുമായി പുറകോട്ടു നോക്കി പാത്തും, പതുങ്ങിയും പോകുന്നു)

ദിനേഷ്:— ബാപ്പുജി, അയാൾ ചിലപ്പോൾ മനുഷ്യബോംബായിരിക്കും.

ഗാന്ധി:— എന്ത്? മനുഷ്യബോംബോ?

ദിനേഷ്:— അതെ, ഇപ്പോൾ ബോംബുവെച്ചാണ് ആളുകളെ കൊല്ലുന്നത്. ടൈം ബോംബാണ് നേതാക്കന്മാർക്കുള്ളത്.

ഗാന്ധി:— പുരോഗമനം (2) പല തരത്തിലുള്ള ബോംബുകൾ നിർമ്മിക്കാനുള്ള നമ്മുടെ കഴിവ്. (ഒരു പോലീസ് മറ്റൊരു പോലീസുകാരനെ വിലങ്ങു വെച്ച് കൊണ്ടുപോകുന്നു)

ദിനേഷ് :— (പതുക്കെ) നേരത്തെ, പ്രതിയെ കൊണ്ടുപോയ പോലീസുകാരനാ അത്. ലോക്കപ്പിൽ വച്ച് തല്ലിച്ചതച്ചതുകൊണ്ട് ആ പാവം മരിച്ചിട്ടുണ്ടാവും. അപ്പോൾ കോടതി തൽക്കാലം പോലീസുകാരനെ പ്രതിയാക്കിയിട്ടുണ്ടാകും.

ഗാന്ധി:— എന്തൊരറിവ്, പക്ഷേ നിനക്കു കിട്ടിയ അറിവു മുഴവൻ പതിരായിപ്പോയെന്നുമാത്രം. ഉന്നതന്മാരിൽ മൂടിവച്ച ദുർഗന്ധം പുറത്തേയ്ക്കു വന്നുകൊണ്ടിരിക്കുന്നു. ഇല്ല ... ഇല്ല ... ഇവിടെ നിക്കാൻ എനിക്കു സാധിക്കുന്നില്ല. സകലതും തകിടം മറഞ്ഞിരിക്കുന്നു. (കുട്ടിയെ നെറുകയിൽ ചുംബിച്ച്) അപ്പൂപ്പൻ പോകട്ടെ. നിനക്കു നന്മ വരട്ടെ മകനെ (ഗാന്ധിജി പോകാൻ നില്ക്കവേ, സ്ഫോടനം)

ദിനേഷ്:— (ആകെ പേടിച്ച വിവശനായി) ആ മനുഷ്യ ബോംബ് പൊട്ടിയതായിരിക്കും. എനിക്കു പേടിയാകുന്നു. (ഗാന്ധിജിയെ ഓടിച്ചെന്നു കെട്ടിപ്പിടിക്കുന്നു.)

ഗാന്ധി:— പേടിക്കണ്ട, ഞാനുണ്ട്. (ഈ സമയത്തു സ്റ്റെച്ചറിൽ രണ്ടു പേർ തുണികൊണ്ടു മൂടിയ ശവം കൊണ്ടുവരുന്നു)

ദിനേഷ്:- നിൽക്കണേ, ഒന്നു കണ്ടോട്ടെ ആരാണാവോ? (മുഖം കാണിച്ചു കൊടുക്കുന്നു. ഗാന്ധിജി മെല്ലെ പോകുന്നു. ഗാന്ധിജിയെ പിടിവിട്ടു മെല്ലെ നോക്കുന്നു.) അയ്യോ! ഇതു നമ്മുടെ ബാബു ജിയല്ലേ? (കരഞ്ഞുകൊണ്ട്) ബാബുജീ ഞങ്ങളെ ശ്രദ്ധിക്കാൻ ഇനി ആരുണ്ട് ഇവിടെ. ഞങ്ങളുടെ വേദനകൾക്ക് ഉത്തര മേകാൻ ആരുണ്ട് ഇവിടെ, പറയൂ. (2) (കുട്ടി ശവത്തിൽ വീഴു ന്നു. ഈ സമയത്ത് ഇന്ത്യയുടെ മേപ്പു ചുവക്കുന്നു.)

അശരീരി:- ഭൂതകാലത്തിൽ നാം ഒന്നിച്ചു നേടിയെടുത്ത സ്വാ തന്ത്ര്യം ഭീകരതയിലേയ്ക്കു നിലം പതിച്ചു. സദാ സമയം പേടിച്ചു വിറച്ചു ജീവിക്കുന്ന കുഞ്ഞുമക്കൾ. വർഗ്ഗീയതയുടെ പേരിൽ ആദ്യത്തെ രക്തസാക്ഷി ഞാനായിരുന്നു. ഇന്നും ഇതിവിടെ ആവർത്തിക്കുന്നു. (രണ്ടു ഭീകരന്മാർ രണ്ടു വശത്തു നി ന്നും വരുന്നു.)

ദിനേഷ്:- (ശവത്തിൽ നിന്ന് എഴുന്നേററു ചുററും നോക്കി) എന്നെ കൊല്ലല്ലേ – എന്നെ കൊല്ലല്ലേ. ഞാൻ ഒരപരാധവും ചെയ്തി ല്ലല്ലോ ? എൻെറ കൈയ്യിൽ ഒന്നുമില്ല. (തോക്കുധാരികൾ പുറ കോട്ടു പോകുന്നു.) ദിനേഷ് നിന്നു കിതക്കുന്നു. (ഈ സമയത്തു രണ്ടു കുട്ടികൾ ഓടിവന്ന്)

ഒന്നാ:- എന്തിനാടാ നീ കിതക്കുന്നത്. നിനക്കു ഞങ്ങളില്ലേ. ?

രണ്ടാ:- ഐക്യമത്യം മഹാബലം. നമുക്കൊന്നിച്ചു കൈകോർത്തു മുന്നേറാം. (അവർ പരസ്പരം കൈ കോർത്തു പിടിച്ച് ഉയർത്തിച്ചി രിക്കുന്നു.)

Still

കമൻററി:- ഇവരെ നോക്കിയാണ് യേശുനാഥൻ പറഞ്ഞത് "നിങ്ങൾ ശിശുക്കളെപ്പോലെ ആകുവിൻ, ശിശുക്കളെ പ്പോലെ സ്വയം ചെറുതാകുന്നവൻ നിത്യം വലിയവനായി ത്തീരുന്നു." അതെ.... ശിശുക്കളിൽ സത്യവും സ്നേഹവും സമത്വവും നിറഞ്ഞു നിൽക്കുന്നു. ഇവർക്കുവേണ്ടി സകലതും മറന്നു നമുക്ക് ഒന്നുചേരാം. ഭാരതത്തെ പടുത്തുയർത്തിയ മഹാത്മാക്കളുടെ സ്വരത്തിലും പ്രതിധ്വനിക്കുന്നത് ഇതു തന്നെ ! (പിൻ കർട്ടൻ മാറുമ്പോൾ ഉയർന്ന തലത്തിൽ നെഹ്റു, ഇന്ദിരാഗാന്ധി, ഡോ. രാധാകൃഷ്ണൻ, രവീന്ദ്രനാഥ ടാഗോർ, ശാസ്ത്രി എന്നിവരെ കാണുന്നു.)

ടാഗോർ:– (നമ്മുടെ പതാക എടുത്ത് ഉയർത്തിപ്പിടിച്ച്) ഈ പതാകയ്ക്കു പിന്നിൽ ഞങ്ങളുടെ മുഴുവൻ സേവനവും, രക്തസാക്ഷിത്വം വരെയും നിറഞ്ഞു നില്പുണ്ട്. കോടിക്കണക്കിനു മനുഷ്യർ അനുഭവിച്ച ക്ലേശങ്ങളുടെ നേട്ടം, സ്വാതന്ത്ര്യം- ഈ പതാകയിൽ ജന്മമണിഞ്ഞിരിക്കുന്നു. നിങ്ങൾക്കൊരു നല്ല നാളെ പുലരാൻ ഈ സമ്പാദ്യം നഷ്ടമാകാതെ സൂക്ഷിക്കണം. ജാഗരണം എന്നും നിങ്ങളിൽ ഉണ്ടാകണം. ഒരേ ഒരു ഇന്ത്യ, ഒരേ ഒരു ജനത. അതാണ് ഈ പതാകയിൽ നിന്നും ഉയരേണ്ട ഏകസ്വരം. (ടാഗോർ പതാക കുട്ടികൾക്കു നൽകുന്നു. ഈ സമയത്തു സ്റ്റേജിൽ നിറയെ പതാകകൾ മെല്ലെ അനങ്ങിക്കൊണ്ടിരിക്കുന്നു.)

ഗാനം:– സത്യം നമ്മിൽ പുലരട്ടെ,
സ്നേഹം നമ്മിൽ വളരട്ടെ,
സമത്വ സുന്ദര ഭാരതമേ
നിന്നിൽ ഞങ്ങൾ ഉണരുന്നു.
ഉണരുന്നൂ.... ഉണരുന്നൂ...
നിന്നിൽ ഞങ്ങൾ ഉണരുന്നൂ
ഉണരുന്നൂ... ഉണരുന്നൂ... ഉണരുന്നൂ.

ശുഭം

# 7. Work Experience

## ''പ്രവർത്തി പരിചയം''

പ്രധാന കഥാപാത്രങ്ങൾ.

1. വയസ്സൻ
2. ബിന്ദുമേരം
3. ജോൺ പോരം II മാർപ്പാപ്പ
4. തോമസ് മൂർ
5. St. പീററർ
6. യേശു

### രംഗം 1

ഒരു വയസ്സൻ കസേരയിൽ കണ്ണട ധരിച്ച് കുട്ടികളെ നോക്കിയിരിക്കുന്നു. 4 കുട്ടികൾ $\frac{100}{100}$ എന്ന മാർക്കുമായി സ്റ്റേററുകൾ ഉയർത്തിപ്പിടിച്ച് ചിരിച്ചുനിൽക്കുന്നു.

കമൻററി:– നൂറിൽ നൂറ്, സാക്ഷരതകൊണ്ടു നിറഞ്ഞുകവിഞ്ഞൊഴുകുന്ന നാടാണ് കേരളം. വാ തോരാതെ പറയാനും, കൈ കുഴയാതെ എഴുതാനും കഴിവുള്ളവർ അഹ മഹ മിഹയാ നിരവധി! നൂറിൽ നൂറ് (Design- കുട്ടികൾ സമരക്കാരായി മാറുന്നു.)
(ഒരു കയ്യിൽ ബോർഡുകൾ **'സമരം'** മറു കൈ മുദ്രാവാക്യത്തിൻെറ രീതിയിൽ)

വയസ്സൻ:– (പകച്ചു നോക്കി അരികെ വരുമ്പോൾ)

അണിയറയിൽ:– (വിദ്യാർത്ഥി ഐക്യം സിന്ദാബാദ്, മരണം വരെ സമരം തന്നെ!)

കമൻററി:-- പകച്ചു നോക്കേണ്ട! സാക്ഷരതയുടെ സംഭാവനയായ സമരമുറയാണ് കാണുന്നതു്. പ്രവർത്തി പരിചയം ഇല്ലാത്ത സാക്ഷരത, സമരമായി മാറുന്നു. കലാപമായി കലാശിക്കുന്നു.

വയസ്സൻ:- എന്തൊരു അവസ്ഥ, വ്യവസ്ഥ. Experience is the best teacher! അനുഭവമാണ് വലിയ ഗുരുനാഥൻ! പ്രവർത്തി പരിചയമില്ലാത്ത അറിവ് ഇന്നിന്റെ ശാപമാണ്.

**Still**

ഗാനം:- പ്രവർത്തി പരിചയം നേടാൻ
വിശ്വ ദർശനം ചെയ്യൂ...(2)
നമ്മൾ തൻ ചുററും വസിക്കും ജീവികൾ
നൽകുന്ന പാഠം.

കമൻററി:- എറുമ്പുകൾ, തേനീച്ചകൾ, ചിലന്തികൾ എന്നല്ല സകല ജീവികളും സദാ പ്രവർത്തന നിരതമാണ് ഇവിടെ! മനുഷ്യൻ മാത്രം അലസനായി, സമരക്കാരനായി അരുത്...ഒരിക്കലും നാം അലസരാകരുത്.

ഗാനം:- പ്രവർത്തി പരിചയം നേടാൻ
വിശ്വ ദർശനം ചെയ്യൂ-(2)

(വയസ്സൻ ഒഴികെ രംഗത്തു നിന്ന് എല്ലാവരും അപ്രത്യക്ഷം)

വയസ്സൻ:- (ആരെയോ കണ്ടപോലെ) അല്ലാ, ഇതാരാ ബിജു മോളോ? മോളു വരണം അങ്കിൾ ഒരു സമ്മാനം തരാൻ പോകുന്നു.

കുട്ടി:- ഞാനെന്താണ് കേട്ടത്. സമ്മാനമോ, ഒന്നു കണ്ടോട്ടെ അങ്കിൾ.

വയസ്സൻ:- തിടുക്കം വയ്യല്ലെ മോളേ. തരാം. (ഒരു പൊതി എടുത്തു മെല്ലെ തുറക്കുന്നു.)

കുട്ടി:- ഏ, ആപ്പിളോ എനിക്ക് ഭയങ്കര ഇഷ്ടാ 1, 2, 3, 4 നാലും എനിക്കു വേണം.

വയസ്സൻ:- എന്നാൽ പിടിച്ചോ,1,2,3 (കുട്ടി ആർത്തിയോടെ മൂന്നെണ്ണം കയ്യിൽ ഒതുക്കുന്നു. നാലാമത്തെ വയസ്സൻ കൊടുക്കുന്നതോടേ സകലതും കൈയ്യിൽ നിന്നു പോകുന്നു. വീണ്ടും വീണ്ടും നാലും കൈക്കലാക്കാൻ കുട്ടി ശ്രമിക്കുന്നു. വിഷമിക്കുന്നു. കുട്ടി കരയുന്നു.)

വയസ്സൻ:- "അർത്ഥമെത്രെ വളരെയുണ്ടായാലും
തൃപ്തിവരാ മനുഷ്യനൊരു നാളും
പത്തു കിട്ടുകിൽ നൂറു മതിയെന്നും
ശതമായിൽ സഹസ്രം മതിയെന്നും"

അമിതമായ ആഗ്രഹം കേറി കയ്യിലുള്ളതു പോലും നഷ്ടമായ

കുട്ടി വിഷമിക്കുന്നു, കരയുന്നു. അത്യാഗ്രഹി എന്നും അസ്വസ്ഥനാണ്.

ഒരാൾ:– (ഓടി കിതച്ച് വന്ന്) ചതിച്ചു. സകലതും നഷ്ടപ്പെട്ടു. (വീഴുന്നു) വെള്ളം (2) മരിക്കുന്നു. (വയസ്സനും കുട്ടിയും പേടിച്ചു നില്ക്കുന്നു)

ഭടൻ:– (മാർച്ചിങ്ങ് രീതിയിൽ വരുന്നു. ഉയർത്തിപ്പിടിച്ച വാൾ കയ്യിൽ പരിശോധിക്കുന്നു.) ഇയാൾ മരിച്ചല്ലോ.

വയസ്സൻ:– ആരാണ് ഇയാൾ.

ഭടൻ–: പറയാം! ഇയാൾ ഒരു കർഷകനാണ്. രാജാവിന്റെ പ്രീതി നേടിയ ഇയാൾക്ക്, രാജാവ് കൃഷിഭൂമി വാഗ്ദാനം ചെയ്തു. എങ്ങനെ?

വയസ്സൻ: - അറിയില്ല.

ഭടൻ:– സൂര്യോദയം മുതൽ അസ്തമയം വരെ ഇയാൾ എത്ര ദൂരം സഞ്ചരിച്ചുവോ അത്രയും ഭൂമി കൊടുക്കാമെന്ന് രാജാവ് ഏററു. കഴിഞ്ഞില്ലാ, എവിടന്നു തുടങ്ങി അവിടെ ഇയാൾ തരിച്ചെത്തണം. പാവം ഇയാൾക്ക് അതിനു് സാധിച്ചില്ല. വെറും ആറടിമണ്ണിന്റെ ജന്മി!

(രംഗത്തുള്ള മേശയുടെ പുറകെ ഗാന്ധിജി)

ഗാന്ധിജി:– ദുരാഗ്രഹം എന്നൊന്നില്ലായിരുന്നെങ്കിൽ, ഒരു കഷ്ടതയും മനുഷ്യർക്ക് ഇവിടെ ഉണ്ടാകുമായിരുന്നില്ല. ആവശ്യത്തിനുള്ളതെല്ലാം ഇവിടെയുണ്ട്. എന്നാൽ അത്യാഗ്രഹികളായ മനുഷ്യർക്ക് ഇവിടംകൊണ്ടു മതിയാകില്ല, ഒരിക്കലും മതിയാകയില്ല.

Still

കമൻററി:– അധികമായാൽ അമൃതും വിഷമാണ്. എല്ലാം ആവശ്യത്തിനു മതി! ഇവിടെ കണ്ട പരിചയം നമുക്കൊരു പാഠമാകട്ടെ!

ഗാനം:– പ്രവർത്തി...... ..

കർട്ടൻ

## രംഗം 2

ഒരു അഥിതിയെ സ്വീകരിക്കാൻ തയ്യാറായ അന്തരീക്ഷം! ഒരു ഭാഗത്ത് ബാൻറ് വാദ്യക്കാർ — മറു ഭാഗത്ത് സ്വാഗത ബാനർ- ജോഡിയായി നിൽക്കുന്നു.) (ലൈററ് വരുന്നു)

സിസ്റ്റർ:– (ബാൻറുസെററു കുട്ടികളോട്") ദേ, ഉന്നതനായ ഒരു വക്തിയെ സ്വീകരിക്കാനാണ് നമ്മൾ നിൽക്കുന്നത്– നല്ല അടക്കം ചിട്ടയോടും കൂടി നിൽക്കണം– ദേ ബിന്ദു പറഞ്ഞതു കേട്ടില്ലെ.

M.L.A. (തിടുക്കത്തിൽ വരുന്നു, ചുററും നോക്കുന്നു. ഒരു ചിരി) സിസ്റ്റർ എല്ലാം റെഡിയല്ലേ. ഒ.കെ. അദ്ദേഹം എത്താറായി. (വാച്ചിൽ നോക്കി) പത്തേ പത്തു മിനിട്ടെ ഇവിടെ അലോട്ട് ചെയ്തിട്ടുള്ളു. (കാറുകളുടെ ശബ്ദം, ഓടിച്ചെന്നു നോക്കി) ദാ വരുന്നു.

Still

കമൻററി:–നമ്മുടെ വാക്കിലും, ചിന്തയിലും, പ്രവർത്തിയിലും മലിനീകരണം എത്തിനിൽക്കുന്നു. നാം അധിവസിക്കുന്ന ഭൂമിയേയും നാം മലീമസമാക്കികൊണ്ടിരിക്കുന്നു– (ബാൻറ് വാദ്യം മുഴങ്ങുന്നു. ആദ്യം ''പൂ'' വിതറുന്നവർ, പിന്നീട് മാർപാപ്പ വരുന്നു. എല്ലാവരേയും അനുഗ്രഹിച്ച് ഭൂമിയെ ചുംബിക്കുന്നു. — Ray Light മുകളിൽ നിന്ന് മാർപാപ്പയുടെമേൽ)

ദൈവം:– ഭൂമി എന്റേതാണ് – നിങ്ങൾ ഇവിടെ കുടികിടപ്പുകാരും, പരദേശികളും മാത്രം! (ചുംബിച്ച് മാപ്പാപ്പ നിവരുമ്പോൾ)

കമൻററി:– കോടികളുടെ ആദ്ധ്യാത്മികാചാര്യൻ, വത്തിക്കാൻ സിററിയുടെ ഭരണത്തലവൻ ജോൺപോൾ II താൻ ആദ്യമായി കാലുകുത്തുന്ന മണ്ണിനെ ചുംബിക്കുന്നു — ദൈവവചനത്താൽ നിർമ്മിതമായ ഭൂമി, യേശുവിന്റെ തിരുരക്തം വീണ ധന്യമായ മണ്ണ്, അനേകം പുണ്യാത്മാക്കളുടെ സംസ്കാര ഭൂമി, ഈ പുണ്യഭൂമിയെ നാം ഒരിക്കലും മലിനമാക്കരുത്.

(ലൈററ് ഓഫ്, കർട്ടൻ മാറുന്നു)

(ഭൂമി കറങ്ങുന്നു)

കമൻററി:– യുഗയുഗങ്ങളായി നമുക്കു സേവനം ചെയ്തുകൊണ്ടിരിക്കുന്ന ഭൂമി.

ഗാനം:– ഭൂഗോളം തിരിഞ്ഞാൽ രാവും പകലും
പ്രപഞ്ചസ്പന്ദനമാം വിശ്വത്തിൻ താളം(2)

കമൻററി:– ഋതു ഭേദങ്ങളും ദിനരാത്രങ്ങളും മാറി, മാറി നൽകി നമ്മെ ആശംസിക്കുന്ന ഭൂമി. നിരവധി ഫലങ്ങളും കായ്കളും കൊണ്ടു നമ്മെ തീററിപ്പോററുന്ന, ശാദ്വലമായ ഭൂമി.

ഗാനം:– പൂക്കൾ വിരിഞ്ഞു, കായ്കൾ നിറഞ്ഞു
എപ്പോഴും നിറയുന്ന അക്ഷയ പാത്രം
ഭൂഗോളം തിരി.................. Still

കമൻററി:– നിത്യേനെ നാം ശ്വസിക്കുന്ന പ്രാണവായു മുഴുവൻ ഭൂമി അതിൻെറ സേവനത്തിലൂടെ നൽകികൊണ്ടിരിക്കുന്നു. എന്നാൽ നാം അണുവായുധ പരീക്ഷണങ്ങൾ കൊണ്ടും രാസവള പ്രയോഗത്താലും ഈ പാവനമണ്ണിനെ കളങ്കപ്പെടുത്തരുത്. അതാണ് ആ വലിയ മനുഷ്യൻ ജോൺപോൾ IIൻെറ ചുംബനത്തിൻെറ അർത്ഥം! മണ്ണിനെ സ്നേഹിക്കു– ഈ പരിചയം നമുക്കൊരു പാഠമാകട്ടെ.

ഗാനം:– പ്രവർത്തി.....................

കർട്ടൻ

## രംഗം 3

കൊലക്കളത്തിലേയ്ക്കു നീങ്ങുന്ന മ്യൂസിക്ക് —

കമൻററി:– എ.ഡി. 16–ാം നൂററാണ്ടിൽ ജീവിച്ചിരുന്ന ഹെൻട്രി 8–ാമൻ രാജാവ് തൻെറ വൈസ്ചാൻസലർ തോമസ്മൂറിനെ വധശിക്ഷക്കു വിധിച്ചു. (തോമസ്മൂർ നടുവിൽ — ഇരുവശങ്ങളിൽ 2 ആരാച്ചാരന്മാർ.) ഈ വധശിക്ഷയുടെ കാരണം ഒരു ഭാര്യ ജീവിച്ചിരിക്കെ മറെറാരാളുടെ ഭാര്യയെ വിവാഹം കഴിക്കാൻ രാജാവു മുതിർന്നപ്പോൾ അതു പാടില്ലെന്ന് തോമസ്മൂർ പ്രസ്താവിച്ചു. ഈ പ്രസ്താവന പിൻവലിച്ചാൽ രാജ്യത്തിൻെറ പകുതിവരെ നൽകാമെന്നും രാജാവ് വാഗ്ദാനം ചെയ്തു. ‘‘മണ്ണിലെ രാജാവിനെക്കാൾ വിണ്ണിലെ രാജാവിനെ കൂടുതലായി സ്നേഹിക്കുന്നു’’ എന്നു പറഞ്ഞ് രാജാവിൻെറ വാഗ്ദാനങ്ങൾ അദ്ദേഹം നിരസിച്ചു. (കൊലക്കളം എത്തുന്നു, കൈ വിലങ്ങുമാററുന്നു. ആരാച്ചാരന്മാർ കരയുന്നു.)

തോമ:– ഛെ, നിങ്ങരം കരയുന്നോ ? നിങ്ങരം ഒരിക്കല്ലം കരയരുത്, നിങ്ങരം എന്നോടു ചെയ്യാൻ പോകുന്ന ഉപകാരം എത്രയോ വലുതാണെന്ന് അറിയാമോ ? തക്കതായ ഒരു സമ്മാനം നിങ്ങരംക്ക ഞാൻ തരുന്നു. (കൈവിരലിലെ മോതിരം ഊരിയെടുത്ത്) ഇതാ ഇതു വാങ്ങിക്കു—

ആരാച്ചാ:– വേണ്ട! ഞങ്ങരം ഒരിക്കല്ലം വാങ്ങില്ല.

തോമ:– നിങ്ങരം എന്നെ അനുസരിക്കില്ല അല്ലേ?

ആരാ:– ഉവ്വ് ഞങ്ങരം അനുസരിക്കാം. (വാങ്ങുന്നു)

തോമ:– ദൗത്യം പൂർത്തിയാക്കു–ഒരു കാര്യം കൂടെ, എൻെറ ഈ താടിമീശ ആർക്കും ഇന്നേവരെ ഒരുപദ്രവവും ചെയ്തിട്ടില്ല അറിയാമോ ? അതങ്ങു മാററി പിടിച്ചേക്കാം.

(കമാൻഡർ വരുന്നു. വാച്ചിൽ നോക്കി)

കമാൻഡർ:– സമയമാകാറായി. വിധി നടപ്പാക്കാം. Yes get ready one, two, three. (Light off) (രക്തം കർട്ടനിൽ ഉയരുന്നു.)

കമൻററി:– തികച്ചും ഒരു രാഷ്ട്രസേവകൻെറ ചുമതലയാണ് തോമസ് മൂർ ലോകത്തിനു മുന്നിൽ പ്രഖ്യാപിച്ചത്. ആദ്യം ഈശ്വരനോടുള്ള കടമ നിറവേററണം. പിന്നീട് ബാക്കി കാര്യങ്ങരം– ദൈവത്തിനുള്ളത് ദൈവത്തിനും മനുഷ്യനുള്ളത് മനുഷ്യനും നല്കിയ തോമസ്മൂർ വലിയൊരു പാഠം നമ്മെ പഠിപ്പിക്കുന്നു. — (ഈ സമയത്ത് സ്റ്റേജിൽ നക്ഷത്രം തെളിയുന്നു.) അസ്വസ്ഥരായി അന്ധകാരഭൂവിൽ തപ്പിത്തടയുന്ന മനുഷ്യർക്ക മാർഗ്ഗദീപമായി ഉദിച്ച നക്ഷത്രമാണ് വി. തോമസ്മൂർ.

ഗാനം:– പ്രവർത്തി പരിചയം നേടാൻ
വിശ്വ ദർശനം ചെയ്യൂ
ദൈവിക രാജ്യം പൂകാൻ
കടമകരം ചെയ്തീടുവിൻ.

## രംഗം 4

(കടൽ, വഞ്ചി തുഴഞ്ഞു രണ്ടു പേർ വരുന്നു.)

ഒന്നാ:– ടാ ഔസേപ്പേ, നീ വല ഇങ്ങോട്ടേക്കിറക്കു, ഇബടെ, തോനെ മീനുണ്ടടാ.

രണ്ടാ:– അളിയാ, അളിയൻ വിവരക്കേടു പറയാതെ ! മീൻ അങ്ങേ ഇഞ്ചകുണ്ടിലാ വഞ്ചി എടുക്കു – (തുഴഞ്ഞു പോകുന്നു)

കമൻററി:– കടൽ മനുഷ്യ മനസിൻെറ പ്രതീകമാണ്. വേലിയേ ററങ്ങളും വേലിയിറക്കങ്ങളും നിത്യേന ഉയരുന്ന മനുഷ്യ മനസ്സുകളിൽ ശാന്തിയാശംസിക്കുവാൻ ഇതാ ഒരു രക്ഷകൻ.

(യേശു കടലിൻെറ മുകളിൽ കൂടെ വരുന്നു.)

വി. പീററർ:– ഗുരുവേ ഞാനും വരട്ടയൊ ?

(യേശു ആഗ്യം കാണിക്കുന്നു, വി. പീററർ നടന്നു—പേടിക്കുന്നു—താഴുന്നു.)

എന്നെ രക്ഷിക്കു (2).

യേശു:– (അവൻെറ കൈക്കു പിടിച്ച്) അല്പവിശ്വാസി നീ എന്തിനു ഭയപ്പെടുന്നു.

## Still

കമൻററി:– എന്നും പരിചയമായി മാറേണ്ട മഹനീയമായ ഒരു പാഠമാണ് നാം ദർശിക്കുന്നത്. ജീവിതമാകുന്ന മഹാ സമുദ്ര ത്തിൽ പ്രശ്നങ്ങളാൽ നാം ഉയന്നുതാഴുമ്പോഠം ദൈവത്തിലേക്കു് കൈകഠം ഉയർത്തി നാം പ്രാത്ഥിക്കണം. ''എന്നെ രക്ഷി ക്കു'' — ''എന്നെ രക്ഷിക്കു'' എന്ന്. ഈ പ്രാർത്ഥന നിത്യം ഒരു പ്രവത്തി പരിചയമാകട്ടെ. പ്രശ്നങ്ങളിൽ നാം മദ്യത്തി ലേക്കും മയക്കുമരുന്നിലേക്കുമല്ല തിരിയേണ്ടത്. ഈ വലിയ പരിചയത്തിലേക്കാകട്ടെ.

(യേശു കൈകഠം നീട്ടുന്നു. 'ഹാർട്ട്' ലൈററുള്ളായി തീരുന്നു.)

യേശു കണ്ണുനീരിൻെറ താഴ്‌വരയിൽ നിന്നും നമ്മെ ഉയർ ത്താൻ കൈകഠം നീട്ടി വിളിക്കുന്നു.

യേശു:– നിങ്ങഠം പരസ്പരം സ്നേഹിക്കുവിൻ. നിങ്ങളുടെ എല്ലാ പ്ര വത്തിയിലും ആ സ്നേഹം നിറഞ്ഞുനിൽക്കട്ടെ......

# 8. ഗ്രേസ് മാർക്ക്

പ്രധാന കഥാപാത്രങ്ങരം

1. കിഴവി
2. മെമ്പർ
3. ബുദ്ധൻ
4. പുരോഹിതൻ
5. യേശു

## രംഗം 1

(ഒരു വയസ്സിത്തള്ള വടി കുത്തി മെല്ലെ പോകുന്നു. പുറകെ നിന്നൊരു വിളി ''ഏയ് അമ്മൂമ്മേ, (2) ഒന്നു നിൽക്കണേ.)

അമ്മൂ:– (തിരിഞ്ഞ്) ആരാ, ആരാണത്. (രണ്ടുപേർ വരുന്നു, ഒരാരം ഫുരംകൈ ജുബ്ബ, മുണ്ട്, കഴുത്തിൽ മണി ചെയിൻ, അപരൻ ഫാൻറും, ഷർട്ടും.)

രണ്ടുപേരും:– ഞങ്ങളെ മറന്നോ ? (അമ്മൂമ്മ നല്ലവണ്ണം മാറി മാറി നോക്കുന്നു).

മെമ്പർ:– ശെ, എന്നെ മറന്നോ ?

അമ്മൂ:– ഉമ്മായ്ക്കളി എന്നോടു വേണ്ട ? കാര്യം പറ.

മെമ്പ:– (ചിരിച്ച്) ഞാനാ സുധാകരൻ, പഞ്ചായത്തു മെമ്പർ

അമ്മൂ:– (ഗൗരവം) ഏ...നിയ്യോ. എടാ കുരുത്തം കെട്ടവനെ ഈ ഭൂകമ്പത്തിൽ നീ ചത്തില്ലേ ? എവിടാടാ നിൻെറ വിധവ പെൻഷൻ. (കരഞ്ഞ്) ഇപ്പോ തരാം, ഇപ്പോ തരാം എന്നു പറഞ്ഞ് നീ എന്നെ എത്ര നടത്തി (വടി ഓങ്ങി) പൊയ്ക്കോ എൻെറ മുമ്പിൽനിന്ന്.

കൂട്ടുകാര:– ചതിക്കല്ലേ അമ്മൂമ്മേ, അടുത്ത ലിസ്റ്റിൽ പേരു കൊടുത്തിട്ടുണ്ട്.

അമ്മൂ:- ലിസ്റ്റോ— നിൻെറ ലിസ്റ്റും, കിസ്റ്റും, ഒന്ന് പോടാ ചെറുക്കനെ.

മെമ്പർ:— (അമ്മൂമ്മയുടെ കൈ പിടിച്ച ചുംബിച്ച്) ഇത്തവണ ഞാൻ വാങ്ങിത്തരും തീച്ച്, ഈ തെരഞ്ഞെടുപ്പിൽ വോട്ട് എനിക്കു തന്നെ ചെയ്യണം. എൻെറ അമ്മൂമ്മയല്ലേ ?

അമ്മൂ:— (മെല്ലെ ചിരിച്ച്) ഉം

## Still

കമൻററി: - അമ്മൂമ്മ പ്രസാദിച്ചാലെ വോട്ട തൻെറ പെട്ടിക്കകത്ത് വരികയുള്ളു എന്നു രാഷ്ട്രീയക്കാരൻ നല്ലവണ്ണം അറിയുന്നു. തൻെറ വിജയം കാണാൻ അമ്മൂമ്മയുടെ Grace Mark കിട്ടണം; അതിനു കയ്യല്ല, കാലുവരെയും ചുംബിക്കാൻ അവൻ തയ്യാറാണ്.

മെമ്പർ:- ഞാൻ വീട്ടിൽ കൊണ്ടാക്കിത്തരാം. (കൈ പിടിക്കുന്നു.)

അമ്മൂ:- അതു വേണ്ട മോനെ ! വോട്ട കഴിഞ്ഞിട്ട കാണട്ടെ, നിൻെറ സ്നേഹം— എന്നെ നീ പററിക്കോ ?

മെംബ:- ഏയ് (ചിരിച്ച പോകുന്നു. ലൈററ് ഓഫ്, എൽട്രോ ലൈററ് തെളിയുന്നു.)

## രംഗം 2

''വലിയ ഒരു പെരുംവയറൻ'' ''സർക്കാർ ഖജനാവ്'' എന്നു വയറിനു മുകളിൽ എഴുതി വെച്ചിരിക്കുന്നു. ഉയന്ന ഒരു തലത്തിലൂടെ അയാറം മുന്നോട്ടുവരുന്നു.

സർക്കാർ:- ഈ കൊല്ലത്തെ എസ്. എസ്. എൽ. സി. വിജയ ശതമാനം ഉയത്താൻ എല്ലാ വിദ്യാത്ഥികറംക്കും 10% Grace Mark ഈ സർക്കാർ നൽകുന്നു. (ഉടനെ കൈകൊണ്ടു വാരി എറിയുന്നു. Grace Mark എന്ന ബോർഡും അതിനു താഴെ കൈകറം കാണുന്നു.)

കമൻററി:- സ്പോർട്സ് രംഗത്തുള്ളവർക്കും, താഴ്ന്ന ജാതിക്കാരുടെ ഇടയിലും മററും Grace Mark വിതരണം ചെയ്യുന്നു. വിജയത്തിലേക്കു കൊണ്ടുവരാനുള്ള മാർക്കാണ് Grace Mark. ഈ Grace Mask മററു പല പേരുകളിൽ ഇവിടെ സർക്കാർ വിതരണം ചെയ്യുന്നു.

സർക്കാർ: തൊഴിലില്ലാത്തവരെ ഉദ്ധരിക്കാൻ ഈ സർക്കാർ നൽകുന്നു. (കൈകൊണ്ടു വാരി എറിയുന്നു. ഉടനെ തൊഴിലില്ലാവേതനം ബോർഡ് തെളിയുന്നു.) ആരോരും ഇല്ലാത്തവരെ രക്ഷിക്കാൻ ഈ സർക്കാർ നല്കുന്നു. (കൈകൊണ്ടു വാരി എറിയുന്നു. ഉടനെ വിധവാ പെൻഷൻ ബോർഡ് തെളിയുന്നു.) കൃഷിക്കാരെയും ഭവനരഹിതരെയും ഉയർത്തിക്കൊണ്ടുവരാൻ ഈ സർക്കാർ നല്കുന്നു. (കൈകൊണ്ടു വാരി എറിയുന്നു ഉടൻ സബ്സിഡി എന്ന ബോർഡ് തതളിയുന്നു.) പാവപ്പെട്ടവരെ ഉദ്ധരിക്കാൻ സർക്കാർ നിരവധി പദ്ധതികൾ ആസൂത്രണം ചെയ്യുന്നുണ്ട്.

ഗാനം:— ശരണം തേടും ആശ്രിതർക്കെല്ലാം
Grace Mark നൽകേണം. (2)
നിസ്വന്മാർക്കും ദുഃഖിതർക്കെന്നും
Grace Mark നൽകേണം. (2)

(ഈ ഗാനത്തിന്റെ സമയത്തു സർക്കാരും ബോർഡുകളും നൃത്തം വെക്കുന്നു.) Still

കമന്ററി:- ഭൗതികതലത്തിൽ ഈ വിതരണത്തിലൂടെ താഴ്ന്നവരെ ഉയർത്താൻ സർക്കാർ Grace mark നൽകുമ്പോൾ മാനസികമായി സൗഖ്യം നഷ്ടപ്പെട്ടവരെ, അസ്വസ്ഥരായവരെ, ഉയർത്തിക്കൊണ്ടുവരാൻ ഉന്നതത്തിൽ നിന്ന് Grace mark വിതരണം ചെയ്യുന്നു. അതു നേടുന്ന മനുഷ്യൻ പൂർണ്ണ സൗഖ്യം ഉള്ളവനായിത്തീരുന്നു.

## രംഗം 3

(കാട് — ഗയവൃക്ഷം + ഇരിപ്പിടം. ശ്രീബുദ്ധൻ)

ബുദ്ധൻ:- (കടന്നു വരുന്നു.) സംസാര സാഗരത്തിൽ നിറയെ ദുഃഖമാണ് — സകലരിലും — ദുഃഖം വ്യത്യസ്ഥ മുഖങ്ങൾ അണിയുന്നു. ഇതിൽ നിന്നും മോചനം കാണാതെ ഈ ഇരിപ്പിടത്തിൽനിന്നു ഞാൻ അനങ്ങുകയില്ല. (ഇരിക്കുന്നു)

കമന്ററി:- തപസ്സ്, ദരിദ്രന്റെ ഉന്നതത്തിലേയ്ക്കുള്ള നിലവിളിയാണ്. ജീവിതത്തിന്റെ ദുഃഖം ദർശിച്ച മനം മടുത്ത ശ്രീബുദ്ധൻ, B. C 5-ാം നൂററാണ്ടിൽ തപസ്സിലൂടെ മാർഗ്ഗം തിരയുന്നു. (ഫ്ളവർ ലൈററ്) നാളുകൾക്കു ശേഷം അദ്ദേഹത്തിന്റെ മനസ്സിൽ ബോധോദയം ഉണരുന്നു. കലുഷിതമായ അദ്ദേഹത്തിന്റെ മനസ്സിൽ പ്രസാദവരം- Grace mark അനുഭവവേദ്യമാകുന്നു.

ഗാനം:- ബുദ്ധം ശരണം ഗച്ഛാമി
സംഘം ശരണം ഗച്ഛാമി
ധമ്മം ശരണം ഗച്ഛാമി.

(ഗാനം നിലയ്ക്കുന്നതോടെ ഒരു സന്ന്യാസി കടന്നു വരുന്നു)

സന്ന്യാസി:– ഗുരുവേ, അല്ലയോ ഗുരുവേ,

ബുദ്ധൻ:– (കണ്ണു തുറന്നു നോക്കുന്നു. കൈകൊണ്ടു പറയാൻ ആംഗ്യം കാണിക്കുന്നു.)

സന്ന്യാസി:– നിത്യ ശാന്തി ലഭിക്കാൻ എന്തു വേണം?

ബുദ്ധൻ:– (എഴുന്നേററ്) ശാന്തി ലഭിക്കാൻ– നീ നിന്റെ തൃഷ്ണയെ നിഹനിക്കണം. ആഗ്രഹങ്ങളെ നിയന്ത്രിച്ചാൽ ദുഃഖത്തിൽ നിന്നു മുക്തി നേടാം.

സന്ന്യാസി:– അതിന് ഞാൻ എന്തുവേണം.

ബുദ്ധൻ:– അഷ്ടാംഗ മാർഗ്ഗങ്ങൾ ജീവിതത്തിൽ പകർത്തണം. അപ്പോൾ മനസ്സു ശരിയായ മാർഗ്ഗത്തിൽ സഞ്ചരിക്കും. ഇതേപ്പററി ക്രമേണ പറഞ്ഞുതരാം.

സന്ന്യാസി:– ശരണം (4)......നമസ്തേ.

കമൻററി:- അദൃശ്യനായ ഈശ്വരന്റെ പ്രസാദവരം, grace mark ലഭിച്ച ബുദ്ധൻ പിന്നീട് ഒരു വലിയ മതാചാര്യനായിത്തീരുന്നു. ലോകം മുഴവൻ ഇന്നും ബുദ്ധസൂക്തങ്ങൾ മനുഷ്യമനസ്സുകളിൽ ആശ്വാസം പകരുന്നു- "ബുദ്ധൻ ശരണം"

(ഗാനം തുടരുന്നു)

## രംഗം 4

(അരണ്ട പ്രകാശം) (തമ്പുരു മീട്ടുന്നു)

ഗാനം:– ധന്യ സഭാ ഗുരുവേ, കൃപ ചൊരിയൂ
നിത്യ ജീവ ചൈതന്യമേ, കൃപ ചൊരിയൂ
ആകാശ മണ്ഡലങ്ങൾ വാഴ്ത്തുന്നു നിന്നെ
ആഴി പരപ്പിൽ പാടുന്നു നിന്നെ

(രംഗത്ത് അൾത്താര-- ഒരു ക്രൂശിതരൂപം, ഒരു മെഴുകുതിരി എന്നിവ. ഒരു വൈദികനും കുറെ ആളുകളും നിശബ്ദരായി ധ്യാനിക്കുന്നു.)

വൈദി:– രണ്ടോ മൂന്നോ പേർ എന്റെ നാമത്തിൽ ഒന്നിച്ചുകൂടുമ്പോൾ അവരുടെ മദ്ധ്യത്തിൽ ഞാൻ ഉണ്ട് എന്നു പറഞ്ഞ

യേശുവചനം ഇവിടെയുണ്ട്— നമ്മോടൊപ്പമുണ്ട്. രണ്ടു ദിവസം നാം ഇവിടെ ആയിരുന്നു. കത്തുന്ന ഈ മെഴുകുതിരി ഒരു പാഠം നമ്മെ പഠിപ്പിക്കുന്നു. മെഴുക് ഉരുകിക്കൊണ്ടിരുന്നാലെ തിരി കെട്ടുപോകാതെ വെളിച്ചം നൽകുകയുള്ളൂ. അപ്രകാരം പ്രാർത്ഥനയും ഉപവാസവും നമ്മിൽ നിരന്തരം നിന്നാലെ നമ്മിലെ ശാന്തിയും സമാധാനവും നിലനില്ക്കുകയുള്ളു. (കുരിശിൽ കിടക്കുന്ന യേശുവിനെ ചൂണ്ടി) ഈ ക്രൂശിതനിൽ പ്രാർത്ഥനയും ഉപവാസവും നിരന്തരം നില്പുണ്ട്. (ക്രൂശിതനിൽ മാത്രം പ്രകാശം വീഴുന്നു പിൻകർട്ടൻ മാറുന്നു.)

## യേശു കുരിശ്ശിൽ

യേശു:- പിതാവേ,... ഇവർ ചെയ്യുന്നതു് ഇവർ അറിയുന്നില്ല. ഇവരോടു ക്ഷമിക്കണമേ; എനിക്കു—......ദാഹിക്കുന്നു...... എല്ലാം പൂർത്തിയായി...(ഇടിയും മിന്നലും എല്ലാം ശാന്തം.)

വൈദി:- ഓർശ്ലം തെരുവീഥിയിൽ ജനം പരിശുദ്ധൻ, പരിശുദ്ധൻ എന്നു് ആഹ്ലാദിച്ച് ഉദ്ഘോഷിച്ച യേശു, ഞാൻ ഇവനിൽ ഒരു തെററും കാണുന്നില്ല എന്നു് ഗവർണ്ണർ പീലാത്തോസ് വിധി പ്രസ്താവിച്ച യേശു മനുഷ്യവംശം മുഴവനും പരിഹാര ബലിയായി പ്രാർത്ഥനയായി നിലകൊണ്ടു. നമ്മൾക്കുവേണ്ടി നിത്യേനെ ബലിപീഠങ്ങൾ തോറും ആവർത്തിക്കുന്ന ഈ ബലിയിലും പ്രാർത്ഥനയിലും നിത്യപിതാവായ ദൈവം അങ്ങേയററം സംപ്രീതനായി അവിടത്തെ പ്രസാദവരം നിരന്തരം വർഷിക്കുന്ന വിതരണം ചെയ്യുന്നു. എന്നും ബലഹീനരായ നമ്മൾ, തെററുകൾ ആവർത്തിക്കുന്ന നമ്മൾ, വിശുദ്ധനായ ഈ യേശുവിനോടൊപ്പം ചേർന്നുള്ള ബലി ആവർത്തിക്കുമ്പോൾ ഒരിക്കലും അർഹതയില്ലാത്ത ദൈവരാജ്യത്തിലേയ്ക്കുള്ള പ്രസാദവരം— grace mark- അനുഭവവേദ്യം ആകുന്നു. നാം നിത്യരാകുന്നു, പൂർണ്ണ സൗഖ്യമുള്ളവരാകുന്നു. ഈ ക്രൂശിതനെ നമുക്കു വാഴ്ത്താം.

ഗാനം:- യേശുവേ, വരുന്നു
സത്യത്തിൻെറ മാർഗ്ഗം തേടി ഞങ്ങൾ
ദൈവരാജ്യം ഞങ്ങൾ തൻ ഭവനം
ഹല്ലേലൂയ്യാ പാടിപ്പാടി ഞങ്ങൾ

കമൻററി:– നിത്യ പിതാവായ ദൈവം അവിടത്തെ പ്രസാദവരം ഈ ക്രൂശിതനിലൂടെ മനുഷ്യവംശം മുഴുവനിലേയ്ക്കും വിതരണം ചെയ്യുന്നു. (ഈ സമയത്ത് ക്രൂശിലൂടെ ലൈററ് റണ്ണിങ്ങ് ഉണ്ടാകേണ്ടതാണ്.) യേശുവിൻെറ വലതുഭാഗത്തുള്ള കള്ളൻ ഈ grace mark ലഭിച്ച ആദ്യത്തെ വ്യക്തിയായിരിക്കും. ''നീയും ഇന്ന് എന്നോടുകൂടി പറുദീസായിലായിരിക്കും'' ഈ grace mark നമ്മൾക്കും നേടാം. (സ്റ്റേജിൽ നിറയെ grace mark എന്ന ബോർഡുകൾ നിറയുന്നു.)

ഗാനം:– ശരണം തേടും ആശ്രിതർക്കെല്ലാം
grace mark നൽകേണം.
നിസ്വന്മാക്കും ദുഃഖിതർക്കെന്നും
grace mark നൽകേണം

ശുഭം

# 1. ''മോസസ്'' പ്രവാചകൻ''

### കഥാ പ്രസംഗം

ക്രിസ്തുവിനു നൂററാണ്ടുകൾക്കു മുമ്പു നടന്ന ഒരു സംഭവത്തിന്റെ അവതരണം. അതാ — നൈൽ നദിയുടെ തീരത്ത് ഒരു നല്ല കുളി സീൻ! ഒരു രാജകുമാരിയും കുറെ തോഴിമാരും, അവർ അങ്ങനെ കുളിച്ചും, ചിരിച്ചും, പൊട്ടിച്ചിരിച്ചും, മന്ദഹസിച്ചും നില്ക്കുമ്പോൾ അതാ... അതാ ഒരു പെട്ടി മന്ദം മന്ദം ഒഴുകി വരുന്നു.

ഗാനം:— തൈകതാം·തകതം......തകതാം (3)

ഒഴുകി അടുത്തുകൊണ്ടിരിക്കുന്ന പെട്ടിയെ ചൂണ്ടി രാജകുമാരി തോഴിമാരോട് കല്പിച്ചു! ഉം... ആ പെട്ടിയിങ്ങു കൊണ്ടുവരു ! അതാ നദിയിലൊരു നീന്തൽ മത്സരം, ബട്ടർ ഫ്ളയ് സ്വിമ്മിങ്- അല്പ സമയത്തിനുശേഷം പെട്ടി രാജകുമാരിയുടെ സമക്ഷം കൊണ്ടുവന്നു. രാജകുമാരി പതുക്കെ... പതുക്കെ പെട്ടി തുറന്നു. ഹാ... ഒരു ഓമന ശിശു.

ഗാനം:— പിഞ്ചുപൈതൽ ഓമനക്കുട്ടൻ
ആരിരാരാരോ......... (2)
പുഞ്ചിരിക്കു നീ ഉമ്മ തരാം ഞാൻ
പൂ ഉടലിൽ ഉം......ഉം...... (പിഞ്ചു...)

മാലാഖയുടെ പരിശുദ്ധിയും മഴവില്ലിന്റെ മനോഹാരിതയും ഉള്ള ഈ കുഞ്ഞ് ആരുടേതാണ്· രാജകുമാരി തോഴിമാരോടു ചോദിച്ചു. ഇസ്രായേൽകാരുടേതായിരിക്കും. ഫറവോൻ രാജാവ് ഇസ്രായേൽ വംശത്തെ നശിപ്പിക്കാൻ കണ്ട കുത്സിത മാർഗ്ഗമായിരുന്നു ഇത്. ഇസ്രായേലിൽ ജനിക്കുന്ന ആൺ കുഞ്ഞുങ്ങളെ ജനിച്ച ഉടൻ കഴുത്ത് ഞെരിച്ചു കൊന്നുകളയുക. ഈ കുഞ്ഞിനെ രക്ഷിക്കാൻ, ഈ കുഞ്ഞിന്റെ മാതാപിതാക്കൾ കണ്ടെത്തിയ മാർഗ്ഗമായിരുന്നു പെട്ടിയിലാക്കി, പുഴയിലൊഴുക്കുക.

രാജകുമാരി കുട്ടിയെ കൊന്നില്ല. കൊട്ടാരത്തിൽ വളർത്താൻ തീർച്ചയാക്കി. ഉടൻ വളർത്തമ്മയെ കൊണ്ടുവരാൻ തോഴിമാരോട്

കല്പിച്ചു. അവർ വായു വേഗത്തിൽ പോയി വളർത്തമ്മയെ കൊണ്ടുവന്നു. അത് ആ കുട്ടിയുടെ അമ്മതന്നെയായിരുന്നു. ആ ശിശുവായിരുന്നു പഴയ നിയമത്തിലെ ഏററവും ശക്തനായ നേതാവ്—

ഗാനം:– മോസെസെന്നൊരു ധീരൻ
ഇസ്രായേലിൻ ധന്യൻ
ദൈവത്തിൻ അഭിഷിക്തൻ
ദൈവത്തിൻ പ്രതിപുരുഷൻ

മോസസ് ആ കൊട്ടാരത്തിൽ വളർന്നു വലിയവനായി. ഒരു ദിവസം പെട്ടെന്ന് പുറത്ത് ഒരു നിലവിളി. മോസസ് നോക്കിയപ്പോൾ ഒരു ഇസ്രായേൽക്കാരനെ ഒരു ഈജിപ്ററുകാരൻ ചാട്ടക്കിട്ട് തൊഴിക്കുകയാണ്. മോസസിന് ആ ക്രൂര വിനോദം കണ്ടുനിൽക്കാൻ ശക്തിയുണ്ടായില്ല. മോസസ് ചെന്നപാടെ ആ ഈജിപ്ററുകാരനെ ആഞ്ഞൊരു ചവിട്ടാണ്. അവൻ തൊട്ടടുത്ത ഓടയിൽ ഫിററായി. ചോരയിൽ കുളിച്ചു കിടക്കുന്ന ആ ഇസ്രായേൽക്കാരനെ തൻെറ കൈയിൽ വാരിക്കോരിയെടുത്ത് തൻെറ മേലങ്കി വലിച്ചൂരി അവൻെറ മുറിവുകൾ വച്ചുകെട്ടി ആശ്വസിപ്പിച്ചു. അന്നാണ് മോസസ് ഒരു ഇസ്രായേൽക്കാരനാണെന്ന് ഫറവോൻ രാജാവ് അറിയുന്നത്. അവനെ പിടിക്കാൻ വലിയ ഒരു സൈന്യത്തെ വിടുന്നു. ഇതറിഞ്ഞ മോസസ് മെദീന മലയിലേയ്ക്ക് ഒളിച്ചോടി അവിടെ ഒരു ആട്ടിടയൻെറ ജോലിയിൽ വ്യാപൃതനായിരിക്കുമ്പോൾ കുററിക്കാട്ടിനുള്ളിൽ ഒരു തീക്കുണ്ഡം. ഒന്നും കത്തി ചാമ്പലാകാതെ കത്തുന്ന തീ നാളം. അതിൽനിന്ന് ഒരു സ്വരം— മോസസ് (2) ഞാൻ, ഇതാ ഞാൻ, പിതാവായ അബ്രാഹത്തിൻെറയും, ഇസഹാക്കിൻെറയും ദൈവമാകുന്നു. നീ ഇസ്രായേൽക്കാരെ ഫറവോൻെറ അടിമത്തത്തിൽനിന്നും രക്ഷിച്ച് തേനും പാലും ഒഴുകുന്ന കാനാൻ ദേശത്തിലേയ്ക്കു കൊണ്ടുപോകണം.

മോസസ്; യഹോവേ, (2) ഞാൻ... ഞാൻ അശക്തനാണ്.

യഹോവ; നിൻെറ കയ്യിലിരിക്കുന്ന ആ വടി നിലത്തടിക്കുമ്പോൾ നിരവധി അത്ഭുതങ്ങൾ ഉളവാകും.

മോസസ്: അവിടുത്തെ ഇഷ്ടം.

ഗാനം:– സ്തോത്രം യഹോവേ,
നന്ദി യഹോവേ,
സ്തുതികൾ ചൊല്ലീടുന്നു ഞാൻ
നിത്യ മഹോന്നതൻ നീ

മോസസ് താൻ ഒളിച്ചോടിപ്പോന്ന ഫറവോ രാജാവിൻെറ അടുക്കൽ ധീരനായി കടന്നുചെന്ന് രാജാവിനോടപേക്ഷിച്ചു. മഹാരാജാവേ, ഇസ്രായേൽക്കാരെ ഉടൻ അടിമത്തത്തിൽ നിന്നും മോചിപ്പിക്കണം. ഇത് ഇസ്രായേൽ ദൈവത്തിൻെറ കല്പനയാണ് രാജാവ്: ഫൂ, ഇസ്രായേൽ ദൈവം. മണ്ണാംകട്ട. എങ്കിൽ ആ നിൻെറ ദൈവത്തിൻെറ ശക്തി ഒന്നു കാണട്ടെ. മോസസ് പ്രാർത്ഥിച്ച് തൻെറ വടി നിലത്തടിക്കുന്നു. ഒരു ഉഗ്രൻ സപ്പം പ്രത്യക്ഷപ്പെടുന്നു.

രാജാവ് പൊട്ടിച്ചിരിച്ചുകൊണ്ട്: ഇതാണോ നിൻെറ ദൈവത്തിൻെറ ശക്തി. കൊണ്ടുവരൂ മന്ത്രവാദിയെ, മന്ത്രവാദി വരുന്നു. ബാലാം നിൻെറ വടി സപ്പമാക്കു. മന്ത്രവാദി തൻെറ വടി സപ്പമാക്കി മാററി. രണ്ടു പാമ്പുകൾ തമ്മിൽ ഉഗ്രൻ സംഘട്ടനം. കുറച്ചു സമയത്തിനു ശേഷം രാജാവിൻെറ പാമ്പ് മയ്യത്തായിപ്പോയി. ഉം, എന്ത് ഞാൻ ഇസ്രായേൽക്കാരെ വിട്ടു തരില്ല. പിരമിഡുകൾ ആരു പണിയും കൃഷിപ്പണി ആരു നോക്കും. മോസസ് തൻെറ വടി നിലത്തിടുന്നു.

(തവള സ്വരം ഉണ്ടാക്കുന്നു.)

ഗാനം:- നാട്ടിലാകെ തവളക്കൂട്ടം നൃത്തം വെക്കുന്നു (2)
വീടുകൾ തോറും തവളകൾ തമ്മിൽ
കശപിശ കൂടുന്നു. (2)

(വീണ്ടും തവള സ്വരം ഉണ്ടാക്കുന്നു.)

ആകെ തവളകൾ, മഞ്ഞത്തവള, മരത്തവള, ചിരങ്ങൻ തവള അങ്ങനെ ആകെ തവളകൾ. ശല്യം മൂത്തപ്പോൾ ജനം അഹമഹമികയാ രാജാവിൻെറ സന്നിധിയിലേയ്ക്ക് ഓടിക്കൂടി. രാജാവേ, ഈ തവള ശല്യത്തിൽ നിന്നും ഞങ്ങളെ രക്ഷിക്കു രക്ഷിക്കു. രാജാവ് ഉടനെ മോസസിനെ ആളെ വിട്ട് വിളിപ്പിക്കുന്നു. മോസസേ, ഈ തവള ശല്യം മാററിത്തന്നാൽ നീ നിൻെറ ജനത്തെ കൊണ്ടുപൊയ്ക്കൊള്ളു. മോസസ് രാജാവിൻെറ വാക്കിൽ വിശ്വസിച്ച് ശല്യം മാററി കൊടുക്കുന്നു. ശല്യം മാറിയപ്പോൾ രാജാവിൻെറ മട്ടുമാറി, ഞാൻ അവരെ വിടില്ല. ഉടനെ അടുത്ത ബാധ. വടി നിലത്തിടുന്നു.

ഗാനം:— എങ്ങോട്ടു തിരിഞ്ഞാലും ഈച്ച...
ച്ചാ...... ച്ചാ...... ച്ചാ......
എവിടേക്ക് ചെന്നാലും ഈച്ചാ.
നാട്ടിൽ നിറയെ ഈച്ചാ.
ഈച്ചാ...... ച്ചാ........

രണ്ടായിരം തരത്തിൽപെട്ട ഈച്ചകളാണ് അവരെ ശല്യപ്പെടുത്താൻ തുടങ്ങിയത്. കടന്നലിന്റെ കുത്തേററ് പല ഈജിപ്തുകാരുടെ മുഖവും ഭീഭത്സമായിരുന്നു. ജനം ഒന്നാകെ രാജാവിന്റെ അരികെ ഓടിയെത്തി രക്ഷിക്കണേ, എന്ന ശരണ വിളിയുമായി. അപ്പോഴും രാജാവ് മോസസിനെ അഭയം തേടി. അങ്ങനെ ശല്യം വരുമ്പോൾ ജനങ്ങളെ വിടാമെന്നും ശല്യം മാറുമ്പോൾ ജനങ്ങളെ വിടില്ല എന്നുമുള്ള മർക്കടമുഷ്ടിക്കു മുന്നിൽ മോസസ് 9 ബാധകൾ പ്രവർത്തിക്കുന്നുണ്ട്. അവസാനം ഒരു പാതിരാത്രി സമയം നാട്ടിൽ കൂട്ടനിലവിളികൾ ഉയരുന്നു. രാജകൊട്ടാരത്തിലും ആ നിലവിളിയുടെ അലകൾ ഉയർന്നുപൊങ്ങി. ദൈവത്തിന്റെ ദൂതൻ ഈജിപ്തുകാരുടെ കടിഞ്ഞൂൽ പുത്രന്മാരെ മുഴവൻ അരിഞ്ഞു വീഴ്ത്തുകയാണ്. ഈ സമയത്ത് ഇസ്രായേൽക്കാർ മോസസിന്റെ നേതൃത്വത്തിൽ വാഗ്ദാന നാടിനെ ലക്ഷ്യംവെച്ച് ആ വലിയ യാത്രയ്ക്കു തുടക്കം കുറിച്ചു. ആഹ്ളാദചിത്തരായി അവർ പാടി.

ഗാനം:- ദൈവം നമ്മുടെ രാജാവ്
മോസസ് നമ്മുടെ നേതാവ് (2)
ദൈവം നൽകി വിജയമിത്
ലോകം കാണും സത്യമിത്
ദൈവം നമ്മുടെ രാജാവ്
മോസസ് നമ്മുടെ നേതാവ്

ആ വലിയ യാത്ര ചെങ്കടലിനരികെ എത്തുന്നു. ആ കടൽ കടന്നുവേണം ഈ യാത്ര തുടരാൻ. അപ്പോഴേയ്ക്കും അതാ ഫറവോനും കൂട്ടരും കുതിരപ്പുറത്ത് പാഞ്ഞു വരുന്നു (കുതിരക്കുളമ്പടി ഉണ്ടാക്കുന്നു) മോസസ് ദൈവത്തിൽ ശരണം വെച്ച് തന്റെ വടി എടുത്ത് ആർത്തിരമ്പുന്ന കടലിന്റെ നേർക്ക് ആഞ്ഞടിക്കുകയാണ്. വെള്ളം രണ്ടു ഗണമായി മാറി ഇതാ കുണ്ടും കുഴിയും അശേഷമില്ലാത്ത മനോഹരമായ റോഡ്. ഉം...

നടക്കുവിൻ! മോസസ് ജനത്തിന് ആഹ്വാനം നൽകി. ജനങ്ങൾ തിക്കിത്തുളച്ച് മുന്നോട്ട്. അവർ പാടി.

ഗാനം:- നന്ദി യഹോവേ,
സ്തോത്രം യഹോവേ,
സ്തുതികൾ ചൊല്ലുന്നിതാ
ഏഴകൾ ഞങ്ങൾ

അവരെല്ലാവരും ചെങ്കടലിനു അക്കരെ എത്തി. അപ്പോൾ ഫറവോനും കൂട്ടരും ചെങ്കടലിന് മദ്ധ്യേ എത്തിക്കഴിഞ്ഞു. ശങ്ക വെടിഞ്ഞ് മോസസ് വടി എടുത്ത് കടലിനു നേർക്ക് തിരിഞ്ഞടിക്കുന്നു. രണ്ടു ഗണമായി നിന്ന ജലം ഊക്കോടെ വന്ന് ഫറവോനേയും സൈന്യത്തേയും മുക്കിത്താഴ്ത്തി. അങ്ങനെഅവർ ''ഇസ്രായേൽ'' ദൈവത്തിൻെറ ജനം എന്ന അർത്ഥം പൂർണ്ണമായി. മോസസിൻെറ നേതൃത്വത്തിൽ അവർ വാഗ്ദാന നാട്ടിലേയ്ക്കു യാത്ര തുടർന്നു.

ഗാനം:- മോസസെന്നൊരു ധീരൻ
ഇസ്രായേലിൽ ധന്യൻ
ദൈവത്താൽ അഭിഷിക്തൻ
ദൈവത്തിൻ പ്രതിപുരുഷൻ

ശുഭം

# 2. "മിണ്ടാപ്രാണികൾ"

## കഥാപ്രസംഗം

കാഥികൻ:- സഭക്കു നമസ്കാരം. ഞാൻ അവതരിപ്പിക്കുന്ന കഥ 'മിണ്ടാപ്രാണികൾ'. സ്കൂൾ അവധിക്കാലം വന്നണഞ്ഞു് ചുണ്ടൻ ഗ്രാമത്തിലെ കുട്ടികൾ ഒത്തു കൂടി. അവരുടെ നേതാവ് സുനി. എല്ലാവരോടും

ഗാനം:-- കൂട്ടരേ, വരുവിൻ
പുത്തൻ പുത്തൻ കളികൾ കാഴ്ചവെക്കൂ (2)
കുശലം പറയാം കഥകൾ ചൊല്ലാം.
ഉത്സവത്തിൻ മേള നല്ല മേള... കൂട്ട.........

പലതരം കളികൾ രംഗത്തു വന്നു, ക്രിക്കററ്,'ബാററ്മിൻറൻ', 'നാടൻപന്തുകളി,' 'കിളിമാസ്,' 'ബോക്സിങ്ങ്,' 'ഏഡ്ബോൾ എന്നു തുടങ്ങി അത്തള പിത്തള തവളാച്ചി കളി വരെ അവിടെ അരങ്ങേറി— കളികാണാൻ മുതിർന്നവരും അവിടവിടെ പററിക്കൂടി നില്പുണ്ട്. അതിനിടയിൽ ഒരാൾ സൈക്കിളിൽ അവിടെ വന്നിറങ്ങി. അല്പനേരം കളി കണ്ടശേഷം കൈകൊട്ടി "സുനി, സുനി," അതെ സുനി ഒന്നു് ഇങ്ങോട്ടു വരൂ, സുനി ഓടിവന്നു— അയാൾ പറഞ്ഞു നിൻെറ അച്ഛൻ മരത്തിൽ നിന്നു വീണു ആശുപത്രിയിലേയ്ക്കു കൊണ്ടുപോയിരിക്കയാണ്. വേഗം സൈക്കിളിന്റ പുറകിൽ കേറൂ— സുനി കൂട്ടുകാരോട് ദേ നിങ്ങൾ കളി തുടന്നോളു ഞാൻ പിന്നെ വരാം. സുനി സൈക്കിളിന്റു പുറകിൽ കയറിപ്പോയി. കളി തുടന്നു സന്ധ്യയാകാറായപ്പോൾ മാതാപിതാക്കൾ കുട്ടികളെ തിരക്കി അവിടെ എത്തി. 'എടാ ഹമുക്കെ, നീ ഇത്രയും നേരം എബടെ ആയിരുന്നു. (അടിക്കുന്നു) അടിക്കല്ലേ ബാപ്പ, അടിക്കല്ലേ; എടാ ജോസുകുട്ടി, എന്നാ എടക്കായിരുന്നു നീ (ചെവിക്ക് പിടിക്കുന്നു) ചെവിയിൽ നിന്നും വിടൂ അമ്മച്ചി, വിടൂന്നേ; എഭ്യൻ, ശുംഭൻ, ശാപ്പാടു കഴിഞ്ഞ് നീ ഇങ്ങോട്ടു പോന്നു. (അടിക്കുന്നു) ഞാൻ ഇനി പോവില്ല അച്ഛോ.

ഗാനം:– സന്തോഷം പോയല്ലോ
സന്താപം വന്നല്ലോ
കുഞ്ഞുങ്ങൾ കരയുന്നു
വീടുകൾ തോറും (2)

കുഞ്ഞുങ്ങളുടെ കരച്ചിലിനിടയിൽ നാട്ടിൽ ഒരു ബഹളം. സുനിലിനെ കാണാനില്ല. സുനിലിനെ കാണ്മാനില്ല. (2) വീടുകൾതോറും ആ ബഹളം ഒരു കാട്ടുതീപോലെ പടരാൻ തുടങ്ങി. സുനിലിനെ കാണാനില്ല. (2) മകനെതേടി ഇറങ്ങിയ സുനിലിൻെറ അമ്മ മീനാക്ഷി വഴിയിൽ ബോധമററു വീണു— സകല അന്വേഷണ മാദ്ധ്യമങ്ങളും ഉപയോഗിച്ച്, സുനിലിനെ തേടിയെങ്കിലും അവനെ ഒരിടത്തും കണ്ടെത്തിയില്ല. അവനോടൊപ്പം കളിച്ച കുട്ടികൾക്ക് ഒന്നേ പറയാനുള്ളു. "ഒരു മനുഷ്യൻ സുനിലിനെ വിളിച്ച് എന്തോ പറഞ്ഞ ശേഷം സൈക്കിളിൽ കയററി കൊണ്ടുപോയി."

ഉണരുന്നു സാത്താന്മാർ
പകലുകൾ തോറും കൊള്ളയടിക്കും
മനുഷ്യസാത്താന്മാർ
കണ്ടതും കേട്ടതും കാണാതെ
വിഭ്രാന്തി നമ്മിലുണർത്തുന്നു
തലമുറ തോറും മായ മരീചൻ
ഭീകര രംഗങ്ങൾ തീർക്കുന്നു.

കുട്ടികളെ തട്ടിക്കൊണ്ടു പോകുക ഭയം ഉണ്ടാക്കുന്ന ഒരു വാർത്തയാണ് അന്നും, ഇന്നും, എപ്പോഴും ഇപ്പോഴും, എല്ലായിപ്പോഴും— സുനിൽ തിരിച്ചു വന്നില്ല. അതോടെ അവൻെറ അമ്മയുടെ മനസ്സ് ദുഃഖ സാഗരമായി മാറി. ദിനരാത്രങ്ങൾ ആ അമ്മ മനം നൊന്തു കരഞ്ഞു.

ഗാനം:- അമ്മയല്ലാതൊരു ദൈവമുണ്ടോ
അതിലും വലിയൊരു കോവിലുണ്ടോ
ആരും മറക്കാത്ത ത്യാഗമല്ലേ അമ്മ
കാണപ്പെടുന്ന ദൈവമല്ലേ.

കാലവൃക്ഷത്തിൽ നിന്നും ഇന്നിലയുടെ പഴുത്തിലകൾ വീണുകൊണ്ടിരുന്നു. ഇരവും പകലും എന്ന ചിറകടിച്ച് സമയം കുറെ ദൂരങ്ങൾ പിന്നിട്ടു. അങ്ങനെയിരിക്കെ അവിടത്തെ വൈസ്മാൻ ക്ലബ്ബുകാർ ഒരു ട്രിപ്പ് പ്രോഗ്രാം തയ്യാറാക്കി.

ട്രിപ്പിൻെറ ദൈർഘ്യം ഡൽഹി വരെ ആയിരുന്നു— ആ ട്രിപ്പിൽ പങ്കുചേരാൻ സുനിലിൻെറ അമ്മ മീനാക്ഷിയും അച്ഛൻ സുകുമാരനും തയ്യാറായി; പോകുന്നിടത്തെല്ലാം മകനെ തിരക്കാം എന്ന ചിന്തയാണവരെ പ്രേരിപ്പിച്ചത്. യാത്ര തുടർന്നു.

യാത്ര യാത്ര ആനന്ദവേള
യാത്ര യാത്ര ഉല്ലാസവേള
യാത്ര തുടങ്ങും ഒരു നേരം
യാത്രയടങ്ങും മറുനേരം

അങ്ങനെ അവർ മൈസൂറിൽ എത്തുന്നു. മൈസൂറിൽ വൃന്ദാവനം അവർ കണ്ടുമുട്ടുന്നു. (2)

നമ്മൾ ഒന്നായ് പൂത്തിരിയായ്
ജ്വലിക്കും വേള. പിന്നീട് അവർ എത്തിയത്
ഹിപ്പികളുടെ നഗരം ലഹരിക്കപ്പികളുടെ നഗരം
സ്വർഗ്ഗം തിരയും സ്വർഗ്ഗം തേടും
സ്വപ്നാടകരുടെ ലോകം...
ലാ......ല.........

ലോകത്തിലെ ഏററവും വലിയ മയക്കുമരുന്നു കള്ളക്കടത്തുകേന്ദ്രം നമ്മുടെ ബോംബെ പട്ടണം. എവിടെയും കാഴ്ച, എവിടെയും ലഹരികൾ എവിടെയും പരിഷ്ക്കാരങ്ങൾ, സകല വേഷഭൂഷാദികളും, വർണ്ണപ്പൊലിമയും കൊണ്ടുള്ള ഒരു മായാലോകം; വലിയ സമ്പന്നരുടെ ലോകം പരമ ദരിദ്രരുടെ ലോകം! കാഴ്ചകണ്ടുകൊണ്ട് പോകവേ, ഒരു പയ്യൻ ഞൊണ്ടി, ഞൊണ്ടി വന്നു. (ആംഗ്യം)

കൈ നീട്ടുന്നു. ഈ ലോകത്തിൻ
യാചകൻ, യാചകൻ, യാചകൻ ഞാനെന്നും
തിരയുന്നു ഞാൻ, കരയുന്നു ഞാൻ
യാചകൻ.........

വിഷാദമൂകയായിരുന്ന മീനാക്ഷി ആ കുട്ടിയെ ശ്രദ്ധിച്ചു. 5 രൂപ അവൻെറ കൈയ്യിൽ വെച്ചുകൊടുത്തു. കുട്ടിയുടെ പേരു പറയാമോ (ആംഗ്യം കാണിക്കുന്നു) ഇവിടെ ആരുമില്ല. ആ കുട്ടി പതുക്കെ അങ്ങോട്ടുമിങ്ങോട്ടും നോക്കി പറഞ്ഞു ''സുനി''! മോനെ, മീനാക്ഷി അവനെ വാരിയെടുത്തു. ട്രിപ്പിലെ എല്ലാവരും ഓടിക്കൂടി — സുനിൽ പേടിച്ചു പേടിക്കണ്ട ഇവരെല്ലാം നമ്മുടെ ആൾക്കാരാണ്. അവനെ എല്ലാവരും ചേർന്ന് യാത്രാബസിൽ എത്തിച്ചു. ഉണ്ടായ വിവരം ചോദിച്ചു. അവൻ പറഞ്ഞു. ഒരു മനുഷ്യൻ എനിക്ക് ഒരു മിഠായി തന്നു. ഞാനതു തിന്നു. അദ്ദേഹം എന്നെ തീ

വണ്ടിയിൽ കയററി ഇവിടെ എത്തിച്ചു. ഉടനെ കാറിൽ തടിച്ച് വലിയ മീശയുള്ള ഒരു ദാദാ അവിടെ വന്നു – അദ്ദേഹം കുറെ പണം എന്നെ കൊണ്ടുവന്ന ആ മനുഷ്യനു കൊടുത്തു. അദ്ദേഹം അതു വാങ്ങി, നടന്നുപോയി – പിന്നെ കണ്ടില്ല. ആ ദാദ എന്നെ ഭിക്ഷ യാചിക്കാനയച്ചു. പണം ദാദക്കു കൊടുക്കണം. എന്നെപ്പോലെ കുറെ കുട്ടികൾ അദ്ദേഹത്തിനുണ്ട്. ഒരു ദിവസം എനിക്കു ഭിക്ഷ യാചിച്ച് ഒന്നും കിട്ടിയില്ല. അന്ന് അദ്ദേഹം എൻെറ കാലിൽ ആഞ്ഞടിച്ചു. എൻെറ കാൽ ഒടിഞ്ഞു. ഞാൻ ഒരു ഞൊണ്ടിയായി. സിഗരററു വച്ച് ദേഹമാസകലം എന്നെ പൊള്ളിച്ചു. അയ്യോ ദാദ ഇവിടെയും വരുമോ ? അദ്ദേഹം ഇടക്കിടെ കാറിൽ വരും. ഭിക്ഷ യാചിച്ച കാശു വാങ്ങാൻ. 'എന്തൊരു ക്രൂരത'

മാതാപിതാക്കളെ, ലോകമേ, എന്നെപ്പോലെ നിരവധി പേർ ഇവിടെയുണ്ട്. മദ്യവും മയക്കുമരുന്നും കഴിക്കുന്നവരുടെ ശല്യം കാരണം വീട്ടിൽ ഞങ്ങൾക്ക് ഉറക്കമില്ല, ശാന്തിയില്ല. പഠനം, പഠനം എന്നു പറഞ്ഞ് ഞങ്ങളെ സദാനേരം വീർപ്പു മുട്ടിക്കുന്നു. ഇവിടെ കുഞ്ഞുങ്ങൾ കഠിനമായ പീഡനങ്ങൾക്കു ബലിയാടുകളാണ്. ഞങ്ങൾ 'മിണ്ടാപ്രാണികൾ' മാത്രം.

ഗാനം:– കുഞ്ഞുങ്ങൾ ഞങ്ങൾ ചോദിച്ചിടുന്നു
ജീവിതം ഞങ്ങൾക്കില്ലേ (2)
ഭാരം ചുമന്നും പീഡ സഹിച്ചും
ഞങ്ങൾ തകർന്നീടുന്നു.
ആഹാരമില്ല, സ്വാസ്ഥതയില്ല
ഞങ്ങൾക്കുറക്കമില്ല.
കുഞ്ഞുങ്ങൾ ഞങ്ങൾ.........

ജയ്ഹിന്ദ്

DHARMARAM LIBRARY

BANGALORE-560 029

| Due Date | Due Date | Due Date |
|---|---|---|
| 5 JUL 1996 | | |
| 2 NOV 1996 | | |
| 26 NOV 1996 | | |
| 27 JUL 2001 | | |
| 8 MAR 2002 | | |
| 3 AUG 2007 | | |
| 27/08/12 | | |
| 12/03/12 | | |

DC Library
*00061396*
T62.1 V24

**റാഫേൽ വല്ലച്ചിറ**



പ്രപഞ്ചം മുഴുവനും ദൈവ വചനത്തിന്റെ വാസ സ്ഥലമാണ് — ഞാനും നീയും അവനും വചനം മാംസമെടുത്ത അവതാര പുരുഷന്മാരാണ്. ഈ അവതാര പുരുഷന്മാരെയാണ് എന്റെ കലാസൃഷ്ടിയിലൂടെ അവതരിപ്പിച്ചിരിക്കുന്നതു്. യേശുവിൽ ദൈവവചനം പൂർണരൂപത്തിൽ ദൃശ്യമാണ്. അപൂർണ്ണരായ നാം പൂർണ്ണതയിലേക്കു വന്നു ചേരാൻ യേശുവിന്റെ സഹായം കൂടിയേ തീരൂ — ഈ പുസ്തകത്തിലെ കഥാപുരുഷന്മാരെല്ലാം ഈ പൂർണ്ണതയ്ക്കുവേണ്ടി നിലകൊള്ളുന്നു.



# ‘[illegible]ന്റെ പ്രകടനങ്ങൾ’

റാഫേൽ വല്ലച്ചിറ

T62:1
V24